# സത്യദൂതൻ

2021 ഡിസംബർ | ലക്കം 12

വില ₹ 30



## യേശു തിരിച്ചു വരികയാണെങ്കിൽ

## ആരായിരുന്നു മഗ്ദലന മറിയം?

## എല്ലാ മതങ്ങളിലും ഹലാൽ ഹറാം ഭക്ഷണ സങ്കൽപ്പമുണ്ട്

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2021 ഡിസംബർ
ഹി.ശ.1401- ഫത്ഹ്
1443 റബീഉൽ ആഖിർ - ജ. അവ്വൽ
പുസ്തകം 93 ലക്കം 12
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**



**7**
ഖുത്ബ സംഗ്രഹം
**ഹദ്റത്ത് ഉമർ (റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 നവംബർ 11-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**യേശു തിരിച്ചു വരികയാണെങ്കിൽ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**15**
**മഗ്ദലന മറിയം: ആരായിരുന്നു മഗ്ദലന മറിയം?**
എ.എം. മുഹമ്മദ് സലീം

**20**
സമുദ്രശാസ്ത്രം - 6
**സമുദ്രത്തിലെ വിഭവങ്ങൾ**
എ.എം. മുഹമ്മദ് സലീം

**26**
ഭാഗം - 22
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**32**
**യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും**
അബൂ റിസ്‌വാൻ

**40**
കുറിപ്പുകൾ
**എല്ലാ മതങ്ങളിലും ഹലാൽ ഹറാം ഭക്ഷണ സങ്കൽപ്പമുണ്ട്**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നു പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന്നു വേണ്ടിയാണ് (ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്). അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ വായയിൽ നിന്നും വരുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല. (18:5,6)



## നബിവചനം

ഇസബ്നു മറിയം 120 വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ടായിരുന്നുവെന്ന് ജിബ്രീൽ എന്നെ അറിയിച്ചിരിക്കുന്നു. (കൻസുൽ ഉമ്മാൽ വാല്യം 6 ഭാ. 120) ഹുജ്ജുൽ കിറാമ ഭാ. 428 ജലാലൈൻ മുജതബായി)

## വാഗ്ദത്ത മസീഹിന്റെ വചനം



ഹദ്റത്ത് ഈസാ(അ)ന്റെ ജനനം അദ്ദേഹത്തിന്റെ ദൈവത്വം സ്ഥാപിക്കാൻ പര്യാപ്തമല്ല. വിശുദ്ധ ഖുർആനും ഇഞ്ചീലും ഹദ്റത്ത് ഈസാ(അ)ന്റേയും യഹ്‌യയുടേയും ജനന വിവരണം ഒരുമിച്ചാണ് കൊടുത്തിരിക്കുന്നത്. അത് രണ്ടും അത്ഭുതമാണെങ്കിൽ തന്നെയും അതിലൂടെ അദ്ദേഹത്തിന്റെ ദൈവത്വം സ്ഥാപിതമാകുന്നില്ലെന്ന് അനുവാചകൻ മനസ്സിലാക്കുന്നതിനു വേണ്ടിയാണിത്....

ഈ എല്ലാ ഗവേഷണങ്ങളിൽ നിന്നും തെളിയുന്നത്, ഈസാ(അ)ന്റെ ഏതെങ്കിലും മുഅ്ജിസയോ ജനനമോ അദ്ദേഹത്തിന്റെ ദൈവത്വം തെളിയിക്കാൻ സാദ്ധ്യമായ അത്ഭുതമല്ലെന്നാണ്. ഈ കാര്യം വ്യക്തമാക്കുന്നതിനു വേണ്ടിത്തന്നെയാണ് മസീഹിന്റെ ജനന വിവരണത്തോടൊപ്പം യഹ്‌യയുടെ ജനനത്തെ പറ്റിയും വിവരിച്ചിരിക്കുന്നത്. യഹ്‌യയുടെ അത്ഭുതകരമായ ജനനം അദ്ദേഹത്തെ മനുഷ്യൻ എന്ന അവസ്ഥയിൽ നിന്ന് പുറത്താക്കാത്തതു പോലെ മസീഹ് ബിനു മർയമിന്റെ ജനനം അദ്ദേഹത്തെ ദൈവമാക്കുന്നില്ല. യോഹന്നാന്റെ ജനനം ഹദ്റത്ത് ഈസാ(അ)ന്റെ ജനനത്തേക്കാളും കുറഞ്ഞതോതിലുള്ള മുഅ്ജിസ അല്ലായിരുന്നു. മറിച്ച് ഹദ്റത്ത് ഈസാ(അ)ൽ പിതാവിന്റെ ഭാഗം മാത്രമാണ് അഭൗമികമായിട്ടുള്ളത്. ഹദ്റത്ത് യഹ്‌യ(അ)ൽ മാതാവിന്റേയും പിതാവിന്റേയും അതായത് രണ്ട് ഭാഗവും അഭൗമികമാണ്. അതോടൊപ്പം ഹദ്റത്ത് യഹ്‌യയുടെ ജനനമെന്ന അടയാളം സ്വച്ഛവുമാണ്. കാരണം അദ്ദേഹത്തിന്റെ മാതാവിനു മേൽ അവർ വന്ധ്യായിരുന്നതു കൊണ്ട് അവിഹിത ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ല. ആരോപണത്തിന് ഒരു സാഹചര്യവും ഇല്ലായിരുന്നു. എന്നാൽ ഹദ്റത്ത് മർയമിനു മേൽ ആരോപണം ഉന്നയിക്കപ്പെട്ടു. ആ ആരോപണം ഹദ്റത്ത് ഈസാ(അ)ന്റെ ജനനമെന്ന അത്ഭുതത്തെ മറമാടുന്നു. (നസീമെ ദഅ്വത്ത്, റൂഹാനി ഖസാഇൻ)

എഡിറ്റോറിയൽ

# രക്ഷകൻ ആകാശത്ത് നിന്നും വരില്ല. സത്യം തിരിച്ചറിയാൻ നേരമായി.


മാനവരാശിയെ അധർമ്മത്തിൽ നിന്നും രക്ഷിക്കാൻ യേശു എന്ന് ക്രിസ്ത്യാനികളും ഈസാനബി (അ) എന്ന് മുസ്ലിംകളിൽ ബഹുഭൂരിപക്ഷവും വിശ്വസിക്കുന്ന ആൾ ആകാശത്ത് നിന്നും ഇറങ്ങി വരുമോ? ലോകത്തെ ധർമ്മച്യുതിയിൽ നിന്നും രക്ഷിക്കാൻ മതങ്ങൾ ഒരുക്കിയ ഈ ആകാശനാടകത്തിന്റെ അരങ്ങേറ്റം പ്രതീക്ഷിച്ചാണ് 240 കോടി ക്രിസ്ത്യാനികളും(ലോക ജനസംഖ്യയുടെ 33 %) 180 കോടി മുസ്ലിംകളും (24%) കാത്തിരിക്കുന്നത്. ഇതല്ലാതെ മറ്റൊരു ദൈവിക പദ്ധതിയും മനുഷ്യമഹാ വീണ്ടെടുപ്പിന് ഈ രണ്ടു മഹാമതങ്ങൾക്കുമില്ല. പ്രതീക്ഷിക്കുന്ന വിണ്ടെടുപ്പുകാരൻ വന്നാൽ ഏത് മതക്കാരുടെ പക്ഷം ചേരും എന്നതും ആശയകുഴപ്പമുണ്ടാക്കുന്ന വിഷയമാണ്. അത്രക്ക് സാമ്യമുണ്ട് ഇരു വിശ്വാസങ്ങൾക്കും. യുഗാന്ത്യ സംഭവങ്ങളുടെ അത്ഭുതകരമായ അടയാളങ്ങൾ സമേതമായിരിക്കും അദ്ദേഹം അവരോഹിതനാവുക എന്ന് ഈ രണ്ട് മതങ്ങളിലേയും ബഹു ഭൂരിപക്ഷം പേരും വിശ്വസിക്കുന്നു. വാസ്തവത്തിൽ ക്രിസ്ത്യാനികളിൽ നിന്ന് മുസ്ലിംകളിലേക്ക് സംക്രമിച്ചതാണ് ഈ വിശ്വാസം.

ക്രിസ്ത്യാനികളുടെ ബൈബിളിൽ പൗലൂസ് തന്റെ ലേഖനങ്ങളിൽ സ്നാനത്തെക്കുറിച്ച് 13 പ്രാവശ്യമേ പറഞ്ഞിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മടങ്ങിവരവിനെ പറ്റി 50ൽ പരം പ്രാവശ്യം എഴുതിയിട്ടുണ്ട്. ബൈബിളിലെ ഓരോ 25 വാക്യത്തിലും ഒരു വാക്യം എന്ന അനുപാതത്തിൽ ക്രിസ്തുവിന്റെ മടങ്ങി വരവിനെ പറ്റി പറഞ്ഞിരിക്കുന്നു. കേവലം 266 പേജും 260 അദ്ധ്യായങ്ങളുമുള്ള ബൈബിൾ പുതിയ നിയമത്തിൽ 38 പ്രാവശ്യം ക്രിസ്തുവിന്റെ മടങ്ങി വരവിനെ പറ്റി പറഞ്ഞിട്ടുണ്ട്. ഒന്നാം വരവിനെ കുറിച്ച് പറഞ്ഞതിന്റെ എട്ടിരട്ടിയാണ് രണ്ടാം വരവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. യേശു എന്ന് വിളിക്കപ്പെടുന്ന ഈസാ നബി (അ) അവസാന നാളിന്റെ അടയാളമായി ആകാശത്ത് നിന്നും ഇറങ്ങി വരുമെന്ന് മുസ്ലിം ബഹുഭൂരിപക്ഷവും വിശ്വസിക്കുന്നു. ഇസ്ലാമിന്റെ പുനരുജ്ജീവനത്തിന്നായി അവസാന കാലത്ത് അല്ലാഹു ഏർപ്പെടുത്തിയ ഒരേയൊരു ദൈവികപുനരുജ്ജീവന പദ്ധതി ഈസാ മസീഹിന്റെ ആഗമനത്തിലൂടെയാണ് സംഭവിക്കേണ്ടത് എന്നാണ് ക്രിസ്ത്യാനികളെപോലെ മുസ്ലിം ഭൂരിപക്ഷവും വിശ്വസിക്കുന്നത്. ഇന്ന് കാണുന്ന സംഘടനകളിലൂടെയല്ല അത് നിറവേറ്റപ്പെടേണ്ടത്. സംഘടനകളെ പറ്റി റസൂൽ തിരുമേനി (സ) പറഞ്ഞത് എന്റെ സമുദായം 74 സംഘങ്ങളായി പിരിയുമെന്നും അതിൽ ഞാനും എന്റെ അനുചരന്മാരും ഉള്ളനിലയിൽ വർത്തിക്കുന്ന ഒരു കക്ഷിയൊഴികെ ബാക്കിയെല്ലാം നരകത്തിലാണെണുമാണ്. നൂറ്റാണ്ടുകളായി മുസ്ലിം വിജ്ഞാന സദസ്സുകളിലും ക്രിസ്ത്യൻ സുവിശേഷങ്ങളിലും പറയപ്പെട്ടുകൊണ്ടിരുന്ന യേശുവിന്റെ രണ്ടാംവരവിന്റെ വിശ്വാസത്തിന്റെ വിവക്ഷയും യഥാർത്ഥ്യവും നാം തിരിച്ചറിയണം.

വാസ്തവത്തിൽ യേശുവിന്ന് സംഭവിച്ചതെന്താണ്? യേശു ആകാശത്ത് കയറിപ്പോയി അവിടെ വസിക്കുന്നുണ്ടോ? അവസാന നാളിൽ അദ്ദേഹം വിശ്വാസികളെ മോചിപ്പിക്കാൻ ഭൂമിയിലേക്ക് ഇറങ്ങി വരുമോ? വിശുദ്ധ ഖുർആനും മുഹമ്മദ് നബി (സ) വചനങ്ങളും ഈ വിശ്വാസത്തെ ഖണ്ഡിക്കുന്നു. സാധാരണ എല്ലാ പ്രവാചകന്മാരും മരിച്ചത് പോലെ ഈസാനബി (അ) യും മരിച്ചു പോയി എന്ന വ്യക്തമായി പറഞ്ഞിട്ടും മുസ്ലിം സമുദായത്തെ ഈ ക്രിസ്തീയ വിശ്വാസം ഗ്രസിച്ചിരിക്കുകയാണ്. ബൈബിളിന്റെ സൂക്ഷ്മ വായനയും ചരിത്രവും ശാസ്ത്രവും യേശു ദിവംഗതനായ യാഥാർത്ഥ്യം വെളിപ്പെടുത്തിക്കഴിഞ്ഞു. നാം അന്വേഷിക്കാതെ ഒരു സത്യവും കണ്ടെത്തുകയില്ല. യേശു പറഞ്ഞത് പോലെ **'ചോദിക്കുക നിങ്ങൾക്ക് ലഭിക്കും. അന്വേഷിക്കുക നിങ്ങൾ കണ്ടെത്തും മുട്ടുക നിങ്ങൾക്ക് തുറന്നു കിട്ടും' (മത്തായി 7:7)**

യേശു കുരിശിൽ തറക്കപ്പെട്ടുവെങ്കിലും കുരിശ് പീഢനത്തെ ദൈവ സഹായത്താൽ അദ്ദേഹം അതിജീവിച്ചു. അതിന് ശേഷം പുരാതനകാലത്ത് ചിതറിതെറിച്ച് കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെ തേടി കശ്മീരിലെത്തിയ യേശു അവിടെ വെച്ച് ദിവംഗതനാവുകയാണുണ്ടായത്. ഈ മഹാ സത്യത്തിന് മൂർത്ത സാക്ഷ്യമായി അദ്ദേഹത്തിന്റെ കബറിടം അവിടെയുണ്ട്.

അവസാന കാലത്ത് വിശ്വാസികളുടെ ആത്മീയ മോചനത്തിന്ന് ദൈവം അയക്കുമെന്ന് യേശുവിനോട് സാദൃശ്യപ്പെടുത്തി പറഞ്ഞ മസീഹ് ഹദ്റത്ത് അഹ്മദ്(അ) നെ ദൈവം യഥാകാലം അയച്ചു. എല്ലാ പ്രവചനങ്ങളും അദ്ദേഹത്തിൽ പൂർത്തിയായിരിക്കുന്നു. നിറം പിടിപ്പിച്ച മിഥ്യാ പ്രതീക്ഷകളുമായി മിശിഹായെ കാത്തിരുന്ന യഹൂദർക്ക് മുമ്പിൽ നിസ്വനായി സത്യസമേതം വന്നുനിന്ന യേശു(അ) വിനെ അവർ നിരാകരിച്ചു, പീഢിപ്പിച്ചു. ഈ അബദ്ധം വിശ്വാസികൾക്ക് പിണയാൻ പാടില്ല. നമുക്കിടയിൽ വന്ന മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ നിരാകരിക്കാതെ പ്രമാണത്തിന്റെയും നേർബുദ്ധിയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് സ്വീകരിച്ച് ആത്മീയ മോചനമാർഗ്ഗത്തിൽ അണിചേരുക.



ഹദ്റത്ത് അഹ്മദ് (അ)

# യേശുവിനെ സംബന്ധിച്ച അയുക്തിക വിശ്വാസങ്ങൾ

ഹാ കഷ്ടം! മനുഷ്യൻ ഒരു സംഗതി പറഞ്ഞു പോകുകയോ ഏതെങ്കിലുമൊരു വിശ്വാസ സിദ്ധാന്തം കൈകൊള്ളുകയോ ചെയ്തു കഴിഞ്ഞാൽ പിന്നെ ആ സംഗതിയുടെ നേരെയോ ആ സിദ്ധാന്തത്തിന്റെ യുക്തിഭംഗവും നിരർത്ഥകതയും എത്ര തന്നെ വെളിപ്പെട്ടാലും അതിനെ കൈവെടിയാൻ കൂട്ടാക്കാറില്ല. ഈ നില എത്ര തന്നെ ശോചനനീയമായിട്ടുള്ളതാണ്. മോക്ഷപ്രാപ്തിക്കുള്ള അഭിലാഷം സത്യത്തിന്നു മേൽ അധിഷ്ഠിതമാണെങ്കിൽ അതു ശ്ലാഘ്യം തന്നെ. എന്നാൽ സത്യപ്രവാചകനായ ഒരു പാവനാത്മാവിന് ദൈവവുമായുള്ള ബന്ധം അറ്റുപോകത്തക്ക അന്യഥാത്വം സംഭവിച്ച് ഏകാഗ്ര ഭക്തിക്കും വിശ്വാസത്തിനും നിഷ്ഠക്കും ഭംഗകരമാകാം വിധം അദ്ദേഹത്തിന്നും ദൈവവുമായി അന്യാഥാത്വവും വിരഹവും വിരാഗവും സംജാതമായി അദ്ദേഹത്തിന്റെ ഹൃദയം ദൈവാനുരാഗപ്രഭയ്ക്കു പകരം തമോഭാവത്തിന്റെ ഇരിപ്പിടമായിത്തീർന്നുവെന്നു പറയുന്നതിന്ന് തുല്യമായ തരത്തിലുള്ള ഈ വിശ്വസ സിദ്ധാന്തത്തെ കൈകൊള്ളുകയും അങ്ങനെ ഒരു സത്യത്തെ അറുകൊല ചെയ്യുകയും ചെയ്തുകൊണ്ടുള്ള മോക്ഷാഭിലാഷത്തിന്ന് എന്ത് അർത്ഥമാണുള്ളത്?

തന്നെയുമല്ല. ഈ വിശ്വാസ സിദ്ധാന്തം യേശു മശീഹായുടെ ദിവ്യമായ പ്രവാചക ദൗത്യത്തിന്ന് സുവിശേഷത്തിൽ ഉടനീളം അദ്ദേഹം അവകാശപ്പെട്ടു കാണുന്ന തന്റെ ശ്രേഷ്ഠതക്കും ദൈവപ്രേമത്തിലും ദിവ്യജ്ഞാന ലബ്ദിക്കുമെല്ലാം കടക വിരുദ്ധമായിരിക്കുന്നതാണ്. താൻ ലോകത്തിന്റെ പ്രദീപമാണെന്നും സത്യ മാർഗ്ഗദർശകനാണെന്നും തനിക്കു ദൈവവുമായി അത്യുൽക്കൃഷ്ടമായ തരത്തിലുള്ള പാവനമായൊരു സ്നേഹ ബന്ധമുണ്ടെന്നും താൻ അവങ്കൽ പാവന ജന്മം പ്രാപിച്ചിരിക്കുന്നുവെന്നും അവന്റെ പ്രിയപുത്രനാണെന്നുമെല്ലാം അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്ന ഏവർക്കും സ്പഷ്ടമായി കാണാവുന്നതാണ്. ഇങ്ങനെ അദ്ദേഹത്തിന് ദൈവവുമായി അവിഭാജ്യമായ ഒരു പാവന പ്രേമബന്ധം നിലനിന്നിരിക്കേ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശാപ സംബന്ധിയായ അശുദ്ധാർത്ഥം സാക്ഷാത്ഭവിക്കുന്നതെങ്ങനെ? ഇതു ഒരിക്കലും സംഭവ്യമല്ല തന്നെ. ആകയാൽ അദ്ദേഹത്തെ കുരിശിച്ചു കൊന്നിട്ടില്ല എന്നത് തെളിഞ്ഞ ഒരു വസ്തുതയാണ്. അതായത് കുരിശിന്മേൽ തറക്കപ്പെട്ടുവെങ്കിലും അദ്ദേഹം അതിന്മേൽ മരിച്ചിരിന്നില്ല. എന്തെന്നാൽ കുരിശീകരണത്തിന്റെ ഫലത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രയും ഉപരിയായിട്ടുള്ളതത്രെ ഇങ്ങനെ അദ്ദേഹം കുരിശിൽ മരിച്ചിരുന്നില്ല എന്ന് വരുമ്പോൾ ശാപത്തിന്റെ അശുദ്ധമായ അപവിത്രവുമായ ഫലത്തിലും സാഹചര്യത്തിലും നിന്ന് സന്ദേഹമന്യെ അദ്ദേഹത്തിന്റെ ഹൃദയം നിർബാധം സുരക്ഷിതവുമാക്കപ്പെട്ടിരിക്കുന്നു എന്നു സിദ്ധിക്കുന്നു. ഇതിൽ നിന്നും അദ്ദേഹം ആകാശത്തേക്ക് കരേറിപ്പോയിട്ടില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആകാശാരോഹണ സങ്കൽപ്പം കുരിശീകരണ പദ്ധതിയുടെ ഒരു ഘടകവും ശാഖയുമത്രെ. അതിനാൽ അദ്ദേഹം ശാപഗ്രസ്തനല്ലെന്നും മൂന്ന് ദിവസം നരകത്തിലിരുന്നില്ലെന്നും മരത്തിന്മേൽ തൂങ്ങി മരിച്ചിട്ടില്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെവശമായ ആകാശാരേഹണവും അവാസ്തവമാണെന്ന് സിദ്ധിച്ചു. ഇതിലേക്ക് സുവിശേഷത്തിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. ***(മസീഹ് ഹിന്ദുസ്ഥാൻ മെ)***

അമീറുല്‍ മുഅ്മിനീന്‍ ഖലീഫത്തുല്‍ മസീഹ് ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ് (അയ്യദഹു..) 2021 നവംബര്‍ 11-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കില്‍ നിര്‍വഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് ഉമര്‍ (റ)ന്റെ സ്തുത്യര്‍ഹമായ ഗുണവിശേഷങ്ങള്‍




**ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് ഹഫ്സ(റ) ഒരിക്കല്‍ തന്റെ പിതാവായ ഹദ്റത്ത് ഉമര്‍(റ)നോട് പറഞ്ഞു: അല്ലാഹു താങ്കള്‍ക്ക് ഉപജീവന മാര്‍ഗങ്ങള്‍ വിശാലമാക്കി തന്നിരിക്കുന്നു. വിജയങ്ങളും നല്‍കി. യഥേഷ്ടം സമ്പത്തും നല്‍കിയിരിക്കുന്നു. എന്നിട്ടും താങ്കള്‍ എന്തുകൊണ്ടാണ് മാര്‍ദവമുള്ള ഭക്ഷണം കഴിക്കാത്തത്. എന്തുകൊണ്ടാണ് താങ്കള്‍ മാര്‍ദവമുള്ള വസ്ത്രം ധരിക്കാത്തത്? ഹദ്റത്ത് ഉമര്‍(റ) പറഞ്ഞു: എനിക്ക് കഴിയുന്നിടത്തോളം ഞാന്‍ റസൂലുല്ലാഹി(സ)ന്റെയും അബൂബക്കര്‍(റ)ന്റെയും ജീവിതത്തിലെ പ്രയാസങ്ങളില്‍ ഭാഗഭാക്കാകുന്നതാണ്. ഒരുപക്ഷേ അവര്‍ ഇരുവരുടെയും സൗഖ്യ ജീവിതത്തിലും ഭാഗഭാക്കായേക്കാം.

ഹദ്റത്ത് ഇക്രിമ ബിന്‍ ഖാലിദ് (റ) വിവരിക്കുന്നു: മറ്റു ചിലരും ഹദ്റത്ത് ഉമര്‍(റ) നോട് പറഞ്ഞു: അങ്ങ് കുറച്ചു കൂടി നല്ല ഭക്ഷണം കഴിക്കുകയാണെങ്കില്‍ സത്യത്തിന് വേണ്ടിയുള്ള പ്രവര്‍ത്തനത്തില്‍ അങ്ങ് കുറേക്കൂടി ശക്തനാകുന്നതാണ്. ഹദ്റത്ത് ഉമര്‍(റ) പറഞ്ഞു: ഞാന്‍ നബി(സ) ന്റെയും അബൂബക്കര്‍(റ)ന്റെയും മാര്‍ഗം ഉപേക്ഷിക്കുകയാണെങ്കില്‍ എനിക്ക് അവര്‍ രണ്ട് പേരെയും ലക്ഷ്യസ്ഥാനത്ത് വെച്ച് കണ്ടുമുട്ടാന്‍ കഴിയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: വിപത്തിന്റെ സമയത്ത് ഒന്നിലധികം കറികള്‍ ഉപയോഗിക്കരുതെന്ന നിര്‍ദേശം നബി(സ) നല്‍കിയിരുന്നു. ഒരിക്കല്‍ ഉമര്‍(റ)ന്റെ മുമ്പില്‍ സ്വര്‍ക്കയും, ഉപ്പും വെച്ചപ്പോള്‍ രണ്ട് കറി എന്തിനാണ് വെച്ചതെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. വാസ്തവത്തില്‍ നബി(സ) യോടുള്ള ഉമര്‍(റ)ന്റെ അതിരറ്റ സ്നേഹത്തിന്റെ ഉദാഹരണമാണിത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വും തഹ്‌രീക് ജദീദിന്റെ വിളംബരം നടത്തിയപ്പോള്‍ ജമാഅത്ത് അംഗങ്ങള്‍ തങ്ങളുടെ ചെലവുകള്‍ ചുരുക്കി ചന്ദഃ നല്‍കുന്നതിനുവേണ്ടി ഇന്ന് മുതല്‍ ഓരോരുത്തരും ഒരു കറി ഉപയോഗിക്കുകയുള്ളൂ എന്ന് തീരുമാനമെടുക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഇന്ന്

അവസ്ഥകൾ വ്യത്യസ്തമാണ് അതുകൊണ്ട് ഈ നിബന്ധന ഇല്ല. എങ്കിലും അമിതവ്യയം പാടുള്ളതല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ആരെങ്കിലും അബ്ദുറഹ്മാൻ അഥവാ അല്ലാഹുവിന്റെ ദാസൻ ആകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ തന്റെ സമ്പത്ത് ചെലവഴിക്കുമ്പോൾ രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഒന്ന് തന്റെ സമ്പത്തിൽ അമിതവ്യയം അരുത്. രണ്ട് അയാളുടെ ഭക്ഷണം ശക്തിയും ബലവും, ശരീരത്തെ നിലനിർത്തുന്നതിനു വേണ്ടിയും വസ്ത്രം ധരിക്കുന്നത് ശരീരം മറക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയും ആയിരിക്കണം. ഒരിക്കൽ ഹദ്റത്ത് ഉമർ ശാമിലേക്ക് പോയി. അവിടെ ചിലർ പട്ടു വസ്ത്രം ധരിച്ചിരിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം അനിഷ്ടം പ്രകടിപ്പിക്കുകയുണ്ടായി. അപ്പോൾ അവരിൽ ഒരു സ്വഹാബി ആ വസ്ത്രത്തിനടിയിൽ ധരിച്ചിരിക്കുന്ന കട്ടിയുള്ള പരുക്കൻ പരുത്തി വസ്ത്രം കാണിച്ചു കൊണ്ട് പറഞ്ഞു: ഞങ്ങൾ പട്ടു വസ്ത്രം ധരിക്കുന്നത് ഞങ്ങൾക്ക് ഇഷ്ടമായത് കൊണ്ടല്ല മറിച്ച് രാഷ്ട്രീയപരമായ കാരണങ്ങൾ കൊണ്ടാണ് അത് മാറ്റിയത്. ഇവിടെയുള്ളവർ പ്രൗഢിയിൽ കഴിയുന്ന നേതാക്കന്മാരെയാണ് ചെറുപ്പം മുതൽ കണ്ടു ശീലിച്ചിരിക്കുന്നത്.

ഹദ്റത്ത് ഉമർ(റ) പ്രകടനപരതക്കും, വസ്ത്രങ്ങളിലെ ആഢ്യത്വത്തിനും എത്രത്തോളം എതിരായിരുന്നുവെന്നാൽ പരാജിതരായ ശത്രുക്കൾ അത്തരത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചു മുന്നിൽ വരുന്നത് പോലും ഇഷ്ടപ്പെട്ടിരുന്നില്ല. തുസ്തർ വിജയ സമയത്ത് പേർഷ്യൻ സൈന്യാധിപനായിരുന്ന ഹുർമുസാനെ പട്ടുവസ്ത്രം ധരിപ്പിച്ചു ഉമർ(റ)ന്റെ മുന്നിൽ കൊണ്ടു വന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ഞാൻ തീയിൽ നിന്നും അല്ലാഹുവിൽ അഭയം തേടുന്നു. അയാളുടെ മിനുമിനുത്ത വസ്ത്രവും ആഭരണങ്ങളും മാറ്റിയപ്പോൾ ഉമർ(റ) അയാളോട് സംസാരിക്കുകയുണ്ടായി.

ഹദ്റത്ത് ഉമർ(റ)ന്റെ വിനയവും തഖ്‌വയും ഈ രിവായത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഹദ്റത്ത് ഉർവ ബിൻ സുബൈർ നിവേദനം ചെയ്യുന്നു: ഞാൻ ഉമർ ബിൻ ഖതാബിനെ തോളിൽ വെള്ളം നിറച്ച പാത്രവുമായി കാണാനിടയായി. ഞാൻ പറഞ്ഞു: അമീറുൽ മുഅ്മിനീൻ താങ്കൾ അങ്ങനെ ചെയ്യുന്നത് ഉചിതമല്ല. അദ്ദേഹം പറഞ്ഞു: വിവിധ സമൂഹങ്ങളിൽ നിന്നുള്ള സംഘങ്ങൾ അനുസരണവും കീഴ്‌വണക്കവും പ്രകടിപ്പിച്ചുകൊണ്ട് എന്റെ മുന്നിൽ വന്നപ്പോൾ എന്റെ മനസ്സിൽ അഹങ്കാര ചിന്തയുണ്ടായി. അതുകൊണ്ട് ആ ചിന്ത ഇല്ലാതാക്കാൻ വെള്ളം നിറച്ച ഈ പാത്രങ്ങൾ എടുക്കാമെന്ന് കരുതി.

മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഒരിക്കൽ ഉമർ(റ) ഹജ്ജ് ചെയ്ത് തിരിച്ചു വരുമ്പോൾ ഒരു മരത്തിനടുത്ത് നിന്നുകൊണ്ട് പറഞ്ഞു: ഒരു കാലമുണ്ടായിരുന്നു അന്ന് ഞാൻ എന്റെ ഒട്ടകങ്ങളെ മേച്ചിരുന്നു. ഒരിക്കൽ ഞാൻ ഒട്ടകം മേച്ചു ക്ഷീണിച്ചപ്പോൾ ഈ മരത്തിന് താഴെ കിടന്നു. അതുകണ്ട എന്റെ പിതാവ് എന്നെ നല്ലപോലെ മർദിക്കുകയുണ്ടായി. ഇന്ന് ലക്ഷക്കണക്കിന് ആളുകൾ എന്റെ നിർദേശാനുസരണം ജീവൻ നൽകാൻ തയ്യാറാണ്. തിരുനബി(സ)നെ സ്വീകരിച്ചതുകൊണ്ടാണ് അല്ലാഹു എനിക്ക് ഈ സ്ഥാനം നൽകിയത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നോക്കുക, ഒട്ടകം മേച്ചു നടന്നിരുന്ന ആൾക്ക് രാജാധികാരവുമായി എന്തു ബന്ധം? എന്നാൽ അദ്ദേഹം ചെയ്തു കാണിച്ച കാര്യങ്ങൾക്ക് മുമ്പിൽ ഇന്ന് ലോകം തല കുനിക്കുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ മികവിനെ അവർ പ്രകീർത്തിക്കുന്നു.

ഇനി നോക്കുക, ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹം നിസ്സാരനായ ഒരു കച്ചവടക്കാരനായിരുന്നു. എന്നാൽ അദ്ദേഹത്തിന് ഇത്രമാത്രം ബുദ്ധിയും ചിന്താ വൈഭവവും എവിടെ നിന്നു കിട്ടി എന്നതിൽ ലോകം അത്ഭുതപ്പെടുന്നു. ഞാൻ പറയുന്നു: അവർക്ക് വിശുദ്ധ ഖുർആനിൽ നിന്നാണ് എല്ലാം കിട്ടിയത്. അവർ വിശുദ്ധ ഖുർആനിൽ വിചിന്തനം ചെയ്തു. അതുകൊണ്ട് ലോകത്തിലുള്ളവർക്ക് കിട്ടാത്തത് അവർക്ക് ലഭ്യമായി. കാരണം വിശുദ്ധ ഖുർആനാകുന്ന ആയുധംകൊണ്ട് ഹൃദയത്തെ മിനുക്കുകയാണെങ്കിൽ ലോകത്തിലെ സകല ജ്ഞാനങ്ങളും അതിൽ ദർശിക്കാൻ സാധിക്കുന്നതാണ്. അതു മുഖേന ആർക്കും തടഞ്ഞു വെക്കാൻ സാധിക്കാത്ത വിധം ജ്ഞാനങ്ങൾ അയാളുടെ ഹൃദയത്തിലേക്ക് ഇറക്കപ്പെടുന്നതാണ്. ആയതിനാൽ ഓരോ വ്യക്തിയും വിശുദ്ധ ഖുർആൻ പഠിക്കാനും, അതിൽ വിചിന്തനം നടത്താനും ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് ഉമർ(റ)ന്റെ വിനയത്തെയും, താഴ്മയെയും സംബന്ധിച്ച് ഇങ്ങനെയും ഒരു നിവേദനം കാണപ്പെടുന്നു, ജുബൈർ ബ്നു നഫീർ നിവേദനം ചെയ്യുന്നു: ഒരു സംഘം ഉമർ ബ്നു ഖത്താബിനോട് പറഞ്ഞു: അമീറുൽ മുഅ്മിനീൻ, അല്ലാഹുവാണെ, ഞങ്ങൾ താങ്കളേക്കാൾ നീതി ചെയ്യുന്നവനും, സത്യം പറയുന്നവനും, കപടവിശ്വാസികളുടെമേൽ കാഠിന്യം പ്രവർത്തിക്കുന്നവനുമായി മറ്റാരെയും കണ്ടിട്ടില്ല. ഔഫ് ബ്നു മാലിക് പറഞ്ഞു: അല്ലാഹുവാണെ, ഞങ്ങൾ നബി(സ)ക്ക് ശേഷം ഉമറിനെക്കാളും ഉത്തമനായി അബൂബക്കർ(റ)നെ കണ്ടി രിക്കുന്നു. ഉമർ(റ) പറഞ്ഞു: ഔഫ് പറഞ്ഞത് സത്യമാണ്. അല്ലാഹുവാണെ, അബൂബക്കർ(റ) കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പരിശുദ്ധനാകുന്നു. ഞാനാകട്ടെ എന്റെ വീട്ടിലെ ഒട്ടകങ്ങളെക്കാൾ വഴിതെറ്റിയവനാകുന്നു.

സ്വഹീഹ് മുസ്‌ലിമിൽ നിന്നുള്ള നിവേദനം: ഹദ്റത്ത് അബൂഹുറൈ

റ(റ) പറയുന്നു: ഞാൻ റസൂൽ(സ) യുടെ അരികിൽ ഇരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ തുടങ്ങിയവരും ഉണ്ടായിരുന്നു. റസൂൽ(സ) ഞങ്ങൾക്കിടയിൽ നിന്ന് എഴുന്നേറ്റ് പോയി. നബി(സ) തിരിച്ചു വരുന്നതിൽ വൈകിയപ്പോൾ ഞാൻ അസ്വസ്ഥനായി. ഞാൻ റസൂൽ(സ)നെ അന്വേഷിക്കാൻ പുറപ്പെട്ടു. അങ്ങനെ ഒരു തോട്ടത്തിൽ വെച്ച് നബിയെ കണ്ടു. നബി(സ) തന്റെ രണ്ട് ചെരിപ്പുകൾ എനിക്ക് തന്നിട്ട് പറഞ്ഞു: ഈ തോട്ടത്തിന് പുറത്തു വെച്ച് ആരെങ്കിലും ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിക്കുകയും ഹൃദയാത്മനാ അതിൽ വിശ്വസിക്കുകയും ചെയ്യുന്നെങ്കിൽ അയാൾക്ക് സ്വർഗത്തിന്റെ സുവാർത്ത നൽകുക. അങ്ങനെ ഞാൻ പോയപ്പോൾ ഏറ്റവും ആദ്യം കണ്ടത് ഹദ്റത്ത് ഉമറിനെയാണ്. അദ്ദേഹം എന്നെ നബി(സ)യുടെ അടുക്കലേക്ക് തിരിച്ചയച്ചു. അദ്ദേഹവും എന്റെ പുറകെ നബി(സ)യുടെ അടുക്കലെത്തി. ഉമർ പറഞ്ഞു: യാ റസൂലല്ലാഹ്, അങ്ങനെ ചെയ്യാതിരുന്നാലും കാരണം ജനങ്ങൾ അതിൽ മാത്രം പ്രതീക്ഷയർപ്പിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. നന്മയെ സംബന്ധിച്ച കല്പനകൾ പ്രാവർത്തികമാക്കികൊണ്ട് അവർ യഥാർഥ വിശ്വാസികളായിത്തീരട്ടെ. നബി(സ) അതിനുള്ള അനുവാദം നൽകുകയുണ്ടായി.

ഹദ്റത്ത് സഅദ് ബ്നു വഖാസ്(റ) നിവേദനം ചെയ്യുന്നു: ഖുറൈശികളായ ചില സ്ത്രീകൾ നബി(സ)യോട് ഉച്ചത്തിൽ സംസാരിക്കുകയായിരുന്നു. ഹദ്റത്ത് ഉമർ(റ) വന്നപ്പോൾ അവർ അദ്ദേഹത്തോടുള്ള ഭയം നിമിത്തം എഴുന്നേറ്റ് പർദക്ക് പിന്നിലേക്ക് പോയി.

ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ ഹബ്ശയിലെ ഒരു സ്ത്രീ നൃത്തം ചെയ്ത് അഭ്യാസങ്ങൾ കാണിക്കുകയായിരുന്നു. ഞാൻ വന്ന് എന്റെ താടി നബി(സ)യുടെ ചുമലിൽ വെച്ച് അത് കാണാൻ തുടങ്ങി. ഹദ്റത്ത് ഉമർ വന്നപ്പോൾ ജനങ്ങൾ ഓടിപ്പോയി.

ഹദ്റത്ത് ബുറൈദ(റ) വിവരിക്കുന്നു. ഒരു അടിമസ്ത്രീ നബി(സ)ന്റെ മുമ്പിൽ ദഫ് കൊട്ടി പാടുമെന്ന് നേർച്ച നേർന്നിട്ടുണ്ടായിരുന്നു. നേർച്ച പൂർത്തിയാക്കാൻ നബി(സ) അനുവാദം നൽകി. ഹദ്റത് അബൂബക്കർ, ഉസ്മാൻ അലി എന്നിവർ വന്നു ആ സ്ത്രീ ദഫ് മുട്ടിക്കൊണ്ടിരുന്നു. എന്നാൽ ഉമർ വന്നപ്പോൾ അവർ ദഫ് മുട്ടുന്നത് നിർത്തി വെച്ചു. നബി(സ) പറഞ്ഞു: അല്ലയോ ഉമർ, ശൈത്വാൻ പോലും താങ്കളെ ഭയക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഉമറിൽ നിന്ന് നിവേദനം , നബി(സ) പറഞ്ഞു: അല്ലാഹു ഉമറിന്റെ നാവിൽ നിന്നും ഹൃദയത്തിൽ നിന്നും സത്യം പുറപ്പെടുവിക്കുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) തന്റെ സഹോദരൻ ഫള്ലിൽ നിന്നും നിവേദനം ചെയ്യുന്നു. ഞാൻ നബി(സ) ഇപ്രകാരം പറയുന്നതായി കേട്ടു: ഞാൻ ഇഷ്ടപ്പെടുന്നിടത്ത് ഉമർ എന്റെ കൂടെ ഉണ്ടാകുന്നു. അദ്ദേഹം ആഗ്രഹിക്കുന്നിടത്ത് ഞാനും അദ്ദേഹത്തോടൊപ്പം ഉണ്ടാകുന്നു. എനിക്ക് ശേഷം ഉമർ ബ്നു ഖതാബ് ഉണ്ടാകുന്നിടത്ത് സത്യം അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഉടമ്പടി ലംഘിച്ചത് കാരണം മക്കക്കാരുമായി ഏറ്റുമുട്ടുന്നതുമായി ബന്ധപ്പെട്ട് നബി(സ) അഭിപ്രായം ആരാഞ്ഞപ്പോൾ റസൂൽ(സ) യുടെ സംരക്ഷണത്തിനു വേണ്ടി നിഷേധികളുമായി യുദ്ധം ചെയ്യാൻ എല്ലാ ദിവസവും ദുആ ചെയ്യാറുണ്ടായിരുന്നെന്ന് ഉമർ(റ) മറുപടി നൽകി. നബി(സ) പറഞ്ഞു: യഥാർഥ കാര്യങ്ങൾ ഉമറിന്റെ അധരത്തിൽ നിന്നും കൂടുതലായി നിർഗമിക്കുന്നു.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: റസൂൽ(സ) സ്വഹാബാക്കളോടൊപ്പം ഇരിക്കാറുണ്ടായിരുന്നു. അവരിൽ അബൂബക്കറും ഉമറും ഉണ്ടാകുമായിരുന്നു. അബൂബക്കറും ഉമറും ഒഴികെ ആരും തന്നെ തങ്ങളുടെ ദൃഷ്ടി തിരുനബി(സ)യുടെ നേർക്ക് ഉയർത്തിയിരുന്നില്ല. ഇവർ രണ്ടുപേരും നബി(സ)യെ നോക്കുകയും പുഞ്ചിരിക്കുകയും ചെയ്തിരുന്നു. നബി(സ)യും ഇവരെ നോക്കുകയും പുഞ്ചിരിക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹൻതബ്(റ) നിവേദനം ചെയ്യുന്നു: നബി(സ) ഹദ്റത്ത് അബൂബക്കറിനെയും ഉമറിനെയും കണ്ടപ്പോൾ പറഞ്ഞു: ഇവർ രണ്ടു പേരും കണ്ണും കാതുമാകുന്നു.

ഹദ്റത്ത് ജാബിർ ബ്നു അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് അബൂബക്കർ പറഞ്ഞു: നബി(സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഉമറിനെക്കാളും ഉത്തമനായ ഒരു മനുഷ്യന് മേലും സൂര്യൻ ഉദിക്കുന്നില്ല.

ഹദ്റത്ത് ഹുദൈഫ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: എനിക്ക് ശേഷം ഹദ്റത്ത് അബൂബക്കറിനെയും ഉമറിനെയും പിൻപറ്റുക.

ഹദ്റത് അബൂ സഈദ് ഖുദ്രി(റ) പറയുന്നു: നബി(സ) പറഞ്ഞു: ഓരോ നബിക്കും വാനലോകത്ത് രണ്ട് മന്ത്രിമാരുണ്ടാകും. ഭൂമിയിലും രണ്ട് മന്ത്രിമാരുണ്ടാകും. വാനലോകത്ത് എന്റെ രണ്ട് മന്ത്രിമാർ ജിബ്രീലും മീകായീലും ആകുന്നു. ഭൂമിയിലെ രണ്ട് മന്ത്രിമാർ അബൂബക്കറും ഉമറുമാകുന്നു.

അബൂ ഹുദൈഫ(റ) പറയുന്നു: ഞാൻ ഹദ്റത്ത് അലി(റ) ഇപ്രകാരം പറയുന്നതായി കേട്ടു: ഈ ഉമ്മത്തിൽ നബി(സ)ക്ക് ശേഷം ഏറ്റവും ഉത്തമൻ അബൂബക്കർ ആണ്. ശേഷം ഹദ്റത്ത് ഉമറും.

ഈ അനുസ്മരണം തുടരുന്നതാണ്. ഇൻശാഅല്ലാഹ്.

# യേശു തിരിച്ചു വരികയാണെങ്കിൽ

യേശു വീണ്ടും അവതരിക്കുകയാണെങ്കിൽ ഉണ്ടാവുന്ന സങ്കീർണ പ്രശ്നങ്ങളെ ക്കുറിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ രസകരമായി വിവരിക്കുന്നു.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**അ**വസാനത്തെ പ്രവാചക നായ മുഹമ്മദ് നബി(സ) ഇതിനകം വരുകയും പോവുകയും ചെയ്തു, യേശു ഭൂമിയിലേക്ക് ഒരു പ്രവാച കനായികൊണ്ട് ഇറങ്ങി വരുമെന്നു മുള്ള വിശ്വാസത്തിൽ വളരെയേറെ പൊരുത്തക്കേടുണ്ട്. ഈ രണ്ടു വിശ്വാസവും ഒരേ സമയം കൊണ്ടു നടക്കുക അസാധ്യമാണ്. വാസ്ത വത്തിൽ പരസ്പരബന്ധമില്ലാത്ത ഈ രണ്ടു വിഷയങ്ങളുടെയും വിചി ത്ര മിശ്രണം തയ്യാറാക്കിയത് മദ്ധ്യ കാലഘട്ടത്തിലെ ഉലമാക്കൻമാരാ ണ്. വിശുദ്ധ ഖുർആന്റെ അവത രണകാലത്ത് ഇവ രണ്ടും തമ്മി ലുള്ള ബന്ധം അചിന്ത്യമായിരുന്നു.

ഈ വിഷയവുമായി പരിചയ മില്ലാത്ത അമുസ്ലിം വായന ക്കാർക്ക് വേണ്ടി ഇതിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് നമുക്ക് അൽപം വിവരിക്കേണ്ടതുണ്ട്. എങ്കിൽ തന്നെ ഇത് സംബ ന്ധിച്ചുള്ള മുഴുവൻ തർക്ക വിതർക്കങ്ങളും മനസ്സിലാക്കാൻ പ്രയാസമായിരിക്കും. വിശുദ്ധ ഖുർ ആനിലെ ***'ഖാത്തമുന്നബിയ്യീൻ'*** എന്ന വചനം ഏറ്റവും അടിസ്ഥാന പ്രാധാന്യമുള്ള വചനങ്ങളിലൊന്നാ ണ്. ആ വചനം അഗാധമായ അർത്ഥ സമ്പുഷ്ടതയും നിരവധി സാധ്യമായ അർത്ഥധ്വനികളുമുള്ള ഒരു വചനമാണ്. പക്ഷേ ഈ വച നത്തിന്റെ അർത്ഥം വിദൂരമായിട്ടു പോലും യേശുവി(അ)ന്റെ ആകാ ശാരോഹണവുമായി ബന്ധപ്പെട്ടത ല്ല. യേശു(അ) നാലാം ആകാശ ത്തേക്ക് ഉയർത്തപ്പെട്ടത് കൊണ്ടാ ണ് ഈ വചനം ദൈവത്തിന് ഇറ ക്കേണ്ടിവന്നതെന്ന മുല്ലമാരുടെ വാദം തികച്ചും പരിഹാസ്യവും നാട കീയവുമാണ്. യേശുവിന്റെ സ്വ ശരീരത്തോടു കൂടിയുള്ള ആകാ ശാരോഹണം ഈ വചനമായോ ഖുർആനിലെ മറ്റു വചനങ്ങളു മായോ യാതൊരു ബന്ധവുമില്ല. യേശു(അ) ഉയർത്തപ്പെട്ട് ആകാശ ത്തേക്ക് പോയി എന്ന ആശയം ഒരി ക്കലും ദൈവത്തിന്റെ പക്കൽ സംഭ വിച്ചിട്ടില്ല. യേശു(അ)വിന്റെ സ്ഥൂല ശരീരത്തോടു കൂടിയ ആകാശാരോ ഹണം ഖുർആനും, റസൂൽ തിരു മേനി(സ)യുടെ മുഴുവൻ ഹദീസു കളും ആസകലം പരിശോധിച്ചു നോക്കിയാലും കാണാൻ സാധ്യമ ല്ല. അതുകൊണ്ട് തന്നെ ഈ അസം ബന്ധത്തിൽ നിന്നും ഖുർആനും ഹദീസും ദൈവത്തെ മുക്തമാക്കു ന്നു. ഈ വചനം ഉണ്ടാക്കുന്ന പ്രതി ബന്ധങ്ങളിൽ നിന്നും കാലേകൂട്ടി രക്ഷനേടുവാനാണ് ദൈവം യേശു (അ)വിനെ ആകാശത്തേക്കുയർ ത്തിയത് എന്ന മുല്ലമാരുടെ ജൽപനം വിശുദ്ധഖുർആനെതിരെ യുള്ള അടിസ്ഥാന രഹിതമായ ഒരാ രോപണം മാത്രമല്ല ശുദ്ധകളവുമാ ണ്. പ്രശ്നം ഉണ്ടാക്കുന്നത് മുല്ലമാർ തന്നെയാണ് എന്നിട്ട് അത് ദൈവ ത്തിന്റെ പേരിൽ പരിഹരിക്കുകയും ചെയ്യുന്നു. ഖുർആനിലെ ഏറ്റവും അടിസ്ഥാനപരമായ ഒരു വചന ത്തോട് ചേർത്ത് ഈ അടിസ്ഥാന രഹിതമായ അഭ്യൂഹം കെട്ടിവെക്കു ന്നത് അങ്ങേയറ്റം ജുഗുപ്സാവഹ മാണ്. യാതൊരു നിലക്കും പര സ്പര ബന്ധമില്ലാത്ത ഈ രണ്ടു വിഷയങ്ങളെ വഞ്ചനാത്മകമായ രീതിയിൽ ഒന്നിച്ചു ചേർക്കാനുള്ള മദ്ധ്യകാലഘട്ടത്തിലെ പുരോഹി തൻമാരെ പ്രേരിപ്പിച്ചതിന്റെ കാരണ ങ്ങളെ കുറിച്ചാണ് ഇവിടുത്തെ മുഖ്യ ചർച്ചാ വിഷയം. വായനക്കാ രന് ഇതിന്റെ പശ്ചാത്തലത്തെ പരി ചയപ്പെടുത്തുന്നതിന്റെ ഭാഗമായി നാമിപ്പോൾ മുല്ലമാരുടെ വിവരണ ത്തിന്റെ കഥ പറയാൻ പോവുകയാ ണ്.

**ഭാ**വനാത്മകമായ യേശുവിന്റെ ആകാശത്തേക്കുള്ള കയറ്റത്തിനും ഇറക്കത്തിനും റസൂൽ തിരുമേനി (സ)യുടെ പരിസമാപ്തി സ്വതന്ത്ര മായി പ്രഖ്യാപിക്കുന്നതുമായി യാതൊരു ബന്ധവുമില്ല. വസ്തുത ഇതായിരിക്കെ അത് രണ്ടും തമ്മിൽ സുനിശ്ചിതമായ ബന്ധമുണ്ടെ ന്നാണ് മത പുരോഹിതൻമാരുടെ വാദം. മർയമിന്റെ മകനായ യേശു (അ)വിനെ ആകാശത്തു നിന്നു തിരിച്ചു കൊണ്ടു വരുവാൻ അവർ നിർബന്ധം പിടിക്കാൻ കാരണം പുതിയ ഒരു പ്രവാചകനേയും മുഹമ്മദ് നബി (സ)ക്ക് ശേഷം കൊണ്ടു വരാൻ സാധ്യമല്ല എന്നതു കൊണ്ടാണ്. പുതിയ ആവശ്യങ്ങൾ നിറവേറ്റാൻ മുസ്ലിം ഉമ്മത്തി (സ മുദായം)ൽ നിന്ന് ഒരു പ്രവാചകനെ എഴുന്നേൽപ്പിക്കുന്നതിന് പകരം പഴയ ഒരു പ്രവാചകനെ വീണ്ടും തിരിച്ചു കൊണ്ടു വരിക എന്ന മുസ്ലിം യാഥാസ്തികത്വത്തിന്റെ

വിദഗ്ദ തന്ത്രം സ്തുതിക്കപ്പെടേണ്ടത് തന്നെ. പക്ഷേ അവരുടെ ഈ ഉത്സാഹം സാധാരണ മനുഷ്യരുമായി പങ്കുവെക്കാൻ കഴിയില്ല. ഒരു അണുമണിതൂക്കമെങ്കിലും സാമാന്യ ബുദ്ധിയുള്ള ഒരാൾക്കും ഈ തരം താണ പററിക്കൽ തന്ത്രം സർവ്വശക്തനും സർവ്വജ്ഞാനിയുമായ അല്ലാഹുവിൽ ആരോപിക്കാൻ സാധ്യമല്ല. ഇങ്ങനെ പറയാൻ മുല്ലമാർക്ക് മാത്രമേ സാധ്യമാവൂ. അവർ ചെയ്തുകൊണ്ടിരിക്കുന്നതു മതാണ്. റസൂൽ തിരുമേനി(സ) യുടെ പരിസമാപ്തിയെ യേശുവിന്റെ തിരിച്ചു വരവുമായി ബന്ധപ്പെടുത്തുന്നതിലൂടെ പരിസമാപ്തിയെ സംബന്ധിച്ച് കാലമാകാതെ പ്രഖ്യാപനം നടത്തിയ ദൈവത്തെ രക്ഷിക്കുകയാണെന്നാണ് അവർ കരുതുന്നത്. അങ്ങനെ കടുത്ത പരസ്പര വൈരുദ്ധ്യത്തിന്റെ പ്രശ്നത്തിൽ നിന്നും ദൈവത്തെ മതപുരോഹിതൻമാർ രക്ഷിച്ചു എന്ന് വിശ്വസിക്കുന്നു. ഈ തന്ത്രം വാസ്തവത്തിൽ മന്ദബുദ്ധിയായ ഒരു മുല്ലയുടെ മസ്തിഷ്ക്കസന്തതിയായിരിക്കണം. ഏത് പ്രവാചകന്റെ പരിസമാപ്തിയെക്കുറിച്ചുള്ള വാഗ്ദാനമാണ് എന്നത് ദൈവത്തിന്റെ അറിവിൻ സൂക്ഷിക്കാൻ കഴിഞ്ഞില്ല. ദൈവത്തിന് അക്കാര്യം ഗ്രഹിക്കാനും സാധ്യമായില്ല പോലും. പരിസമാപ്തിയെപറ്റിയുള്ള ആ വാഗ്ദാനം നിറവേറ്റാൻ വേണ്ടി അവസാനത്തെ പ്രവാചകന്റെ മരണത്തിന് ശേഷം പഴയ ഒരു പ്രവാചകനെ കൊണ്ടുവരിക എന്നത് തികച്ചും അപഹാസ്യമാണ്. ദൈവത്തെ മുല്ലയുടെ നിലവാരത്തിനനുസരിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി പരസ്പര വൈരുദ്ധ്യത്തിന്റെ ലജ്ജാകരമായ ഒരു പ്രവൃത്തി ദൈവത്തിൽ ആരോപിക്കുകയാണ് ചെയ്യുന്നത്. പിന്നീട് മുല്ല മുന്നോട്ട് വന്ന് ദൈവത്തിന്റെ മുഖം രക്ഷിക്കുന്നു! നിന്ദാകരമായ ഈ പ്രവൃത്തി ബോധപൂർവ്വമാണ് നടത്തുന്നത്. മുല്ലയെ സംബന്ധിച്ചേടത്തോളം നിരവധി ഗുണങ്ങൾ കിട്ടുന്ന വമ്പിച്ച ഒരാശയമാണിത്.

അത് യേശു(അ)വിന്റെ ജീവനെ ശപ്തമായ കുരിശു മരണത്തിൽ നിന്നും രക്ഷിക്കുകയും യേശു(അ) വ്യാജനാണെന്ന് തെളിയിക്കാനുള്ള ശത്രുക്കളുടെ ശ്രമത്തെ നിഷ്ഫലമാക്കുകയും ചെയ്യുന്നു. ശത്രുക്കളുടെ പിടിയിൽ നിന്നും രക്ഷപ്പെട്ട് യേശു (അ) വായുവിൽ അപ്രത്യക്ഷനാവുന്നത് കാണുമ്പോൾ അവർക്കുണ്ടാവുന്ന ക്രോധാവേശം ഒന്ന് ഭാവനയിൽ കണ്ടു നോക്കൂ. (യേശു കയറിപ്പോയി എന്ന് പറയപ്പെടുന്ന നാലാം ആകാശത്ത് വായു ഉണ്ടെങ്കിൽ) പക്ഷേ ദൈവത്തിന് ഈ നടപടി മറ്റൊരു ചെറിയ പ്രശ്നം കൂടി സൃഷ്ടിക്കുന്നതാണ്. എപ്പോഴാണ് എന്തിനാണ് യേശു(അ) വിനെ വീണ്ടും ഭൂമിയിലേക്ക് തിരിച്ചു കൊണ്ടു വരുന്നത് എന്ന ചോദ്യമാണ് ആ പ്രശ്നം. ഇതെല്ലാമായിരുന്നിട്ടും യേശു(അ)വിനെ ആകാശമണ്ഡലത്തിൽ വിധിനാൾ വരെ ദൈവം ഉപേക്ഷിക്കുന്നില്ല. വാസ്തവത്തിൽ ദൈവത്തെ സംബന്ധിച്ചേടത്തോളം ഈ പ്രശ്നം നിലനിൽക്കുന്നില്ല. മുല്ലയെ സംബന്ധിച്ചേടത്തോളം പ്രശ്നം സൃഷ്ടിച്ചത് അയാൾ തന്നെയാണ്. റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തിയിലും ആ പരിസമാപ്തിക്കു ശേഷം ഒരു പ്രവാചകനായി വീണ്ടും വരുന്ന യേശു(അ)വിലും വിശ്വസിക്കുന്ന അയാൾക്ക് തന്റെ സ്വയം സൃഷ്ടിയായ ഈ വൈരുദ്ധ്യം മൂടിവെക്കേണ്ടതുണ്ട്. ആ ഒരൊറ്റ കാരണം കൊണ്ടാണ് മുല്ല ഖാത്തമുന്നബിയ്യീനുമായി യേശുവിന്റെ ഈ മിഥ്യാ അവരോഹണത്തെ കൂട്ടിയിണക്കുന്നത്. സാധാരണ മുസ്‌ലിം പൊതുജനത്തിന് കണ്ടു പിടിക്കാൻ കഴിയാത്ത വഞ്ചനാത്മകമായ കൗശലത്തോടെയാണ് മുല്ല ഈ വേല നിർവ്വഹിക്കുന്നത്. താഴെ പറയുന്ന സംഗതികളിലാണ് അയാൾ തന്റെ വാദം കെട്ടിപ്പൊക്കുന്നത്.

1. ഒരുലക്ഷ്യത്തിന് വേണ്ടിയാണ് യേശു ആകാശത്തേക്കുയർത്തപ്പെട്ടത്. അവസാനം അദ്ദേഹം ഭൂമിയിലേക്ക് തിരിച്ചു വരുന്നതാണ്.

2. പഴയ ഒരു പ്രവാചകൻ വരുന്നത് കൊണ്ട് റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തിയുടെ സീൽ പൊട്ടുന്നില്ല.

3. അവസാനകാലത്തെ ഒരു പ്രവാചകന്റെ ആവശ്യം ദൈവത്തിന്റെ വിധിയിലുള്ള പരസ്പര വൈരുദ്ധ്യത്തിന്റെതായ ഏതെങ്കിലുമൊരു പ്രശ്നം സൃഷ്ടിക്കപ്പെടാതെ നിറവേറ്റപ്പെടുന്നില്ല.

ഒരു വെടിക്ക് രണ്ട് പക്ഷിയെ ചിലർ വീഴ്ത്താറുണ്ട്. എന്നാൽ മുല്ലാ യാഥാസ്ഥിതികത്വം ഒരു വെടിക്ക് മൂന്ന് പക്ഷിയെ വീഴ്ത്താനാണ് നോക്കുന്നത്! വാസ്തവത്തിൽ അവരുടെ മനസ്സ് ദൈവത്തിന്റേതായി മാറ്റുന്ന ഈ കളിയിലൂടെ അവർ നിർവ്വഹിക്കുന്നത് മാപ്പർഹിക്കാത്ത ദൈവനിന്ദയാണ്.

വിവരം കെട്ട ഈ അഭ്യാസത്തിലൂടെയും അത്തരം ഭ്രാന്തമായ കഥകൾ മെനഞ്ഞെടുക്കുന്നതിലൂടെയും മറ്റുള്ളവരേക്കാൾ മുല്ലമാർക്ക് ഏറ്റവും ഗുണകരമായ പല ഫലങ്ങളും ലഭിക്കുമെന്ന് നാം വിശ്വസിക്കുന്നു. മുല്ലമാർക്ക് മേൽ എപ്പോഴെങ്കിലും നിയമിക്കപ്പെടാവുന്ന ദൈവികമായ അധികാരസ്ഥരിൽ നിന്നും രക്ഷപ്പെടാനുള്ള സാധ്യതയാണ് ഈ കെട്ടു കഥകൾ അവർക്ക് നൽകുന്നത്. പ്രവാചകത്വ നിയമനം അജ്ഞരായ മുസ്‌ലിം ബഹുജനങ്ങൾക്ക് മേൽ മുല്ലമാർക്കുള്ള അധീശാധികാരത്തിനു മേലുള്ള ഒരു ഭീഷണിയാണ്. പ്രവാചകത്വം അവസാനിച്ചു എന്ന പ്രഖ്യാപനത്തിലൂടെ മുല്ലമാരുടെ ഈ നഷ്ട ഭീതിയിൽ നിന്നും അവർ ശാശ്വതമായി മോചിപ്പിക്കപ്പെടുന്നു. രണ്ടായിരം വർഷങ്ങൾ പഴക്കമുള്ള ഒരു പ്രവാചകൻ വീണ്ടും വരും എന്ന വിശ്വാസം ഇനിയൊരിക്കലും പ്രവാചകൻ വരില്ല എന്നതിനുള്ള

ആന്തരികമായ ഉറപ്പാണ് നൽകുന്നത്. അങ്ങനെ ഇസ്‌ലാമിന് മേലുള്ള മുല്ലയുടെ പിടി ശാശ്വതമാക്കപ്പെടുകയാണ്. അങ്ങനെ അവരെ ഒരിക്കലും സംശയിക്കാത്ത മുസ്‌ലിം പൊതുജനങ്ങൾക്ക് മേൽ മുല്ലയുടെ സ്വേച്ഛാധികാരം കാലകാലത്തേക്കുമായി നിലനിറുത്തപ്പെടുന്നു.

മരണപ്പെട്ടവർ ഒരിക്കലും തന്നെ തങ്ങളുടെ പരലോക സങ്കേതം ഉപേക്ഷിച്ച് മടങ്ങി വരാറില്ല. ഒരിക്കൽ മരിച്ച് വേർപിരിഞ്ഞ വ്യക്തികൾ ഒരിക്കലും തന്നെ ജീവിച്ചിരിക്കുന്നവരുമായി ഇടകലരാൻ വീണ്ടും വരാറില്ല. ഭൂതകാല വാസികളിലാരെയും ദൈവം തിരികെ കൊണ്ടു വരില്ല. അക്ഷരാർത്ഥത്തിൽ യേശുവിനെ കാത്തു നിൽക്കുന്നവർ ആ വൃഥാ പ്രവൃത്തി അനന്തമായി തുടരും. അദ്ദേഹം ഒരിക്കലും വരില്ല. ജനങ്ങളുടെ അജ്ഞത മുതലെടുത്ത് മുസ്‌ലിം ലോകത്തെ നിയന്ത്രിക്കുന്ന മുല്ല ഒരിക്കലും വിട്ടു പിരിയുകയുമില്ല. ദയ എന്തെന്നറിയാത്ത മുല്ലയുടെ ദയാവായ്പിനായി സർവ്വവും വിട്ടുകൊടുത്തു കൊണ്ട് ഒരു കൈയ്യിൽ മൃതസഞ്ജീവിനിയുമായി യേശു(അ) എന്നെങ്കിലും തിരിച്ചെത്തുമെന്ന മിഥ്യാധാരണയിൽ ജനങ്ങൾ പച്ചപരമാർത്ഥികളായി കഴിയുന്നു. അങ്ങനെ ഈ മുസ്‌ലിം പൗരോഹിത്യത്തിന്റെ സ്വേച്ഛാവാഴ്ചക്കു കീഴിൽ ഇസ്‌ലാം മതം വർഷത്തിനു പിന്നാലെ വർഷങ്ങളായി നൂറ്റാണ്ടുകൾ പിറകെ നൂറ്റാണ്ടുകളായി കഴിയേണ്ടി വരും.

യേശുവും പരിസമാപ്തിയും തമ്മിലുള്ള വിഷയത്തിലേക്ക് വീണ്ടും നമുക്ക് നോക്കാം. മുല്ലമാരുടെ നിർദ്ദേശങ്ങൾ യാതൊരർത്ഥത്തിലും ന്യായീകരിക്കാനാവാത്തതാണ്. മോസസ്സി(അ)ന്റെ കഴിഞ്ഞു പോയ ഒരു ജനതയിൽ നിന്ന് ഒരു പ്രവാചകനെ കടം വാങ്ങിക്കൊണ്ട് തികച്ചും വിഭിന്നമായ ആവശ്യങ്ങളുള്ള മുസ്‌ലിം ഉമ്മത്തിന്റെ അവസാന കാലത്തെ ആവശ്യങ്ങളെ യാതൊരു നിലക്കും പരിഹരിക്കാൻ സാധ്യമല്ല. കടം വാങ്ങപ്പെട്ട ഒരു പ്രവാചകൻ റസൂൽ തിരുമേനി(സ)യുടെ പ്രവാചക സമാപ്തി എന്ന സ്ഥാനത്തെ ലംഘിക്കുന്നയാളായിരിക്കും. അദ്ദേഹമാവട്ടെ അവിടുത്തെ ആത്മീയ പുത്രൻ എന്ന നിലക്ക് തന്റെ ഉമ്മത്തിൽ നിന്ന് എഴുന്നേൽപിക്കപ്പെടുന്നയാളുമല്ല. ഈ കാര്യം മനസ്സിലാക്കുന്നതിൽ മുസ്‌ലിംകൾ പരാജയപ്പെടുകയാണ് ചെയ്യുന്നത്.

മുകളിൽ പ്രതിപാദിച്ച ചർച്ചകളിൽ നിന്നും ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട് കാലാനുക്രമം മാത്രം നോക്കിയാൽ ഒരു പ്രവാചകൻ പഴയതോ പുതിയതോ ആണെന്ന് നിർണ്ണയിക്കാൻ സാധ്യമല്ല. ഒരു പ്രവാചകൻ അദ്ദേഹത്തിന്റെ രണ്ടാം സന്ദർശനത്തിൽ ആദ്യത്തെ സന്ദർശനത്തിൽ ഉണ്ടായിരുന്ന അതേ ഗുണത്തോടും കൂടിയാണ് വരുന്നതെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ സന്ദർശനം ഒരു രണ്ടാം വരവായി കണക്ക് കൂട്ടാം. പക്ഷേ അദ്ദേഹത്തിന്റെ രണ്ടാം വരവിന് മുമ്പായി അദ്ദേഹം തന്റെ പെരുമാറ്റ സ്വഭാവങ്ങളിലെല്ലാം വിപ്ലവാത്മകമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. അദ്ദേഹത്തെ സംബന്ധിച്ച് ഒരിക്കലും തന്നെ പഴയ ഒരു പ്രവാചകനാണ് രണ്ടാമതും വരുന്നതെന്ന് പറയാൻ സാധ്യമല്ല. അത് കൂടാതെ അദ്ദേഹത്തിന്റെ ആത്മീയ പദവി, അദ്ദേഹം നൽകുന്ന സന്ദേശം, അദ്ദേഹം കാണിക്കുന്ന ദിവ്യാത്ഭുതങ്ങൾ, മനുഷ്യ വംശത്തിനു മേൽ അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവയൊന്നും തന്നെ പുതിയ നിയമത്തിലെ യേശു(അ)വിന്റേതല്ല. ശ്രദ്ധേയമായ ഒരു കാര്യം റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്തിട്ടുള്ള യേശു(അ)വിന്റെ വ്യക്തിത്വം പഴയ യേശുവിന്റെതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. വാഗ്ദാനം ചെയ്യപ്പെട്ട യേശു(അ) യാതൊരു വിധത്തിലും ഒരു ഇസ്രായേലി പ്രവാചകനല്ല. അദ്ദേഹം ഒരിക്കലും തന്നെ തൗറാത്തിനോ(തോറ) അദ്ദേഹം തന്നെ പ്രബോധിച്ച ബൈബിൾ പുതിയ നിയമത്തിനോ വിധേയനായിരിക്കില്ല. അദ്ദേഹം ഇസ്രായേൽ ജനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടവനായിരിക്കില്ല. ഇതെല്ലാമായിരിക്കെ വാഗ്ദാനം ചെയ്യപ്പെട്ട യേശു(അ) പഴയ ഇസ്രായേലീ പ്രവാചകൻ തന്നെയായിരിക്കുമെന്നാണ് മുല്ല ശാഠ്യം പിടിക്കുന്നത്. ഭൂമിയിലേക്ക് അയക്കപ്പെടുന്നതിന് മുമ്പ് യേശു(അ)വിനെ പുതിയ പ്രവാചകന് ആവശ്യമായ പ്രത്യേകതകളെല്ലാം നൽകി റീകണ്ടീഷൻ ചെയ്ത് പുനർദൗത്യവുമായിട്ടായിരിക്കും അയക്കപ്പെടുക എന്നാണ് മുല്ലമാരുടെ അഭിപ്രായം. ഇത് മറ്റൊരു പുതിയ പ്രവാചകന്റെ ആവിർഭാവമല്ലെങ്കിൽ പിന്നെ മറ്റെന്താണ്? റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തി തത്വം അംഗീകരിക്കാത്ത ഇവിടെ വിവരിക്കപ്പെട്ട ഒരു യേശു(അ)വിനെ ഇസ്‌ലാമിലേക്ക് സ്വീകരിക്കപ്പെടുമെന്ന് ഒരു മുല്ലയും അംഗീകരിക്കില്ല. യേശു(അ)വിന് യാതൊരു മാറ്റവും വരുത്താതെയാണ് ഭൂമിയിലേക്ക് അയക്കപ്പെടുക എന്ന് അവർക്ക് വിശ്വസിക്കാൻ പിന്നെയെന്താണ് അദ്ദേഹത്തിൽ അവശേഷിക്കുന്നത്. അദ്ദേഹത്തെ ഇസ്‌ലാമിക വൃക്ഷവുമായി ഇവിടെ ബഡ്ഡ് ചെയ്ത് യോജിപ്പിക്കണം. പഴയ താഴ്ത്തടിയിൽ തന്നെ ഇസ്‌ലാമിന്റെ സാർവ്വലൗകിക പ്രവാചകനായി വീണ്ടും വളരുകയും വേണം. എങ്കിൽ പോലും അദ്ദേഹത്തിന്റെ ഇസ്രായേലി എന്നുള്ള അമുസ്‌ലിം ഐഡന്റിറ്റി ഉപേക്ഷിക്കാൻ കഴിയാത്തിടത്തോളം അദ്ദേഹം ഇസ്‌ലാമിൽ ഒരു പരദേശിയായി തുടരുമെന്ന കാര്യം മുല്ലമാരെ ഓർമ്മിപ്പിക്കാൻ ഞങ്ങളെ അനുവദിക്കണം. അദ്ദേഹത്തിന്റെ സ്ഥിതി ഒരു വർഗ്ഗത്തിൽപെട്ട ചെടിയുടെ കമ്പ് മറ്റൊരു വർഗ്ഗത്തിൽപ്പെട്ട ചെടിയിൽ ബഡ്ഡ് ചെയ്ത് പിടിപ്പിച്ചത് പോലെയിരിക്കും. താമര ചെടി ചെറി മരത്തിൽ ബഡ്ഡ് ചെയ്ത് പിടിപ്പിച്ചത്

പോലെയോ ബ്ളൂബറി മരം പൈനാപ്പിൾ ചെടിയിൽ ബഡ്സ് ചെയ്ത് പിടിപ്പിച്ചത് പോലെയോ ആയിരിക്കും. അപ്രകാരം ഒരു ഇസ്‌ലാമിക പൂർവ്വ പ്രവാചകൻ ഇസ്‌ലാമിലേക്ക് ബഡ്സ് ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ എന്തായിരുന്നാലും ഒട്ടിചേർക്കപ്പെട്ട ചെടിക്ക് ഒരിക്കലും അതിന്റെ വ്യക്തിത്വം മാറ്റുവാൻ സാധ്യമല്ല. ഇസ്‌ലാമിലേക്ക് ഒട്ടിച്ചു ചേർക്കപ്പെട്ടതിന് ശേഷവും യേശുവിൽ നിന്ന് എന്താണ് മുളച്ചു വരിക? അദ്ദേഹം അപ്പോഴും ഇസ്രായേലീ വ്യക്തിത്വമുള്ള യേശു തന്നെയായിരിക്കുമല്ലോ?

**യേ**ശു ശാരീരികമായി ഇസ്‌ലാമിക ലോകത്തിലേക്ക് പരിവർത്തനം ചെയ്ത് കഴിഞ്ഞാലും അദ്ദേഹത്തിന് ഒരിക്കലും തന്റെ യഥാർത്ഥ വർണ്ണം മാറ്റുവാൻ സാധ്യമല്ല. വിശുദ്ധ ഖുർആൻ തുടർച്ചയായി അദ്ദേഹത്തെ ഒരു ഇസ്രയേലി പ്രവാചകനായിട്ടാണ് വിവരിക്കുന്നത്. അദ്ദേഹം തിരിച്ചു വരികയാണെങ്കിൽ രോഷാകുലനായ ഏതെങ്കിലുമൊരു മുസ്‌ലിം ദിവ്യന് നിവർന്ന് നിന്ന് അദ്ദേഹത്തിന്റെ വാദത്തെ ഖുർആനിക പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ വെല്ലു വിളിക്കാവുന്നതാണ്. അദ്ദേഹം ഒരു വ്യാജവാദിയാണെന്ന് അസന്നിഗ്ദമായി ആക്ഷേപിക്കപ്പെടും. എന്ത് ആധികാരികതയാണ് അദ്ദേഹത്തിനുള്ളതെന്ന് ചോദ്യം ചെയ്യപ്പെടും. അദ്ദേഹം വെറും ഇസ്രായേലികൾക്ക് മാത്രമായുള്ള പ്രവാചകനാണെന്ന ഖുർആനിക പ്രഖ്യാപനം അദ്ദേഹം റദ്ദാക്കിയോ? ഖുർആൻ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് അപ്രകാരം നിർവ്വചിക്കുന്ന കാലം വരെ അദ്ദേഹത്തിന്റെ വ്യക്തിത്വം ഒരിക്കലും മാറുന്നതല്ല. അദ്ദേഹം എപ്പോഴും ഒരു ഇസ്രായേലി പ്രവാചകനായിരുന്നു. എപ്പോഴും ഇസ്രായേലീ പ്രവാചകനായി തുടരുകയും ചെയ്യും. ഖുർആൻ പറയുന്നു.

(ഈസാനബി) ബനീ ഇസ്രായേൽ സന്തതികളിലേക്കുള്ള ഒരു ദൂതനാണ്

നമ്മുടെ ഈ കാലഘട്ടം, മതനിന്ദയുടെ പേരിൽ മുസ്‌ലിം ബഹുജനങ്ങളുടെ വികാരം വ്രണപ്പെടുത്തുന്നതിൽ മതമൗലിക വാദികൾ അത്യധികം ജാഗ്രത പാലിക്കുന്നവരാണ്. യേശു(അ)വിന്റെ ജീവൻ പണ്ട് യഹൂദ ജനതയുടെ കൈകളിൽ സുരക്ഷിതമല്ലാതിരുന്നതിനേക്കാൾ കൂടുതലായി മുസ്‌ലിം മതഭ്രാന്തൻമാരുടെ കൈകളിൽ സുരക്ഷിതമായിരിക്കുകയില്ല. അദ്ദേഹത്തിന്റെ ആദ്യത്തെ സന്ദർശനത്തിൽ അഭിമുഖീകരിച്ചിട്ടില്ലാത്ത മറ്റു പല വിധത്തിലുള്ള വിപത്തുകളേയും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വരും. യേശു (അ)വിന്റെ കാലത്ത് യഹൂദ ലോകത്തുള്ളതിനേക്കാൾ കൂടുതൽ മതഭിന്നതയും പിളർപ്പും കൂടുതൽ തീക്ഷ്ണമായും അസഹിഷ്ണുതയോടെയും മുസ്‌ലിംകളിൽ നിലനിൽക്കുന്നു.

അദ്ദേഹം എപ്പോഴെങ്കിലും ഭൂമിയിൽ ഇറങ്ങിയെന്നിരിക്കട്ടെ, ആ ഇറക്കം മുസ്‌ലിം രാജ്യത്താണെങ്കിൽ അദ്ദേഹത്തിന്റെ ജീവന് അത് വമ്പിച്ച ഭീഷണിയായിരിക്കും ഉയരുക. അദ്ദേഹത്തിന്റെ ലാന്റിങ്ങ് ഭൂമി ഇറാനാണെങ്കിൽ അദ്ദേഹത്തിന്റെ സൈദ്ധാന്തിക നിലപാടുകൾ സംബന്ധിച്ച് കഠിനമായ ഒരു വിചാരണ നേരിടേണ്ടി വരുമെന്ന കാര്യം ഉറപ്പാണ്. അദ്ദേഹം പന്ത്രണ്ട് ഇമാമുകളിൽ വിശ്വസിക്കുന്നുണ്ടോ? അതല്ല അവരെ അദ്ദേഹം നിഷേധിക്കുന്നുണ്ടോ? അദ്ദേഹം അബൂബക്കറിന്റെയും ഉമറിന്റെയും ഉഥ്മാന്റേയും ഖിലാഫത്തിൽ വിശ്വസിക്കുന്നുണ്ടോ അതല്ല അത് നിരാകരിക്കുന്നുണ്ടോ? ഹദ്റത്ത് അലി(റ)യെ റസൂൽ തിരുമേനിയുടെ കണ്ണി മുറിയാത്ത പിൻഗാമിയായി അംഗീകരിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം ശിയാ വിശ്വാസങ്ങളുമായി അദ്ദേഹം ഒത്തു പോകുമെങ്കിൽ തന്നെ അദ്ദേഹത്തിന്റെ ജീവന് നേരെയുള്ള ഭീഷണി ഒഴിഞ്ഞു പോകുന്നില്ല. കാരണം ഇതുകൂടാതെ പന്ത്രണ്ടാമത്തെ ഇമാം അപ്രത്യക്ഷനായത് സംബന്ധിച്ച ഒരു പ്രശ്നം കൂടിയുണ്ട്. അവരുടെ പന്ത്രണ്ടാമത്തെ ഇമാം(അൽ മഹ്ദി) ആകാശത്തെവിടെയെങ്കിലും ഇപ്പോഴും മറഞ്ഞിരിക്കെ അദ്ദേഹം (ഈസാനബി(അ))മാത്രം ഒറ്റക്ക് എന്തുകൊണ്ട് ഭൂമിയിലേക്ക് വരാൻ ആഗ്രഹിച്ചു എന്ന് അവർ ചോദിക്കും. യേശു(അ)വിന്റെ സത്യത്തെ സംബന്ധിച്ച് ആ ഇമാമിന്റെ വ്യക്തിപരമായ സാക്ഷ്യം കൂടാതെ മിക്കവാറും യേശു(അ) ഒരു വ്യാജനാണെന്ന പേരിൽ ഒരു കുറ്റവാളിയായി പ്രാഖ്യാപിക്കപ്പെടുമെന്ന കാര്യം ഉറപ്പാണ്.

ഖലീഫമാരായ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ) എന്നിവരെ അംഗീകരിക്കുകയാണെങ്കിൽ അദ്ദേഹം ഒരു വ്യാജവാദി എന്നതിനേക്കാൾ കടുത്ത രീതിയിൽ അപലപിക്കപ്പെടും. അതിന് ശേഷം സാധാരണ നിയമപ്രകാരം കൊല്ലപ്പെടുകയും ചെയ്യും.

അദ്ദേഹം ഷിയാ വിശ്വാസവും വെച്ചു പുലർത്തി ഒരു സുന്നി രാജ്യത്താണ് ആകാശത്ത് നിന്നും ലാന്റ് ചെയ്തതെങ്കിൽ അദ്ദേഹം ആകാശത്തേക്ക് തന്നെ തിരിച്ചയക്കപ്പെടും. സുന്നി വിശ്വാസങ്ങളാണ് കൈകൊള്ളുന്നതെങ്കിൽ പോലും അദ്ദേഹത്തിന്റെ ജീവൻ വിപത്തിൽ നിന്നും വിമുക്തമല്ല. കാരണം ആ രാജ്യത്ത് കഴിയുന്ന ഓരോ സുന്നി ഗ്രൂപ്പുകളും അവരവരുടെ വിശ്വാസം ശരിയാണെന്ന് സാക്ഷ്യപ്പെടുത്താനാവശ്യപ്പെടും. അല്ലെങ്കിൽ അദ്ദേഹം കള്ളനാണെന്ന് പറഞ്ഞ് നിഷേധിക്കപ്പെടും. ബറേൽവികളുടെയോ വഹാബി മതമൗലവിവാദികളുടേയോ രാജ്യത്ത് യേശു(അ) വരികയാണെങ്കിൽ ഇവർ രണ്ടു കൂട്ടരുടേയും വിശ്വാസത്തിലേക്ക് ഏതിലേക്കാണ് പരിവർത്തനം ചെയ്യേണ്ടതെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും. ഇവരിൽ ഏതെങ്കിലും ഒരു കക്ഷിയാണ് തന്റേതെന്ന് യേശു(അ) പറയുകയാണെങ്കിൽ അത് അപര കക്ഷിയുടെ

മതപുരോഹിതൻ വധശിക്ഷ വിധിച്ചതിന് സമമായിട്ടായിരിക്കും യേശുവിന് അനുഭവപ്പെടുക.

ഈ അപലപനങ്ങൾക്കെല്ലാം കാരണം അദ്ദേഹം വിവിധ കക്ഷികളുടെ സ്വന്തമാണെന്ന് പറയുന്നത് കൊണ്ട് മാത്രമല്ല. അദ്ദേഹത്തെ വധിക്കാൻ വിധിക്കുന്നത് ദൈവത്തിന്റെ യഥാർത്ഥ പ്രവാചകന്റെ കപടവേഷം കെട്ടിയ ആൾ എന്ന കുറ്റം ആരോപിച്ചു കൊണ്ടായിരിക്കും. ഒരു യഥാർത്ഥ പ്രവാചകന് തെറ്റായ മതവീക്ഷണം വെച്ച് പുലർത്താൻ കഴിയില്ല എന്നായിരിക്കും അവരുടെ വാദം. ഓരോ വിഭാഗവും അവരവരുടെ വിശ്വാസമനുസരിച്ച് യേശു(അ)വിനെ വിധിക്കും. ആരും തന്നെ യേശു(അ)വിന്റെ വിധിക്ക് തങ്ങളുടെ വിശ്വാസത്തെ വിധേയമാക്കില്ല.

ഇവിടെ മറ്റൊരു ചോദ്യം കൂടി ഉയർന്നവരും. അദ്ദേഹം ഏത് നിയമവിചാരസരണി അഥവാ കർമ്മശാസ്ത്രസരണി (മദ്ഹബ്)യിൽപ്പെട്ട ആളായിരിക്കും എന്നതായിരിക്കും ആ ചോദ്യം. അദ്ദേഹം ഹദ്റത്ത് ഇമാം മാലിക്കിന്റെയോ ഹദ്റത്ത് ഇമാം അബൂഹനീഫയുടേയോ ഹദ്റത്ത് ഇമാം ശാഫിയുടേയോ ഹദ്റത്ത് ഇമാം അഹ്മദ്ബിൻ ഹംബലിന്റേയോ മദ്ഹബിൽപ്പെട്ട ആളായിരിക്കുമോ? അത്തരത്തിലുള്ള നിയമവിധികളുടെ തർക്കവിതർക്കങ്ങളുടെ അനുഭവമില്ലാത്ത അദ്ദേഹം ഇത്തരം വാദകോലാഹലങ്ങളുടെ കെണിയിൽപ്പെട്ട അനുഭവമായിരിക്കും ഉണ്ടാവുക. അദ്ദേഹം ഭൂമിയിലേക്ക് ഒരിക്കലും തിരിച്ചു വന്നിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നു എന്ന് എങ്ങനെ ആഗ്രഹിക്കാതിരിക്കും! അവസാനം അദ്ദേഹം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ വേഷം അണിയാമെന്ന് വെച്ചാൽ ബാക്കി എഴുപത്തൊന്ന് കക്ഷികളും ശക്തമായി അദ്ദേഹത്തെ നിഷേധിക്കും. ഇതുകൂടാതെ അദ്ദേഹം തുടർച്ചയായി നിഷേധിക്കപ്പെടുന്ന അപകടത്തേയും അഭിമുഖീകരിക്കേണ്ടതുണ്ട്. അത് മുകളിൽ പരാമർശിച്ച ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കും. ആ ഖുർആനിക വചനം പ്രഖ്യാപിക്കുന്നത് അദ്ദേഹം *'ബനീ ഇസ്റാഈൽ സന്തതികളിലേക്കുള്ള ഒരു ദൂതനാണ്'* എന്നാണ്.

നിങ്ങൾ എവിടെ നിന്നാണോ വന്നത് അവിടേക്ക് തന്നെ തിരിച്ചു പോകുക (Go back)എന്ന മുദ്രാവാക്യം അവിടെ കൂടിനിന്ന ഏതെങ്കിലും മതഭ്രാന്തനിൽ നിന്നും ഉയർന്നെന്നും വരാം. വേഗം ഇവിടെ നിന്നും ഇസ്രായേൽ സ്റ്റേറ്റിലേക്ക് വിമാനം തിരിച്ചു വിട്ട് സ്ഥലം വിടുക എന്ന് കുറിക്ക് കൊള്ളുന്ന രൂപത്തിൽ അദ്ദേഹത്തോട് ആവശ്യപ്പെട്ടെന്നിരിക്കും. ജൂതജനതയുടെ കൈയ്യാൽ രണ്ടാമതും വിചാരണ ചെയ്യാൻ താങ്കൾ തയ്യാറാണെങ്കിൽ ജൂത ജനതയുടെ അടുക്കലേക്ക് പോകുക. താങ്കളുടെ ഐഡന്റിറ്റി വെളിപ്പെടുത്തുക.

ഈ പുതിയ സംഭവഗതികളിൽ ദൈവം എന്താണ് ചെയ്യുക എന്ന് ആരും അത്ഭുതപ്പെടും. ഒരിക്കൽ കൂടി അദ്ദേഹത്തെ രക്ഷിക്കാൻ ദൈവം മാലാഖമാരോട് തിടുക്കം കൂട്ടി കൊണ്ട് അദ്ദേഹത്തിന്റെ പഴയ ആകാശ സങ്കേതത്തിലേക്ക് ഉയർത്തുമോ? അതല്ല യഹൂദ മുസ്ലിം പുരോഹിതൻമാരുടെ കരുണക്കു മുമ്പിൽ ദൈവം അദ്ദേഹത്തെ ഉപേക്ഷിക്കുമോ? ഇസ്രായേൽ രാജ്യത്ത് ഇസ്രായേലി ഭടൻമാരാൽ രണ്ടാമതും അദ്ദേഹം ക്രൂശിക്കപ്പെടുമോ? അല്ലെങ്കിൽ മുസ്ലിം ആരാച്ചാരൻമാരുടെ കൈകളാൽ അദ്ദേഹം തൂക്കിലേറ്റപ്പെടുമോ? ഈ ദുഃഖം നിറഞ്ഞ ലോകത്ത് അദ്ദേഹം വീണ്ടും പ്രത്യക്ഷപ്പെടുകയാണെങ്കിൽ ഭാവിയിലുയരുന്ന ചോദ്യങ്ങളായിരിക്കുമിതെല്ലാം. അദ്ദേഹം ആദ്യം വന്നതിനേക്കാൾ അസാധ്യമായ ഒന്നായിരിക്കും അദ്ദേഹത്തിന്റെ പുതിയ ദൗത്യം.

**ഗൗ**രവതരമായ ഒരു കാര്യം കൂടി നാം വായനക്കാരനെ ഉണർത്തുന്നു. യുക്തി ബോധം കൂടാതെ മതം വ്യാഖ്യാനിച്ചെങ്കിൽ അതുപോലെ വിശ്വാസവും കാര്യകാരണവുമായി വഴിപിരിയുകയാണെങ്കിൽ യുക്തിയില്ലാത്ത വെറും മിത്തും കഴമ്പില്ലാത്ത വെറും ഇതിഹാസവുമായി മതം പരിണമിക്കും. ചിന്താശേഷിയില്ലാത്ത വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരൻ ദിവ്യജ്ഞാനത്തിന്റെ വെറും പരിഹാസരൂപങ്ങൾ സൃഷ്ടിക്കുന്നവരായി മാറും. ഈ പ്രവചനങ്ങളുടെ യഥാർത്ഥ പ്രാധാന്യം മനസ്സിലാകാതെ വന്നത് വാസ്തവത്തിൽ പൊറുക്കാവുന്നതാണ്. അവരുടെ കാലഘട്ടം വേറിട്ട ഒന്നായിരുന്നു. ലോകത്തെ പറ്റിയും പ്രപഞ്ചത്തെ പറ്റിയുമുള്ള അവരുടെ ധാരണകൾ വെറും ഊഹങ്ങളായിരുന്നു. പക്ഷേ സമകാലീന ലോകത്ത് ജീവിക്കുന്ന ഈ മധ്യകാലമനസ്ഥിതിക്കാർ യുക്തി പ്രബുദ്ധമായ ഈ കാലഘട്ടത്തിൽ ജനിച്ചവരും വളർത്തപ്പെട്ടവരുമാണ്. ദിവ്യ പ്രവചനങ്ങളുടെ ഇത്തരത്തിലുള്ള അവരുടെ വായന യാതൊരു നിലക്കും നീതികരിക്കാൻ കഴിയാത്തതാണ്. ദൈവത്തിന്റെ സത്യസന്ധനായ അടിമ യേശു(അ)വിന്റെ ആത്മാവ് തീർച്ചയായും അദ്ദേഹത്തിന് വേണ്ടി ഒരുക്കിവെച്ച ദൈവത്തിന്റെ പക്കലുള്ള ഉന്നത സ്ഥാനത്ത് മടങ്ങിയെത്തിയിട്ടുണ്ടാവും. അവർ കാത്തിരിക്കുന്ന യേശു അവരുടെ മനസ്സിലെ വെറുമൊരു മിഥ്യ മാത്രമാണ്. ഒരായിരം തവണ അത്തരത്തിലുള്ള മിഥ്യാരൂപം ക്രൂശിക്കപ്പെട്ടാലും കുത്തിക്കൊലപ്പെടുത്തിയാലും ആരാണ് അത് ശ്രദ്ധിക്കുക. എന്നാൽ യേശുവിന്റെ ശരീരത്തോടു കൂടിയുള്ള ആകാശാരോഹണവും ബഹിരാകാശത്ത് എവിടെയെങ്കിലും അദ്ദേഹത്തിന്റെ സംരക്ഷണവുമെല്ലാം ഭാവിയിൽ ഒരു പ്രവാചകന്റെ ആവശ്യം നിറവേറ്റുവാൻ വേണ്ടി മാത്രമുള്ളതാണ്. ഇത് മനുഷ്യന്റെ ഔചിത്യ ബോധത്തിൽ പ്രകോപനം സൃഷ്ടിക്കുന്ന ഒരു ഭാവനാ വിലാസമാണ്. ഇത്തരം വിഡ്ഢിത്തരങ്ങൾ ദൈവത്തിൽ ആരോപിക്കുന്നതിനാൽ തങ്ങൾ ശിക്ഷിക്കപ്പെടില്ലെന്ന

**ശേഷം പേജ് 25 ൽ**

# മഗ്ദലന മറിയം:

## ആരായിരുന്നു മഗ്ദലന മറിയം?

മഗ്ദലന മറിയം യേശുവിന്റെ പ്രിയപ്പെട്ട ശിഷ്യയും ധർമ്മ പത്നിയുമാണെന്നതിന്ന് ബൈബിൾ ശക്തമായ സൂചനകൾ നൽകുന്നു. തിരസ്കൃത സുവിശേഷങ്ങളും ഈയ്യിടെ ലഭിച്ച പാപ്പിറസും യേശുവിന്റെ ദാമ്പത്യത്തിലേക്ക് തന്നെയാണ് വിരൽചൂണ്ടുന്നത്. സഭയിൽ ഉന്നത സ്ഥനമുണ്ടായിരുന്ന മഗ്ദലന മറിയത്തെ പുരുഷ മേധാവിത്വമുള്ള സഭ അനഭിമതയായി ചിത്രീകരിക്കുകയായിരുന്നു. മഗ്ദലന പശ്ചാത്തപിച്ച പാപിനിയാണെന്ന് ആശയം കേരളത്തിൽ പ്രബലമാക്കിയത് മഹാകവി വള്ളത്തോളിന്റെ 'മഗ്ദലന മറിയം' എന്ന ഖണ്ഡകാവ്യമാണ്.

എ. എം. മുഹമ്മദ് സലീം

നിഗൂഢതകളുടെ പരസഹ സ്രം തിരസ്ക്കരണികൾക്കുള്ളിൽ ദൈവപുത്ര പരിവേഷത്തിൽ ഇതിഹാസ രൂപിയായി നിൽക്കുന്ന യേശു വിവാദങ്ങളുടെ നിത്യഹരിത നായകനാണ്. യേശു വിവാഹിത നായിരുന്നു എന്ന് ബൈബിൾ ശക്തമായ സുചനകൾ നൽകുന്നു. പുരാരേഖകളുടെ അടിസ്ഥാനത്തി ലുള്ള പുതിയ വെളിപ്പെടുത്തലുക ളും അതിലേക്ക് തന്നെ വിരൽ ചൂണ്ടുന്നു. വിശ്വാസത്തിന്റെ സങ്ക ൽപ്പ സൗധത്തിൽ വിഗ്രഹവത്ക്കരി ച്ച് പ്രതിഷ്ഠിച്ച ക്രിസ്തുവിലേക്ക് ചരിത്രകാരൻ തെളിവുകളുടെ സർച്ച് ലൈറ്റുമായി വെളിച്ചം പായിക്കുമ്പോൾ വാതായനങ്ങൾ കൊട്ടിയടക്കുന്ന വത്തിക്കാൻ യേശുവുമായുള്ള മഗ്ദലനയുടെ നിതാന്ത നിസ്തുല സ്നേഹ ബന്ധത്തിന്റെ പുതിയ വെളിപ്പെടു ത്തലിനു മുമ്പിലും അത് ആവർ ത്തിക്കുകയുണ്ടായി.

ആരായിരുന്നു മഗ്ദലനക്കാരി മറിയം? അവർക്ക് യേശുവുമായു ള്ള ബന്ധം എന്തായിരുന്നു? യേശു വിന്റെ അപ്പോസ്തല ശിഷ്യന്മാർ പോലും ഭയന്നോടിയ ഭീഭത്സമായ ആ പരീക്ഷണ ഘട്ടങ്ങളിൽ അദ്ദേഹ ത്തെ നിഴൽ പോലെ പിന്തുടരുന്ന മഗ്ദലന മറിയം വാസ്തവത്തിൽ ആരായിരുന്നു? അപകീർത്തികര മായ ഒരു പൂർവ്വ പശ്ചാത്തലത്തി ൽ ക്രൈസ്തവ സാഹിത്യം തമസ്ക്കരിച്ചിട്ടും മഗ്ദലനയുടെ ഉജ്ജ്വല വ്യക്തിത്വത്തിന്റെ ധാവ ള്യം എല്ലാ തിരസ്ക്കരണികളെയും ഭേദിച്ച് പുറത്ത് വരികയാണ്.

### മഗ്ദലന മറിയം ബൈബിളിൽ

പുതിയ നിയമത്തിലെ നാല് കാനോനിക സുവിശേഷങ്ങളിലും മഗ്ദലന മറിയം പ്രത്യക്ഷപ്പെടുന്നു ണ്ട്. ബൈബിൾ വിവരിക്കുന്ന യേശുവിന്റെ ജീവിതത്തിലെല്ലാം മഗ്ദലനയുടെ സന്നിദ്ധ്യമുണ്ട്. 12 തവണ അവരെക്കുറിച്ച് പുതിയ നിയമം പ്രതിപാദിക്കുന്നു. ലൂക്കോ സ് 8:2–3 ൽ അവർ അപ്പോസ്തല സംഘത്തോടൊപ്പം സ്ഥിരമായി യേശുവിന്റെ ദൗത്യയാത്രകളിൽ പങ്കെടുത്തിരുന്നതായി സൂചിപ്പിക്കു ന്നു. യേശുവിന്റെ അനുയായി വൃന്ദത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെട്ടിരുന്ന ശിഷ്യയായിരുന്നു മഗ്ദലനക്കാരി മറിയം. കാനോനിക സുവിശേഷങ്ങളിൽ നാലെണ്ണത്തി ലും കാനോനികമല്ലാത്ത അപ്പോ ക്രിഫാ സുവിശേഷങ്ങളിലും മഗ്ദലനയെ പറ്റി പ്രതിപാദനമുണ്ട്. ക്രിസ്തുസഭ ഔദ്യോഗികമായി അംഗീകരിച്ച സുവിശേഷമാണ് കാനോനിക സുവിശേഷങ്ങൾ. സഭ തള്ളിയ സുവിശേഷങ്ങളാണ് അപ്പോക്രിഫാ സുവിശേഷങ്ങളെ ന്നും പറയുന്നത്. സഭ ചോദ്യം ചെയ്യപ്പെടാതെ അംഗീകരിച്ചുവെന്ന തല്ലാതെ ചരിത്രപരമായി ഇരു സുവിശേഷങ്ങൾക്കും ഒരേ ആധി കാരികതയാണുള്ളത്. അപ്പോക്രി ഫാ ഇനത്തിൽപെട്ട സുവിശേഷ ങ്ങളാണ് യേശുവിനെപറ്റിയുള്ള ഔദ്യോഗിക നിലപാടുകളെ വെല്ലുവിളിച്ചുകൊണ്ട് ഇടക്കിടെ വാർത്തകൾ സൃഷ്ടിക്കുന്നത്. ഗലീലി കടലിനടുത്തുള്ള മഗ്ദലന എന്ന ഗ്രാമത്തിൽ ജനിച്ചവളായത് കൊണ്ടാണ് മറിയക്ക് ആ പേര് വന്നതെന്ന് പറയപ്പെടുന്നു. ഹിബ്രു വിൽ Migdal എന്നാണ് ഉച്ചാരണം. അതിന്ന് ഗോപുരം, കോട്ട എന്നൊ

ക്കെയാണ് അർത്ഥം അറാമിക് ഭാഷയിലും ഗോപുരം, ഉന്നതമായ സ്ഥലം, മഹത്വരം എന്നൊക്കയാണ് അർത്ഥം. നാല് സുവിശേഷങ്ങളിലും പ്രതിപാദിക്കപ്പെടുന്ന മഗ്ദലന മറിയം യേശുവിന്റെ കൊടിയ പീഢനകാലത്ത് മറ്റെല്ലാ പുരുഷ ശിഷ്യന്മാരും യേശുവിനെ കൈയ്യൊഴിഞ്ഞപ്പോഴും അദ്ദേഹത്തെ ഒരു നിഴൽപോലെ പിന്തുടരുന്നത് കാണാം. യേശുവിന്റെ ക്രൂശീകരണ വേളയിൽ കാൽപ്പാദത്തിനരികെയിരുന്നവരുടെ പേര് വിവരിക്കുന്നതിൽ ആദ്യത്തെയാൾ മഗ്ദലനയാണ്, കല്ലറയിലെ ശുശ്രൂഷ, കല്ലറ ശൂന്യമാകൽ, പിന്നീട് ക്രിസ്തുവിന്റെ പ്രത്യക്ഷനാകൽ തുടങ്ങി ക്രൈസ്തവ മുക്തി ശാസ്ത്രത്തിലെ നിർണ്ണായ സംഭവ പരമ്പരകൾക്കെല്ലാം സാക്ഷ്യം വഹിച്ചത് മഗ്ദലനയാണ്. യേശുവുമായുള്ള അവരുടെ അഗാധ സ്നേഹം വെളിപ്പെടുത്തുന്നതാണ് ഈ ബൈബിൾ വാക്യങ്ങൾ. യേശുവുമായുള്ള അടുപ്പം കാരണം ആദിമ ക്രിസ്തു സഭയിൽ മഗ്ദലനക്ക് അപ്പോസ്തല പദവിയാണുണ്ടായിരുന്നത്. എങ്കിലും മഗ്ദലന മനം മാറ്റം വന്ന പാപിനിയായിട്ടാണ് ക്രിസ്തീയ സാഹിത്യങ്ങളിൽ വിവരിക്കപ്പെട്ടു കാണുന്നത്. അവരെപറ്റിയുള്ള ക്രിസ്തീയ കലാരചനകളിലും ശരീര ചിത്രീകരണങ്ങളിലും മാംസ ബദ്ധമായ ഒരു മാനം കാണാവുന്നതാണ്. സഭക്ക് അധികാരവും പുരുഷ മേധാവിത്വവും മേൽകൈ നേടിയപ്പോൾ സ്ത്രീ വിരുദ്ധമായ നിലപാടും മനോഭാവവും വളർത്തിക്കൊണ്ടു വരുവാൻ സഭയിൽ ആസൂത്രിത ശ്രമമുണ്ടായി. ബ്രഹ്മചര്യത്തിന്ന് പ്രോത്സാഹനവും വൈവാഹിക ലൈംഗികത പോലും പാപമാണെന്നുമുള്ള പ്രചാരണം ശക്തിപ്പെടുകയും ചെയ്തു. ഒരു പക്ഷേ മഗ്ദലന മറിയത്തിന് ക്രിസ്തു ശിഷ്യന്മാർക്കിടയിലുണ്ടായിരുന്ന സമുന്നത പദവി ഇകഴ്ത്തിക്കാട്ടാൻ പുരുഷ മേധാവിത്വത്തിലധിഷ്ഠിതമായ സഭയുടെ ആദ്ധ്യാത്മിക ശ്രേണി ബോധപൂർവ്വം ഇങ്ങിനെയൊരു ശ്രമം നടത്തിയതാവാം. കത്തോലിക്കാ സഭയിലെ പ്രഗത്ഭ സുവിശേഷ വ്യഖ്യാതാവായിരുന്ന പോപ്പ് ഗ്രിഗറിയാണ് എഡി 591ൽ മഗ്ദലന മറിയത്തിന്റെ പരിശുദ്ധ വ്യക്തിത്വത്തിന്ന് നേരെ കരിനിഴൽ വീഴ്ത്തിയത്. അദ്ദേഹം മഗ്ദലനയെ ഒരു വേശ്യയും പാപിനിയുമായി ചിത്രീകരിച്ചു.


## മഗ്ദലന പാപിനിയായ സ്ത്രീയല്ല

മഗ്ദലന മറിയം വേശ്യയായി ചിത്രീകരിക്കാൻ നിദാനമായ ബൈബിൾ വാക്യം ലൂക്കോസ് 7: 36–50 വരെയുള്ള വചനങ്ങളിൽ കാണാം. ഫരിസിയനായ ഒരുവൻ യേശുവിനെ തന്റെ വീട്ടിലേക്ക് ഭക്ഷണം കഴിക്കാൻ ക്ഷണിക്കുകയുണ്ടായി. അവിടെ നഗരത്തിലെ പാപിനിയായ ഒരു സ്ത്രീ വന്നു യേശുവിന്റെ പാദങ്ങൾ കണ്ണുനീർ കൊണ്ട് കഴുകുകയും തലമുടി കൊണ്ട് പാദം തുടക്കുകയും യേശുവിന്റെ തൃപ്പാദങ്ങളിൽ ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു. പാപിനിയായ ഈ സ്ത്രീ യേശുവിനെ ഉപചരിച്ചതിൽ ആതിഥേയനായ ഫരിസേയൻ അതൃപ്തി പ്രകടിപ്പിച്ചതായി ബൈബിളിൽ കാണാം..*'**ഇവൻ (യേശു) ഒരു പ്രവാചകൻ ആയിരുന്നെങ്കിൽ, തന്നെ സ്പർശിച്ച് സ്ത്രീ ആരാണെന്നും എങ്ങനെയുള്ളവൾ എന്നും അറിഞ്ഞേനെ. ഇവൾ ഒരു പാപിനിയാണല്ലോ'(ലൂക്കോസ് 7: 39–40)*** വാസ്തവത്തിൽ ഈ സ്ത്രീ മഗ്ദനലന ആയിരുന്നില്ല, അപ്പോൾ യേശു ആ സ്തീയെ സമാശ്വസിപ്പിക്കുയും എതിർപ്പ് പ്രകടിപ്പിച്ചവരുടെ മുമ്പിൽ വെച്ച് അവൾ ചെയ്ത പ്രവൃത്തിയെ പ്രശംസിക്കുകയും ചെയ്തു. പിന്നീട് യേശു അവിടെ നിന്നും യാത്രയായി. നഗരത്തിലെ പാപിനിയായ ഈ സ്ത്രീയുടെ വിവരണത്തെ തുടർന്നുള്ള വചനങ്ങളിലാണ് മഗ്ദലനയെക്കുറിച്ചുള്ള പരാമർശം. **'അശുദ്ധാത്മാക്കളിൽ നിന്നും രോഗങ്ങളിൽനിന്നും വിമുക്തമായ കുറേ സ്ത്രീകളും കൂടെയുണ്ടായിരുന്നു. മഗ്ദലനക്കാരി എന്ന് വിളിക്കപ്പെടുന്ന മറിയം, ഇവളിൽ നിന്നാണ് ഏഴു പിശാചുക്കൾ പുറത്ത് പോയത് (ലൂക്കോസ് 8: 1–3)'** ഈ വചനത്തിൽ മഗ്ദലന പാപിനിയാണെന്ന ഒരു പരാമർശം പോലുമില്ല. മേൽ പറഞ്ഞ ഫരിസിയന്റെ വീട്ടിൽ വന്ന പാശ്ചാത്താപ വിവശയായ പാപിനിയായ സ്ത്രീ മഗ്ദലനക്കാരി മറിയം അല്ല. അത് മറ്റൊരു സ്ത്രീയാണെന്ന് വളരെ വ്യക്തമാണ്. നഗരവാസിയും പാപിനിയുയായ ആ സ്ത്രീയെ മഗ്ദലനക്കാരി മറിയമുമായി സാമ്യപ്പെടുത്തിയാണ് അവരിൽ പാപം ആരോപിക്കുന്നത്. അല്ലാതെ ബൈബിൾ വചനങ്ങളിൽ നിന്നും അവർ ഒരിക്കലും പാപിയാണെന്ന് തെളിയിക്കാൻ സാദ്ധ്യമല്ല. പിശാചിനെ പുറത്താക്കിയ പരാമർശമാണ് മഗ്ദലനയെ പാപിനിയായി ചിത്രീകരിക്കാനുള്ള സാഹചര്യമൊരുക്കിയത്. അക്കാലത്ത് രോഗം ബാധിക്കുന്നത് ദുരാത്മാക്കൾ കൂടുന്നത് കൊണ്ടാണെന്നാണ് പരക്കെയുള്ള വിശ്വാസം എന്നത് പ്രസ്തുത ബൈബിൾ വചനത്തിൽ നിന്നും തന്നെ വ്യക്തമാണ്. മറിയയിൽ കുടികൊണ്ട പിശാച് എന്നത് അവർക്കുണ്ടായിരുന്ന വല്ല രോഗവുമായിരിക്കണം. ഈ പിശാച്ച് മഗ്ദലനയിലുള്ള സദാചാര വീഴ്ച്ചയും ചാരിത്ര്യ ഭംഗവുമാണെന്ന് 6–ാം നൂറ്റാണ്ടിൽ ജീവിച്ച പോപ്പ് ഗ്രിഗറി വ്യഖ്യാനിച്ചുകളഞ്ഞു.

## വള്ളത്തോളും 'മഗ്ദലന മറിയയും'

അതിന് ശേഷം മഗ്ദലന മറിയം പാപിനിയും വേശ്യയുമാണെന്ന് ചിത്രീകരിച്ചുകൊണ്ട് നിരവധി എഴുത്തുകാരും കലാകാരന്മാരും കവികളും ഇരുപതാം നൂറ്റാണ്ടുവരെ രചനകളിലേർപ്പെട്ടു. നിക്കോസ് കസാന്ദ് സാക്കീസിന്റെ 'ദ ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് 'ലും, മെൽ ഗിബ്സന്റെ

'പാഷൻ ഓഫ് ക്രൈസ്റ്റിലും' ജോസ് സറമോഗോസിന്റെ 'ദ ഗോസ്പൽ എക്കോർഡിംങ്ങ് റ്റു ജീസസ് ക്രൈസ്റ്റ്'ലും മഗ്ദലന യുടെ ഈ ഭാവം കാണാം. നമ്മുടെ മലയാളത്തിലെ മഹാകവി വള്ള ത്തോളെഴുതിയ മനോഹരമായ കവിതയുടെ പേര് തന്നെ **'മഗ്ദലന മറിയം അഥവാ പശ്ചാത്താപം പ്രായശ്ചിത്തം'** എന്നാണ്. ഈ കവിതയിൽ മറിയയുടെ ചിത്രീകര ണം പരിവർത്തിതയായ പാപിനി എന്നനിലക്കായിരുന്നു. വൃന്ദാവന ത്തിലെ രാധയുമായുള്ള സമാഗമം പോലെയാണ് വള്ളത്തോൾ മറിയ യും ക്രിസ്തുവുമായുള്ള കണ്ടു മുട്ടൽ അവതരിപ്പിക്കുന്നത്. കുമാരനാശാന്റെ കരുണ എന്ന കവിതയിലെ ഉപഗുപ്തൻ എന്ന ബുദ്ധ മുനിയിൽ അനുരക്തയായ വാസവദത്ത എന്ന അഭിസാരിണി യുടെ ജീവിതത്തെ അനുസ്മരിപ്പി ക്കുന്ന രീതിയിലാണ് വള്ളത്തോൾ മഗ്ദലന മറിയയെ അവതരിപ്പിച്ചത്. മലയാളികളുടെ മനസ്സിൽ വിശുദ്ധ മഗ്ദലന പൂർവ്വ ജീവിതത്തിൽ ഒരു അഭിസാരിണിയാണെന്ന് ഭാവന ഉണ്ടാവാൻ വള്ളത്തോളിന്റെ ഈ കവിത സാരമായ പങ്കാണ് വഹിച്ച ത്. മഗ്ദലന മറിയയുടെ മാദക സൗന്ദര്യം വർണ്ണിച്ചുകൊണ്ടാണ് **'മഗ്ദലന മറിയം'** തുടങ്ങുന്നത്. കവിതയിലെ ഏതാനും വരികൾ ഇപ്രകാരമാണ്.



മഹാകവി വള്ളത്തോൾ

താഴെത്തേക്കെന്തിത്ര സൂക്ഷിച്ചു നോക്കുന്നു
താരകളെ നിങ്ങൾ നിശ്ചലമായ്
നിങ്ങൾ തൻ കൂട്ടത്തിൽ നിന്നിപ്പോൾ ആരാനും
ബന്ധമാർന്നൂഴിയിൽ വീണു പോയോ......
ആരും തിരിഞ്ഞു നൊക്കാത്തൊരാകുടിൽ
പുരുഷന്മാർക്കൊക്കെ പൂമേടയായ്
കെട്ടമാർഗ്ഗത്തിൽ നടന്ന നിൻ കാലിച്ചളി
മൃഷ്ടമായല്ലോ നിൻ കണ്ണീരാൽ താൻ
ക്രിസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം
നിസ്തുല കോമള വേണുഗാനം
ഏതോസ്വനഗ്രാഹി യന്ത്രത്തിൽ
നിന്നാവിർഭൂതമായ് തൻ ചെവിപൂകിയാറി
വൃന്ദാവനത്തിലെ മാൻപേടപോലെ
നിഷ്പന്ദമായ് നിന്നു മുഹൂർത്തമവൾ
ഇന്നലെ നാം കണ്ട തേവിടിപെണ്ണല്ല
ഇന്നിവൾ ചാരിത്ര ചാരുമുഖീ
ഒറ്റനാൾ കൊണ്ടൊകെ മാറിമറിഞ്ഞിവൾ
മറ്റൊരു ജന്മം ജനിച്ചപോലായ്

***(മഗ്ദലന മറിയം- വള്ളത്തോൾ)***

## ആ മറിയം മഗ്ദലന മറിയം അല്ല

ബൈബിൾ യോഹാന്നാനിൽ 8: 1-11വരെ വചനങ്ങളിൽ വ്യഭിചാര ത്തിന്ന് പിടിക്കപ്പെട്ട് ജനങ്ങൾ കല്ലെറിഞ്ഞുകൊല്ലാൻ കൊണ്ടു പോകുകയായിരുന്ന ഒരു സ്ത്രീയെ രക്ഷപ്പെടുത്തിയ വിവരണം കാണാം. പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ എന്ന് പറഞ്ഞ് കൊണ്ട് ആ സ്ത്രീയെ യേശു അവിടെ നിന്നും രക്ഷപ്പെടുത്തി. ഈ സ്ത്രീ യെ യാതൊരു തെളിവുമില്ലാതെ മഗ്ദലന മറിയയായി അവതരിപ്പിക്കു ന്നു. പോൾ ആറാമൻ മാർപ്പാപ്പ യുടെ പേപ്പസിക്കാലത്ത് ബൈബിൾ ലൂക്കോസിന്റെ സുവിശേഷത്തിൽ വിവരിച്ച പാപിനിയായവളിൽ നിന്നും ബഥനിയക്കാരി മറിയയിൽ നിന്നും വേർതിരിച്ചു പ്രഖ്യാപനം നടത്തുകയുണ്ടായി. പക്ഷേ മഗ്ദല ന മറിയയെ അപകീർത്തിപ്പെടു ത്തുന്ന പോപ്പ് ഗ്രിഗറിയുടെ പരാമർശത്തെ ഖണ്ഡിച്ചിട്ടില്ല. എങ്കിലും ഈ വിളംബരത്തിന്ന് ശേഷമാണ് മഗ്ദലനയുടെ അനഭിമതത്വത്തിന്ന് ക്രിസ്തു സഭയിൽ ശമനം വന്നത്.

മറ്റൊന്ന് ബൈബിൾ പുതിയ നിയമത്തിലുള്ള ഒരു പ്രശ്നമാണ്. പുതിയ നിയമത്തിൽ മറിയ എന്ന് പേരുള്ള കഥാ പാത്രങ്ങളെക്കൊ ണ്ടുള്ള ബാഹുല്യകാണാം. മഗ്ദലന ക്കാരി മറിയം, യേശുവിന്റെ മാതാവ് മറിയം, ലാസറിന്റെയും മാർത്തയു ടെയും സഹോദരി ബഥനിയക്കാരി മറിയം, ജെയിംസിന്റെ (യാക്കേബ്) യും യോസയുടെയും മാതാവ് മറിയം (ഇത് യേശുവിന്റെ മാതാവ് തന്നെയാണെന്നും പറയപ്പെടുന്നു), ക്ലോപ്പാസിന്റെ മാതാവ് മറിയം, പുതിയ നിയമം റോമക്കാർ 16: 6 ൽ

വിവരിക്കുന്ന മറിയം. ഈ മറിയ മാറിൽ വ്യക്തമായ ഐഡന്റിറ്റിയില്ലാതെയുള്ള ബൈബിൾ പരാമർശങ്ങൾ ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾ ബൈബിൾ പാരായണത്തിലനുഭവപ്പെടും. മഗ്ദലന മറിയമിനെ പാപിനിയായി ചിത്രീകരിക്കാനുള്ള ഒരു കാരണം ഇതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

## തിരസ്കൃത സുവിശേഷങ്ങളിൽ

ഔദ്യോഗികമായി അംഗീകരിക്കാത്തതും കനോനീകരിക്കാത്തതും പരസ്യവായനക്ക് ഉപയോഗിക്കാത്തതുമായ ഒളിപ്പിച്ചുവെച്ച ബൈബിളിനെയാണ് അപ്പോക്രിഫാ ബൈബിൾ എന്ന് പറയുന്നത്. ഒളിച്ചു വെച്ചത് എന്നാണ് എന്നാണ് അപ്പോക്രിഫാ എന്ന ഗ്രീക്ക് പദം കൊണ്ട് ഉദ്ദേശിക്കുന്നത്. 1896 ൽ ഈജിപ്തിൽ നിന്നും കണ്ടെടുത്തതും കാനോനികമല്ലാത്തതുമായ അപോക്രിഫ ഇനത്തിൽ പെട്ട സുവിശേഷമാണ് 'മറിയയുടെ സുവിശേഷം '(Gospel Of Mary) ബെർലിനിൽ സൂക്ഷിക്കപ്പെടുന്നതിനാൽ ബെർലിൻ കോഡക്സ് (Berlin Codex) എന്നും ഇത് അറിയപ്പെടുന്നും. അഞ്ചാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പാപ്പിറസ് പുരാരേഖയാണിത്. തന്റെ ശിഷ്യന്മാരുമായി നടത്തുന്ന ചോദ്യോത്തരങ്ങളാണ് മറിയയുടെ സുവിശേഷത്തിലെ പ്രതിപാദ്യം. അതിൽ മറിയ ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റേയും വചനങ്ങൾ ആണ് സംസാരിക്കുന്നത്. രക്ഷകനിൽ നിന്നും മറിയക്ക് ലഭിച്ച സവിശേഷമായ അറിവ് തങ്ങളുമായി പങ്കുവെക്കാൻ പത്രോസ് ഇതിൽ മറിയയോട് ആവശ്യപ്പെടുന്നുണ്ട്. അതിപ്രകരമാണ്. ***പത്രോസ് മറിയയോട് പറഞ്ഞു: ' സഹോദരീ, മറ്റെല്ലാ സ്ത്രീകളെക്കാളും രക്ഷകൻ നിന്നെ സ്നേഹിച്ചതായി ഞങ്ങൾക്കറിയാം. രക്ഷകൻ പറഞ്ഞു തന്നതും നിനക്ക് ഓർമ്മയുള്ളതുമായ വചനങ്ങൾ നീ ഞങ്ങൾക്ക് പറഞ്ഞു തരിക. നിനക്ക് അതറിയാം ഞങ്ങൾക്കതറിയില്ല. ഞങ്ങളത് കേട്ടതുമില്ല.'***

പത്രോസിന്റെ ഈ അഭ്യർത്ഥനയോട് മറിയ പ്രതികരിക്കുകയുണ്ടായി. ദർശനത്തെ പറ്റി രക്ഷകനും മറിയയും തമ്മിൽ നടന്ന ഒരു സംഭാഷണം മറിയ ഓർത്ത് പറഞ്ഞു.

***മറിയ പറഞ്ഞു: ഞാൻ രക്ഷനകനെ ഒരു ദർശനത്തിൽ കണ്ടു. ഞാൻ അവനോട് പറഞ്ഞു: 'കർത്താവേ ഇന്ന് ഞാൻ നിന്നെ ഒരു ദർശനത്തിൽ കണ്ടു.' അവൻ മറുപടിയായി കൊണ്ട് എന്നോട് പറഞ്ഞു: എന്റെ കൺമുമ്പിൽ വെച്ച് നീ ചാഞ്ചാടരുത്. എവിടെയാണോ മനസ്സുള്ളത് അവിടെ ഒരു നിധിയുണ്ട്. ഞാൻ രക്ഷകനോട് പറഞ്ഞു: 'കർത്താവേ ഒരു ദർശനം കാണുന്ന ഒരാൾ ഇപ്പോൾ അത് കാണുന്നത് ആത്മാവിലൂടെയോ അതോ മനസ്സിലൂടെയോ?'***

ഈ സംഭാഷണത്തിന് ശേഷമുള്ള നാല് പേജുകൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഈ സംഭാഷണത്തിൽ യേശു ഗ്നോസ്റ്റിക് ശൈലിയിൽ (നിഗൂഢജ്ഞാന മാർഗ്ഗം) ആത്മീയ കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. പക്ഷേ മഗ്ദലനയുടെ ഈ വിവരണത്തോട് മറ്റു ശിഷ്യന്മാർ വിയോജിക്കുന്നു. മറിയ സുവിശേഷം തുടരുന്നു. ***അന്ത്രയോസ് ഇത് കേട്ട് മറ്റുള്ളവരോടായി പറഞ്ഞു: 'അവൾ പറഞ്ഞതിനോട് നിങ്ങൾ എന്താണ് വിചാരിക്കുന്നത്? രക്ഷകൻ ഇങ്ങിനെ പറഞ്ഞതായി ഞാൻ വിശ്വസിക്കുന്നില്ല. ഈ അദ്ധ്യാപനങ്ങൾ തീർച്ചയായും മറ്റു ആശയങ്ങളെ സംബന്ധിച്ചുള്ളതായിരിക്കും.'***


***പത്രോസും ഇപ്പറഞ്ഞതുമായി അവളോട് വിയോജിച്ചു. എന്നിട്ട് അവളോട് ചോദിച്ചു; 'രക്ഷകൻ ഞങ്ങളെ വിട്ട് പരസ്യമായിട്ടല്ലാതെ ഒരു സ്ത്രീയുമായി രഹസ്യത്തിൽ സംസാരിച്ചുവോ? നാം പിന്തിരിഞ്ഞ് എല്ലാം അവളിൽ നിന്ന് കേൾക്കണമോ? നമുക്കായി രക്ഷകൻ അവളെയാണോ ഇഷ്ടപ്പെട്ടത്?'***

ഈ വചനങ്ങളിൽ നിന്നും മറ്റുള്ളവരെ പഠിപ്പിക്കാൻ മഗ്ദലന മറിയയെയാണ് യേശു തിരഞ്ഞെടുത്ത് എന്ന സൂചനയുണ്ട്.

1945 ൽ ഈജിപ്തിലെ നാഗ് ഹമ്മാദിയിൽ നിന്നും കണ്ടെടുത്ത തോമസിന്റെ സുവിശേഷത്തിലും മഗ്ദലന മറിയയെക്കുറിച്ച് പരാമർശമുണ്ട്. കൂടുതൽ നിഗൂഢജ്ഞാന മാർഗ്ഗത്തിൽ (ഗ്നോസ്റ്റിക്ക്) എഴുതപ്പെട്ട സുവിശേഷം എന്നാണ് തോമസ് സുവിശേഷം അറിയപ്പെടുന്നത്. കേരളത്തിലേക്ക് വന്ന സെന്റ് തോമസിന്റെ പേരിലാണ് ഈ സുവിശേഷം അറിയപ്പെടുന്നത്. മഗ്ദലനക്ക് പുരുഷന്മാർക്ക് സമമായ സ്ഥാനം മഗ്ലനക്ക് നൽകി ആദരിക്കുന്നുണ്ട്. തോമസിന്റെ സുവിശേഷം പറയുന്നു. ***'ശീമോൻ പത്രോസ് അവരോട് പറഞ്ഞു: മറിയം നമുക്കിടയിൽ നിന്ന് പോകട്ടെ എന്തെന്നാൽ സ്ത്രീകൾ ജീവന് അർഹതയില്ലാത്തവരാകുന്നു. യേശു പറഞ്ഞു: കണ്ടാലും അവളെ ഞാൻ പൗരുഷത്തിലേക്ക് നയിക്കും. നിങ്ങൾ പുരുഷന്മാരെപ്പോലെ അവളും ജീവിക്കുന്ന ആത്മാവാകാൻ വേണ്ടിയാണത്. എന്തെന്നാൽ സ്വയം പുരുഷനാക്കി മാറ്റുന്ന എല്ല സ്ത്രീയും ദൈവരാജ്യത്തിൽ പ്രവേശിക്കും' (തോമായുടെ സുവിശേഷം 114 വാക്യം)***



പ്രൊഫ: കാരൻ എൽ. കിംങ്ങ്



## പുതിയ വെളിപ്പെടുത്തൽ

2012 സെപ്തംബർ 18ന് ഹാർഡ്‌വാർഡ് ഡിവിനിറ്റി സ്കൂളിലെ ചരിത്ര പ്രഫസറായ കാരൻ എൽ. കിംങ്ങിന്റെതായിരുന്നു ഈ വെളിപ്പെടുത്തൽ. നാലാം നൂറ്റാണ്ടിൽ കോപ്റ്റിക്ക് ഭാഷയിലെഴുതപ്പെട്ട ഒരു പാപ്പിറസ് ലിഖിതത്തെ അടിസ്ഥാനമാക്കിയാണ് പ്രൊഫ: കാരൻ ക്രിസ്തീയ ലോകത്ത് വിവാദക്കൊടുങ്കാറ്റുയർത്തിയ പ്രസ്താവന നടത്തിയത്. മഗ്ദലന മറിയം യേശുവിന്റെ തമസ്ക്കരിക്കപ്പെട്ട ഭാര്യയാണെന്ന പ്രമേയത്തെ ആധാരാമാക്കി ഡാൻ ബ്രൗൺ രചിച്ച ' ഡാവിഞ്ചി കോഡ്' എന്ന നോവലിന് ശേഷം ഇത് ക്രിസ്തീയ ലോകത്തെ പിടിച്ചുലക്കുന്ന വാർത്തയായി തീരുകയുണ്ടായി.

റോമിൽ ചേർന്ന 'ഇന്റർനാഷണൽ കോൺഗ്രസ്സ് ഫോർ കോപ്റ്റിക്ക് സ്റ്റഡീസി'ലെ സമ്മേളന വേദിയിലായിരുന്നു കാരൻ എൽ കിംങ്ങ് ഈ വെളിപ്പെടുത്തൽ നടത്തിയത്. പുതിയ സുവിശേഷങ്ങളെ സംബന്ധിച്ച് പുസ്തകങ്ങളെഴുതിയ ഡോ. കിംങ്ങ്, 33 വാക്കുകളടങ്ങിയ എട്ട് വരികളോടുകൂടിയ ഒരു വിസിറ്റിംങ്ങ് കാർഡിന്റെയത്ര വലിപ്പമുള്ള പാപ്പിറസ് ശകലമാണ് അവരുടെ പുതിയ വാദത്തിനുള്ള രേഖയായി സമർപ്പിച്ചത്. അതിൽ ചില വരികളുടെ ചില ഭാഗങ്ങൾ മാത്രമാണ് വ്യക്തമായി കാണുന്നത്. ബാക്കി മാഞ്ഞു പോയിരിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ എഴുതപെട്ട ഈ പാപ്പിറസിന്റെ കാലപ്പഴക്കം വിദഗ്ദന്മാർ അംഗീകരിച്ചിട്ടുണ്ട്. വിവാദത്തിലെ നിർണ്ണായക വചനം ഇതാണ്. **'യേശു അവരോട് പറഞ്ഞു, എന്റെ ഭാര്യ ...'**.. അതിന് തൊട്ട് ശേഷമുള്ള വരിയിൽ **'അവൾക്ക് എന്റെ ശിഷ്യയാവാൻ കഴിയും....'**എന്നും കാണുന്നു. യേശു വിവാഹിതനും മഗ്ദലന യേശുവിന്റെ ഭാര്യയാണെന്നുള്ളതിന്നും ബൈബിൾ വചനങ്ങളിലെ സാഹചര്യത്തെളിവുകളായിരുന്നു ഇത്വരെ പണ്ഡിതന്മാർ തെളിവായി സ്വീകരിച്ചിരുന്നത്. ഉദാഹരണമായി സാധാരണയിൽ കവിഞ്ഞ യേശുവുമായുള്ള മഗ്ദലനയുടെ അഗാധ സ്നേഹം വെളിപ്പെടുത്തുന്ന ബൈബിൾ വിവരണങ്ങൽ, കനായിലെ യേശുവും മാതാവും നേതൃത്വം കൊടുത്ത് വെള്ളം വീഞ്ഞാക്കിയ കല്ല്യാണം മുതലായവ. കാനോനിക സുവിശേഷങ്ങളോളം ആധികാരികതയുള്ള കോപ്റ്റിക്ക് ഭാഷയിലെഴുതിയ ഈ പാപ്പിറസ് ലിഖിതം വ്യക്തമായും യേശു തന്റെ ഭാര്യയെ അഭിസംബോധന ചെയ്യുന്നതായാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഒരു സ്വകാര്യ പുരാവസ്തു ശേഖരത്തിന്റെ ഉടമയിൽനിന്നും 2011 ലാണ് ഡോ. കിംങ്ങ് അത് ഡിവിനിറ്റി സ്കൂളിൽ കൊണ്ടുവരുന്നത്. പിന്നീട് അവരതിന്റെ ആധികാരികതയുടെ സ്ഥിരീകരണത്തിനായി ന്യുയോർക്കിലേക്ക് കൊണ്ടുവരുകയും ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ പാപിറോളജിയിൽ വിദഗ്ദരായ പണ്ഡിതന്മാരെ കാണിക്കുകയും ചെയ്തു. കോപ്റ്റിക്ക് ഭാഷ, അതിന്റെ വ്യാകരണം, പരിഭാഷ വ്യാഖ്യാനം എന്നിവയെല്ലാം അവർ പരിശോധിക്കുകയുണ്ടായി. ജറുസലേമിലെ ഹിബ്രു യൂണിവേഴ്സിറ്റിയിലെ കോപ്റ്റിക്ക് ഭാഷാവിദഗ്ദനായ ഏരിയൽ ശീശാ ഹാലെവി പാപ്പിറസിലെ ഭാഷയും വ്യാകരണവും തികച്ചും ആധികാരികമാണെണ് പറഞ്ഞു. ചുരുക്കത്തിൽ യേശുവിന്റെ ശിഷ്യന്മാർക്കിടയിൽ അദ്വിതീയ സ്ഥാനമുണ്ടായിരുന്ന മഗ്ദ്ലനയെ പുരുഷ മേധാവിത്വത്തിലും സ്ത്രീവിദ്വേഷത്തിലുമമർന്നുപോയ സഭ തമസ്ക്കരിക്കുകയും അപകീർത്തിപ്പെടുത്തുകയുമാണുണ്ടായത്. ഇന്നു് വെളിപ്പെട്ടു കൊണ്ടിരിക്കുന്ന പ്രാമാണികവും പുരാവസ്തു ശാസ്ത്ര പരവുമായ സത്യങ്ങൾ മഗ്ദലനയുടെ നഷ്ടപ്പെട്ട വിശുദ്ധ പദവി വീണ്ടെടുക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.



വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രം – 6

# സമുദ്രത്തിലെ വിഭവങ്ങൾ

സമുദ്രം വിഭവങ്ങളുടെ അക്ഷയ ഖനിയാണ്. ഒരിക്കലും തീർന്നു പോകാത്ത അക്ഷയ ഖനി!! അല്ലാഹുവിന്റെ ഈ അനുഗ്രഹകേദാരത്തിൽ നിന്നായിരിക്കും ഭാവിതലമുറ വിഭവ സമാഹരണം നടത്തുക. ലേഖന പരമ്പര അവസാനിക്കുന്നു.

എ. എം. മുഹമ്മദ് സലീം



**നിങ്ങൾക്ക് സമുദ്രത്തെ അധീനപ്പെടുത്തിയവനത്രെ അല്ലാഹു. അവന്റെ കൽപ്പന പ്രകാരം അതിൽ കപ്പലുകൾ സഞ്ചരിക്കുന്നതിനും അവന്റെ അനുഗ്രഹത്തിൽ നിന്നുള്ള ചില വിഭവങ്ങൾ നിങ്ങൾ അന്വേഷിച്ചു സമ്പാദിക്കുന്നതിനും വേണ്ടി (45:13)**

സമുദ്രം മനുഷ്യന് ആവശ്യമായ വിഭവങ്ങളുടെ അക്ഷയ ഖനിയാണ്. അക്ഷരാർത്ഥത്തിലുള്ള അക്ഷയ ഖനി! ഉപയോഗിച്ചാൽ തീർന്നുപോകാത്തതും തീരുന്തോറും നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഊർജ്ജവും വിഭവവും കൊണ്ട് സമ്പന്നമാണ് സമുദ്രം. കപ്പൽ ഉപയോഗിച്ചാണ് മനുഷ്യൻ ഈ വിഭവങ്ങൾ അന്വേഷിക്കുന്നതും ശേഖരിക്കുന്നതും. ചലനാത്മകവും ശരാശരി 3500 മീറ്റർ ആഴമുള്ളതുമായ സമുദ്രത്തിൽ നിന്നും ഊർജ്ജരൂപത്തിലും ദ്രവ്യരൂപത്തിലുമുള്ള വിഭവങ്ങൾ വേണ്ടത്ര ശേഖരിക്കുവാൻ പറ്റിയ സാങ്കേതിക വിദ്യ ഇനിയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഊർജ്ജത്തിന് വേണ്ടി കടലിലേക്കിറങ്ങാനുള്ള ഊർജ്ജ പ്രതിസന്ധിയും ആവശ്യത്തിന്റെ സമ്മർദ്ദവും മനുഷ്യരാശിക്ക് ഇനിയും ഉണ്ടായിട്ടില്ല. സമുദ്രത്തിൽ നിന്നുള്ള പ്രത്യേകിച്ച് ആഴക്കടലിൽ നിന്നുള്ള ഊർജ്ജോത്പാദനത്തിനും വിഭവശേഖരണത്തിന്നും വരുന്ന വലിയ തോതിലുള്ള ചിലവും വരവും തമ്മിലുള്ള അന്തരമാണ് മറ്റൊരു തടസ്സം.

കടലിനുപരിതലത്തിലുള്ള കാറ്റുകളാണ് മനുഷ്യന് ഉപയോഗപ്പെടുത്താവുന്ന ഒരു ഊർജ്ജ സ്‌റ്റ്രോതസ്സ്. യാതൊരു തടസ്സവുമില്ലാതെ ജലോപരിതലത്തിൽ വീശിയടിക്കുന്ന കാറ്റിന്റെ ഗതികോർജ്ജത്തിൽ നിന്നും വൈദ്യുതോർജ്ജമാക്കി മാറ്റാൻ ജലോപരിതലത്തിൽ പൊങ്ങിനിൽക്കുന്ന വിൻഡ് മില്ലുകളെയാണ് ഉപയോഗിക്കുന്നത്. കടലിൽ നിന്നുള്ള മറ്റൊരു സുപ്രധാന ഊർജ്ജ സ്റോതസ്സ് തിരമാലകളിൽ നിന്നും വേലിയേറ്റം-വേലിയിറക്കം, സമുദ്രജല പ്രവാഹങ്ങൾ എന്നിവയിലെ ജലചനങ്ങൾ ഒരു ജനറേറ്റർ ഘടിപ്പിച്ച ടർബൈനിലൂടെ കറക്കി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയാണ്. അതുപോലെ കടലിന്റെ അതിവിശാലമായ ഉപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന സോളാർ പാനലുകൾ ഉപയോഗിച്ച് സൗരോർജ്ജത്തിൽ നിന്നും വൈദ്യുതിയുൽപ്പാദിപ്പിക്കാം. ഭൂമിയിലെ ഹരിതഗൃഹ പ്രതിഭാസത്തെ ബാധിക്കാത്ത ശുദ്ധമായ ഊർജ്ജമാണ് കടലിലെ ഊർജ്ജത്തിൽ നിന്നും നമുക്ക് ലഭിക്കുന്നത്. ചലനാത്മകവും പ്രവിശാലവുമായ സമുദ്രത്തിലെ ഊർജ്ജോൽപാദന സാദ്ധ്യതകൾ ഇനിയും മനുഷ്യ കൈവെച്ചിട്ടില്ലാത്ത വിഭവങ്ങളുടെ കന്യകാ മേഖലയാണ്. ഈ ഊർജ്ജ സ്റോതസ്സുകൾ ഉപയോഗപ്പെടുത്താനുള്ള കുറ്റമറ്റ സാങ്കേതിക വിദ്യകൾ ഇപ്പോഴും ഗവേഷണ പാതയിലാണ്.

സമുദ്രത്തിലെ ഭക്ഷ്യ ശൃംഖലകളുടെ പ്രാഥമിക കണ്ണിയായ ഏകകോശ സസ്യമാണ് പ്ലവ

സസ്യങ്ങൾ. സൂര്യപ്രകാശത്തിൽ നിന്നും ജൈവ ദ്രവ്യങ്ങൾ (Biomass) ഉണ്ടാക്കുന്നത് സസ്യഗണത്തിൽപെടുന്ന ഈ സൂക്ഷ്മമായ പ്ലവ സസ്യങ്ങളാണ്. സൂര്യപ്രകാശത്തിൽ നിന്നും ഊർജ്ജം സ്വീകരിക്കുന്ന ഈ പ്രഥമ ഭക്ഷ്യോത്പാദകരെ Phytoplankton എന്നാണ് വിളിക്കുന്നത്. ഇത് സസ്യഗണത്തിൽ പെടുന്നു. അതുപോലെ ജന്തുഗണത്തിൽ പെടുന്ന ചെറു പ്ലവ ജന്തുക്കളാണ് Zooplankton ഇവയും മറ്റു സൂക്ഷ്മ സമുദ്ര ജീവികളും സസ്യപ്ലവങ്ങളെ ആഹരിക്കുന്നു. ഈ ചെറുജീവികളെ ചെറിയ മത്സ്യങ്ങളും ചെറിയ മത്സ്യങ്ങളെ വലിയ മത്സ്യങ്ങളും ആഹരിക്കുന്നു. അങ്ങനെയാണ് കടലിലെ ഭക്ഷ്യശൃംഖല രൂപപ്പെടുന്നത്.

ഈ പ്ലവസസ്യങ്ങൾ സമുദ്രത്തിലുടനീളം വ്യാപിച്ചു കിടക്കുന്നു. കരയിൽ വൃക്ഷങ്ങൾ ചെയ്യുന്നത് പോലെ ഹരിതകം ഉപയോഗിച്ച് സൂര്യപ്രകാശവും കാർബൺ ഡയോക്സൈഡും ആഗിരണം ചെയ്താണ് കടലിലെ പ്ലവ സസ്യങ്ങളും ഭക്ഷണമുണ്ടാക്കുന്നത്. മനുഷ്യ പ്രവർത്തനത്താൽ ഭൗമാന്തരീക്ഷത്തിൽ അധികമുണ്ടാകുന്ന കാർബൺ, അവശോഷണം ചെയ്ത് ഭൗമാന്തരീക്ഷത്തിൽ 50–80 ശതമാനം വരെ ഓക്സിജൻ നിറക്കുന്നത് സമുദ്രത്തിലെ ഈ ചെറു പ്ലവസസ്യങ്ങളാണ്. ഭൂമിയിലെ സംന്തുലാത്മക പ്രവർത്തനത്തിന്റെ ഈ ദൈവിക സജ്ജീകരണങ്ങളെ പറ്റി ഇതിന് മുമ്പ് വിശദമായി പ്രതിപാദിച്ചതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

## ഹരിതകത്തിലെ കാർബൺ ഇന്ധനം

**പച്ച വൃക്ഷത്തിൽ നിന്ന് നിങ്ങൾക്ക് തീ ഉൽപ്പാദിപ്പിച്ചു തന്നവനാണവൻ. അപ്പോൾ അതാ നിങ്ങളതിൽ നിന്ന് അഗ്നി ജ്വലിപ്പിച്ചെടുക്കുന്നു. ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചവൻ അവരെപ്പോലെയുള്ള മറ്റു സൃഷ്ടികളെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അവൻ സർവ്വജ്ഞനായ സൃഷ്ടാവാകുന്നു.** (36: 80–82)

ഇവിടെ സസ്യങ്ങളിലെ പച്ചയെ അഥവാ ഹരിതകത്തെ (Chlorophyll) കുറിച്ചാണ് ഖുർആൻ പറയുന്നത്. മരത്തിൽ ശേഖരിക്കപ്പെടുന്ന കാർബൺ വസ്തുക്കൾ കത്തിച്ചുണ്ടാക്കുന്ന ദഹന പ്രക്രിയകളിലൂടെയാണ് ഭക്ഷണം പാകം ചെയ്യുന്ന തീ ഉണ്ടാകുന്നത്. നാം അടുപ്പിൽ കത്തിക്കുന്ന വിറകിനെ പറ്റിയും മരക്കരിയെ കുറിച്ചും മാത്രമല്ല ഇവിടെ ഖുർആൻ പറയുന്നത്. അടുപ്പു മുതൽ കംമ്പസ്റ്റൺ എഞ്ചിൻ (ആന്തര ദഹന യന്ത്രങ്ങൾ) ഘടിപ്പിച്ച മോട്ടോർ വാഹനങ്ങൾക്കും മറ്റും ഉപയോഗിക്കുന്ന ഇന്ധനം നൽകുന്നതും ഈ പച്ച മരങ്ങളിൽ നിന്നും ലഭിക്കുന്ന കാർബൺ ഇന്ധനങ്ങളാണ്. മരത്തിലെ ഈ പച്ചയാണ് വാസ്തവത്തിൽ മിക്കവാറും എല്ലാ ഊർജ്ജങ്ങളുടെയും സംഭരണിയായ സൂര്യനിൽ നിന്നും ഹരിതകം (മരത്തിലെ പച്ച) ഉപയോഗിച്ച് ഫോസിൽ ഇന്ധനങ്ങളാക്കി മാറ്റുന്നതിന് തുടക്കം കുറിക്കുന്നത്. പച്ച മരത്തിന്റെ വളരെ ദൂരവ്യാപകമായ ഉപയോഗത്തെ കുറിച്ചാണ് ഖുർആൻ ഇവിടെ സൂചന നൽകുന്നത്. ഒട്ടുമിക്ക ഊർജ്ജത്തിന്റെയും സ്റോതസ്സായ സൂര്യനിൽ നിന്നും മനുഷ്യന് ഉപകാരപ്രദമായ ഊർജ്ജമായി അതിനെ പരിവർത്തിപ്പിക്കുന്നത് പച്ചമരങ്ങളാണ്. സൗരോർജ്ജം ഉപയോഗപ്പെടുത്തി കാർബൺഡയോക്സൈഡ് (Co2) വെള്ളം(H2O) എന്നീ തന്മാത്രകളെ ഉപയോഗപ്പെടുത്തി കാർബോഹൈഡ്രേറ്റുകളും ഓക്സിജനും ഉൽപാദിപ്പിക്കുന്നു. കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് സസ്യങ്ങൾ സൗരോർജ്ജം കാർബൺ സംയുക്തങ്ങളായി സംഭരിക്കുകയും അത് ഭൂമിയുടെ താപത്തിനും മർദ്ദത്തിനും വിധേയമായി പെട്രോൾ, കൽക്കരി, പ്രകൃതി വാതകങ്ങൾ മുതലായ കാർബൺ ഖനിജ ഇന്ധനങ്ങൾ (Fossil Fuels) എന്നിവയായി മാറുകയുമാണ് ചെയ്യുന്നത്. കംമ്പസ്റ്റൺ എഞ്ചിൻ (ആന്തര ദഹന യന്ത്രങ്ങൾ) ഈ പ്രക്രിയ തന്നെയാണ് ഹരിതകം ഉപയോഗിച്ച് കടലിലെ സൂക്ഷ്മ സസ്യങ്ങളും നിർവ്വഹിക്കുന്നത്. സൂര്യപ്രകാശത്തിൽ നിന്നും ഈ പ്രാഥമിക സൂക്ഷ്മസസ്യങ്ങളാണ് കടലിലെ ആഹാരശൃഖലയുടെ പ്രാഥമിക ഉദ്പാദകർ. അവയെ ഭക്ഷിക്കുന്ന സമുദ്രജലത്തിലെ സൂക്ഷ്മ ജീവികൾ അവയെ ഭക്ഷിക്കുന്ന ചെറുമത്സ്യങ്ങൾ ചെറുമത്സ്യങ്ങളെ ഭക്ഷിക്കുന്നു വലിയ മത്സ്യങ്ങൾ അങ്ങനെ പോകുന്നു കടലിലെ ഭക്ഷ്യശൃംഖല. മാത്രമല്ല സമുദ്രത്തിലെ ഏക കോശികളല്ലാത്ത കെൽപ്പ് (Kelp) സീ വീഡ് (Seaweed) സീ ഗ്രാസ് (Seagrass) ആൽഗേ(Algae), മുതലായ സസ്യങ്ങളുടെയും ജീവൻ നശിച്ചതിന് ശേഷമുള്ള അവയുടെ ജൈവാശിഷ്ടങ്ങൾ ഭൂഗുരുത്വത്തിന് വിധേയമായി കടൽ തറയിൽ ചെന്നുചേരുകയും കോടിക്കണക്കിന് വർഷത്തെ ഈ ജൈവാവശിഷ്ടങ്ങളുടെ നിക്ഷേപങ്ങൾ അടുക്കുകളായി സമുദ്രത്തിന്നടിയിൽ സമ്മർദ്ദങ്ങൾക്ക് വിധേയമായി ഫോസിൽ ഇന്ധനമായി രൂപാന്തരപ്പെടുകയാണ് ചെയ്യുന്നത്. കടലിന്നടിയിൽ ചൂഷണം ചെയ്യപ്പെടാത്ത എണ്ണയുടെ വൻ ശേഖരമുണ്ടെന്ന് പറയുന്നത് അതുകൊണ്ടാണ്.

## മത്സ്യസമ്പത്ത്

കടലിൽ നിന്നും നമുക്ക് നേരിട്ട് ലഭിക്കുന്ന വിഭവമാണ് മത്സ്യം. 50 കോടി ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ് മത്സ്യബന്ധനം. ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള വേൾഡ് ഫുഡ് ആന്റ് അഗ്രിക്കൾചറൽ ഓർഗനൈസേഷന്റെ കണക്ക് പ്രകാരം 2018 ൽ ലഭിച്ച മത്സ്യസമ്പത്ത് 179 ദശലക്ഷം ടൺ മത്സ്യമാണ്. ഇതനുസരിച്ച് ലോകത്തിലെ ആളോഹരി വാർഷിക

മത്സ്യോപഭോഗം ഏകദേശം 20.3 കി. ഗ്രാമാണ്. ഈ കടൽ വിഭവങ്ങൾ എടുത്താൽ തീർന്നു പോകുന്നതല്ല പുനർ നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന വിഭവങ്ങളാണ്. ശാസ്ത്രീയമായി ആഗോള മത്സ്യബന്ധനം ക്രമീകരിച്ചില്ലെങ്കിൽ പല മത്സ്യങ്ങളും ഉന്മൂലനാശം വരികയും ശോഷണം സംഭവിക്കുകയും ചെയ്യുമെന്നും ആ രംഗത്തുള്ള ശാസ്ത്രജ്ഞന്മാർ ഈയ്യിടെ മുന്നറിയിപ്പ് നൽകുന്നു.

പ്രകൃതി വിഭവങ്ങളായ മരുന്നുകൾ, കന്നുകാലികൾക്കുള്ള തീറ്റകൾ, പോഷകവസ്തുക്കൾ, കടൽ ജീവികൾ രോഗപ്രതിരോധത്തിനായി അവയുടെ ശരീരത്തിൽ ഉപയോഗിക്കുന്ന ജൈവരാസവസ്തുക്കൾ എന്നിവ വേർതിരിച്ച് ആന്റി വൈറൽ മരുന്നിനായും ആന്റെി കാൻസർ മരുന്നിനായും ഉപയോഗിക്കുന്നുണ്ട്.

## സമുദ്രം കൂടുതൽ സമൃദ്ധവും സ്വതന്ത്രവുമായ ത്രിമാനലോകം

കടൽ ജീവികൾ കര ജീവികളെ അപേക്ഷിച്ച് സർവ്വത്ര സ്വതന്ത്രരാണ്. സഞ്ചാര സ്വാതന്ത്ര്യമുള്ളവരാണ്. കര ദ്വിമാന പ്രദേശമാണെന്ന് പറയാം. കരയിലെ ജീവികളുടെ സഞ്ചാരം കരയുടെ പ്രതലത്തിൽ നീളത്തിലോ വീതിയിലോ ആണ്. പറവകൾ ഗഗനചാരികളാണെങ്കിലും ഇര പിടിക്കാനും വിശ്രമിക്കാനും ആകാശത്ത് നിന്ന് കരയിലേക്ക് ഇറങ്ങി വരണം. എന്നാൽ സമുദ്ര ജീവികൾക്ക് നീളത്തിലും വീതിയിലും കൂടാതെ താഴോട്ടും കീഴോട്ടും അനായാസം സുഖമായി സഞ്ചരിക്കാം. സമുദ്രത്തിൽ സർവ്വവ്യാപിയായി നിൽക്കുന്ന സസ്യങ്ങൾ, കണ്ണുകൊണ്ട് സൂക്ഷിച്ചു നോക്കിയാൽ മാത്രം കാണുന്ന ചെറു പ്ലവകങ്ങൾ, മിക്ക പ്ലവസസ്യങ്ങളും ഏകകോശ ജീവിരൂപങ്ങളാണ്. ഇവയുടെ സാന്ദ്രത വെള്ളത്തിനു തുല്യമായതിൻനാൽ ഭൂഗുരുത്വത്തിന് വിധേയമായി വെള്ളത്തിന്നടിയിലേക്ക് താഴ്ന്നുപോകുന്നില്ല. ഈ കൊച്ചു പ്ലവ സസ്യങ്ങളുടെ വളർച്ചയും പെരുകലും ഊഹാതീതമാണ്. മൂന്നു ദിവസം കൊണ്ട് പ്ലവ സസ്യങ്ങൾ മൂന്നരക്കോടിയായി വർദ്ധിക്കുന്നു. ഈ അമ്പരപ്പിക്കുന്ന വർദ്ധനവ് തടയാനും സന്തുലനം നിലനിർത്താനും സമുദ്രത്തിലുള്ള ഏതാനും മില്ലീ മീറ്റർ നീളമുള്ള കോപ്പിപോഡുകൾ എന്ന സൂക്ഷ്മ ജീവികളുണ്ട്. കോപ്പിപോഡുകൾ പെരുകുന്ന പ്ലവ സസ്യങ്ങളെ ഭക്ഷിക്കുന്നു. കോപ്പിപോഡുകളുടെ വർദ്ധനവും ഏകദേശം പ്ലവ സസ്യങ്ങളുടെ നിരക്കിൽ തന്നെയാണ്. ചെറുമത്സ്യങ്ങൾ മുതൽ പടുകൂറ്റൻ തിമിംഗലങ്ങൾവരെയുള്ള കടലിലെ ജന്തുജാലങ്ങളുടെ ഭക്ഷണമാണ് ഇവയെല്ലാം. വീണ്ടും നമുക്ക് ഖുർആനിലെ ഒരു പ്രവചനത്തിലേക്ക് ശ്രദ്ധ തിരിക്കാം.

**സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ. നിങ്ങൾ അതിൽ നിന്നുള്ള പുതിയ മാംസം ഭക്ഷിക്കുന്നതിന് വേണ്ടി (16: 15)**

മത്സ്യ സമ്പത്തിന് പുറമേ ഊഹാതീതമായ രീതിയിൽ കടലിൽ നിന്നും ഭക്ഷ്യയോഗ്യമായ ഫലങ്ങൾ കൊയ്തെടുക്കാമെന്ന് ഈയ്യിടെ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു. വയലിൽ നെല്ലും ഗോതമ്പും ചോളവും വിളയിക്കുന്നത് പോലെ കടൽ ജലത്തിലും ഇങ്ങനെ വൻതോതിൽ പെരുകുന്ന സസ്യങ്ങളെ ഉല്പാദിപ്പിക്കാമെന്ന് കണ്ടിരിക്കുന്നു. പ്ലവസസ്യങ്ങളെ ഭക്ഷിച്ച് തീർക്കുന്ന കോപ്പിപോഡുകൾ പോലെയുള്ള പ്ലവജന്തുക്കളെ കൃത്രിമമായി നിയന്ത്രിച്ച് സസ്യങ്ങളെ വളരാൻ അനുവദിച്ചാൽ സമുദ്രത്തിൽ നിന്നും വൻഫലം കൊയ്തെടുക്കാൻ സാധിക്കുമെന്ന് ശാസ്ത്രീയ പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ക്ലോർപ്പില്ല എന്ന വർഗ്ഗത്തിൽപെട്ട സസ്യപ്ലവങ്ങളെ ഇങ്ങനെ വളർത്തിയപ്പോൾ ഹെക്ടറിൽ 45 ടൺ ഉണങ്ങിയ ഭക്ഷ്യപദാർത്ഥങ്ങൾ ലഭിച്ചു. ദ്വിമാന പ്രതലമായ കരയിൽ നിന്നും ഒരു ഹെക്ടറിൽ നിന്നും ശരാശരി 6 ടൺഫലം ലഭിക്കുമ്പോൾ സമുദ്രത്തിലെ ഒരു ഹെക്ടർ ത്രിമാന തലത്തിൽ നിന്നും 45 ടൺ ലഭിക്കുന്നു എന്നത് അത്ഭുതകരമല്ലേ. ഗോതമ്പിൽ പ്രോട്ടീൻ 12 ശതമാനം ഉള്ളപ്പോൾ കോറില്ലയിൽ അത് 50 ശതമാനമാണെന്ന കാര്യം നാമോർക്കുക.

കടൽ ജലത്തിലെ ഈ ചെറു ജീവികളുടെ നിർമ്മാണ പെരുമയുടെ മറ്റൊരു ഉദാഹരണം നോക്കൂ. കോറൽ ജീവികളാണല്ലോ പവിഴ പുറ്റുകൾ നിർമ്മിക്കുന്നത്. ആസ്ത്രേലിയയുടെ കിഴക്ക് ഭാഗത്ത് പസഫിക്ക് സമുദ്രത്തിൽ ജീവികൾ നിർമ്മിച്ച ഗ്രെയിറ്റ് ബാരിയർ റീഫ് എന്ന പവിഴ പുറ്റിന്റെ നീളം 2000 കിലോമീറ്ററും





വീതി 150 കിലോ മീറ്ററുമാണ്. ലോകത്ത് ഇന്നോളം മനുഷ്യൻ നിർമ്മിച്ച സകല കെട്ടിടങ്ങളും മറ്റു നിർമ്മിതികളും അടുക്കി വെച്ചാൽ പോലും ഗ്രേയിറ്റ് ബാരിയർ റീഫിന്റെ അടുത്ത് വരില്ല എന്ന് ഒരു പഠനം പറയുന്നു. നമ്മുടെ അറബിക്കടലിലെ ലക്ഷദ്വീപും പവിഴപുറ്റുകൾ സൃഷ്ടിച്ച മനുഷ്യാധിവാസ കേന്ദ്രങ്ങളാണ്.

ഇത് കൂടതെ ഖനിജങ്ങൾ, ധാതുപദാർത്ഥങ്ങൾ മുതലായവയുടെ അക്ഷയ ഖനിയാണ് സമുദ്രം.

## സമുദ്രത്തിലെ ഖനിജ പദാർത്ഥങ്ങൾ

**സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ. നിങ്ങളതിൽ നിന്നുള്ള പുതിയ മാംസം ഭക്ഷിക്കുന്നതിന് വേണ്ടി. നിങ്ങൾ ആഭരണമായി ധരിക്കുന്ന പദാർത്ഥങ്ങൾ അതിൽ നിന്നും പുറത്തെടുക്കുന്നു. (ജലത്തെ) ഭേദിച്ചു പോവുന്ന കപ്പലുകളെ അതിൽ നീകാണുന്നു. (10:15)**

സമുദ്രങ്ങളിൽ ഭക്ഷ്യ വസ്തുക്കളെ പോലെ ഇരുമ്പ്, മാങ്കനീസ്, ചെമ്പ്, സ്വർണ്ണം, വെള്ളി തുടങ്ങിയ ഖനിജ ലോഹങ്ങളുടെ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സങ്കര അയിരുകളുടെ അതിവിപുലമായ ശേഖരമുണ്ട്. നദികളിലൂടെ കടലിൽ ലയിച്ചു ചേരുന്ന ധാതുക്കൾ ഒരു ന്യൂക്ലിയസ്സിൽ കേന്ദ്രീകരിക്കപ്പെട്ട് വളർന്ന് വിവിധ ലോഹങ്ങളടങ്ങിയ സങ്കരധാതുക്കളുടെ അയിരായി മാറുന്നു. ഉദാഹരണത്തിന്ന് ഒരു സ്രാവിന്റെ പല്ലോ കക്കയുടെ തോടോ കടലിന്റെ അടിത്തട്ടിലെത്തിയാൽ ആ ചെറിയ വസ്തുവെ ന്യൂക്ലിയസ്സാക്കി അതിന്ന് മുകളിലുള്ള ബൃഹത്തായ കടൽ ജലത്തിൽ ലയിച്ചു ചേർന്ന ധാതുക്കളുടെ വർഷണം ഉണ്ടാകുന്നു. അങ്ങനെ ആ ന്യൂക്ലിയസ്സിനെ കേന്ദമാക്കി ലോഹസങ്കരം വളരുന്നു. ഇതിനെ യാണ് നോഡ്യൂസ് (Nodules) എന്ന് പറയുന്നത്. ഇത്തരത്തിലുള്ള ലോഹഅയിരുകൾ ഖനനം ചെയ്തെടുത്താലും കടലിൽ നിന്നെടുക്കുന്ന ഉപ്പ്പോലെ അത് വിണ്ടും നവീകരിക്കപ്പെട്ട് വളർന്ന് കൊണ്ടിരിക്കും. കരയിലെ ഖനികളെ പോലെ കടലിലെ ഖനിജങ്ങൾ തീർന്നു പോവില്ല. പ്രസ്തുത ഖുർആൻ വചനം പറയുന്നത് **'തസ്തഹിരിജൂനഹിൽയത്തൻ തൽബസൂനഹാ'** എന്നതിന് **'ആഭരണമായി ധരിക്കുന്ന പദാർത്ഥങ്ങൾ അതിൽ നിന്നും നിങ്ങൾ പുറത്തെടുക്കുന്നു.'** ഇവിടെ അത് ലോഹങ്ങളാണ് എന്നത് വ്യക്തമാണ്.

**'അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്ക് കാണിച്ച് തരുന്നതിന് വേണ്ടി അവന്റെ അനുഗ്രഹത്തോടുകൂടി സമുദ്രത്തിൽ കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ?' (31:32)**

സമുദ്രത്തിൽ കരയിലുള്ളതിനേക്കാൾ ഖനിജ പദാർത്ഥങ്ങളുണ്ട്. വമ്പിച്ച വിസ്തൃതിയിൽ അഗാധ സമുദ്രങ്ങളിൽ പരന്നു കിടക്കുന്ന അവ ഖനനം ചെയ്തെടുക്കാൻ ഇന്നത്തെ സാങ്കേതിക വിദ്യക്കാവില്ല. ഭാവിയിലെ തലമുറക്ക് വേണ്ടി അത് സംവരണം ചെയ്യപ്പെട്ട അനർഘ വിഭവങ്ങളാവാം അത്. ഭാവിതലമുറ നൂറ്റാണ്ടുകളോളം ഉപയോഗിച്ചാലും കടലിലുണ്ടാകുന്ന പല ഖനിജങ്ങളും തീർന്നു പോകുന്നതല്ല. അത് നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണ്.

## സമുദ്രത്തിലെ ബോയെൻസി

**സമുദ്രത്തിൽ സഞ്ചരിക്കുന്ന പർവ്വതങ്ങൾ പോലെയുള്ള കപ്പലുകൾ അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.(42: 33)**

ഭാരമേറിയ കപ്പലുകൾ ജലത്തിന് മീതെ പൊങ്ങിനിൽക്കുന്നത് പ്രത്യേകിച്ച് കടൽ ജലത്തിന്റെ ഭൗതികമായ ഒരനുഗ്രഹീത ഭൗതിക ഗുണമാണ്. ഖുർആൻ ഇവിടെ പ്രയോഗിച്ച മലകളെപ്പോലെയുള്ള ഭാരംകൂടിയ പടുകൂറ്റൻ ചരക്കു കപ്പലുകൾ കടലിൽ പൊങ്ങി നിൽക്കുന്നത് കപ്പലിന്റെ ഭാരത്തിനെതിരെ സമുദ്രജലം പ്രയോഗിക്കുന്ന ബലം മൂലമാണ്. ഇതിനാണ് ബോയെൻസി (Buoyancy പ്ലവകത്വം) എന്ന് പറയുന്നത്. വാസ്തവത്തിൽ പ്രകൃതിയിലെ ഈ ഭൗതിക നിയമം വളരെ വലിയ ഒരനുഗ്രഹമാണ്. ബോയെൻസി ആർക്കിമിഡീസ് തത്വമുപയോഗിച്ച് കണക്കാക്കാം. ശുദ്ധജലത്തേക്കാൾ ഉപ്പുവെള്ളത്തിന്ന് സാന്ദ്രത കൂടിയതിനാൽ കടൽ ജലം ശുദ്ധജലത്തേക്കാൾ കപ്പലിനെ കൂടുതൽ ഉയരത്തിൽ പിടിച്ചു നിർത്തുന്നു. ശുദ്ധജലമുള്ള നൈൽ നദിയിൽ നിന്നും കപ്പൽ ചെങ്കടലിലേക്ക് പ്രവേശിക്കുമ്പോൾ കപ്പലിനുണ്ടാകുന്ന ഉയർച്ചക്ക് കാരണം ഇത് കൊണ്ടാണ്.

പശ്ചിമ അത്‌ലാന്തിക്ക് സമുദ്രത്തിൽ ബർമുഡ ട്രയാങ്കിൾ ഭയം ജനിപ്പിക്കുന്ന ഒരു സമുദ്ര മേഖലയാണ്. നിരവധി കപ്പൽഛേദങ്ങൾ സംഭവിച്ച ബർമുഡ മേഖലക്ക്

ണക്കിന് ആളുകളെ കൊന്നൊടുക്കിയ കിടിലം കൊള്ളിക്കുന്ന സംഭവത്തിന് നാം സാക്ഷ്യം വഹിക്കുകയുണ്ടയി. 2004 ഡിസംബർ 26 ന് ഇന്ത്യാസമുദ്രത്തിലുണ്ടായ ഭൂകമ്പത്തെ തുടർന്ന് സുനാമി തരംഗങ്ങൾ കൊന്നൊടുക്കിയത് എതാണ്ട് രണ്ട് ലക്ഷത്തോളം ആളുകളെയാണ്. നമ്മുടെ കേരളത്തിലും അതിന്റെ വിനാശകരമായ അലയൊലികളുണ്ടായി. കടലിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങളാണ് സുനാമിക്ക് കാരണം. ഭൂമിയിൽ പ്ലേറ്റ്ടെക്റ്റോണിക്സ് എന്നൊരു പ്രതിഭാസമുണ്ട്. ഭൂമി നിരന്തം ചലിക്കുന്ന ഇരുപതോളം ഫലകങ്ങൾ ചേർന്നാണ് നിർമ്മിക്കപ്പെട്ടത്. ഇതിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു:

**'ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന മൂന്ന് ഖണ്ഡങ്ങളുണ്ട്.'** (13:5)

മൂന്ന് വിധത്തിലാണ് ഈ ഫലകങ്ങൾ ചലിക്കുന്നത്

1- ഫലകങ്ങൾ പരസ്പരം അകന്നു പോകുന്ന അതിരുകൾ ഉള്ളത് (Divergent Margin) 2- ഫലകങ്ങൾ പരസ്പരം കൂട്ടി മുട്ടുന്ന അതിരുകൾ ഉള്ളത് (Convergent Margin) 3- ഫലകങ്ങൾ പരസ്പരം ഉരസി സമാന്തരമായി പോവുന്ന അതിരുകളുള്ളത്. (Shear Margin) ഇന്ത്യാ സമുദ്രത്തിൽ സുമാത്രാ ദ്വീപിനടുത്തുണ്ടായ പ്രസ്തുത സുനാമി, ഫലകങ്ങൾ തമ്മിൽ കൂട്ടിമുട്ടിയ പ്രതിഭാസത്തെ തുടർന്നുണ്ടായ ഭൂകമ്പമായിരുന്നു. ഇതിൽ ഒരു ഫലകത്തിന്റെ അരിക് തകർന്ന് മറ്റൊരു ഫലകത്തിന്റെ അടിഭാഗത്തേക്ക് മുങ്ങുന്നു. ഇങ്ങനെ മുങ്ങിപ്പോകുന്ന മേഖലയെ നിമജ്ഞമേഖല (Subduction Zone) എന്നാണ് പറയുക. ഇനി ഖുർആനിലെ ഒരു വചനം വായിച്ചു നോക്കൂ.

**'ആ സംഭവിക്കാനുള്ളത് സംഭവിച്ചപ്പോൾ അതിന്റെ അസംഭവ്യതയെ നിഷേധിക്കുന്ന ഒന്നുമില്ല.**

ണെന്ന് നാം ഓർക്കാറുണ്ടോ? അല്ലാഹു പറയുന്നു:

**'കടലിൽ സഞ്ചരിക്കുന്ന മലകളെപ്പോലെയുള്ള കപ്പലുകൾ അവന്റേതാണ്. അപ്പോൾ നിങ്ങളിരുകൂട്ടരുടെയും നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്.'** (55:26)

## കടലിലെ ഇരുൾ

**അല്ലെങ്കിൽ ആഴമുള്ള സമുദ്രത്തിലെ അന്ധകാരങ്ങൾ പോലെയാണ് അതിനെ (സമുദ്രത്തെ) തിരമാലകൾ മൂടുന്നു. അതിന്റെ മേലെയും (തിരമാലകൾ അടിച്ചുകൊണ്ടിരിക്കുന്നുണ്ട്). അതിന്റെ മേലെ മേഘവും. അന്ധകാരങ്ങൾ അവയിൽ ചിലത് ചിലതിന്റെ മേലെയാണ്. തന്റെ കൈ അവൻ പുറത്തെടുത്താൽ അവനത് കാണുമാറാകുകയില്ല. ഏതൊരാൾക്ക് അല്ലാഹു പ്രകാശം നൽകുന്നില്ലയോ അയാൾക്ക് ഒരു പ്രകാശവും ലഭിക്കുകയില്ല.'** (24:41)

അന്ധകാരങ്ങളെ കുറിച്ച് എത്ര യഥാത്ഥാർത്ഥ്യമായ ഉപമയാണ് ഖുർആൻ ഇവിടെ നൽകുന്നത്. സമുദ്രോപരിതലത്തിൽ വീഴുന്ന പ്രകാശം അതിന്റെ ആഴമനുസരിച്ച് ഓരോ വർണ്ണങ്ങളും ആഗിരണം ചെയ്യപ്പെടുന്നു. ആദ്യത്തെ 50 മീറ്ററിലെ ആഴത്തിൽ കൂടുതൽ തരംഗദൈർഘ്യമുള്ള ചെമപ്പും പിന്നീട് യഥാക്രമം ഓറഞ്ച്, മഞ്ഞ, പച്ച, മുതലായ വർണ്ണങ്ങൾ നഷ്ടപ്പെടുന്നു. തുടർന്ന് 200 മീറ്റർ വരെ കടൽ പ്രകാശത്തിന്റെ പ്രസരണം കാണാം. പിന്നീടുള്ള ആഴങ്ങളിൽ കൂരാകൂരിരുട്ടാണ്. കടലിന്റെ ശരാശരി ആഴം 3500 മീറ്ററാണെന്ന് നാം ഓർക്കണം.

## സുനാമി

മന്ദമായ ഓളങ്ങൾ സൃഷ്ടിച്ച് കരയെ കാൽചിലമ്പണിയിക്കുന്ന അനുഗ്രഹങ്ങളുടെ കേദാരമായ സമുദ്രങ്ങൾ കരയിലേക്ക് പടുകൂറ്റൻ തിരമാലകളുയർത്തി ഇരമ്പിക്കയറി ഞൊടിയിടക്കുള്ളിൽ ലക്ഷക്ക

മുകളിലൂടെ പറക്കുന്ന വിമാനങ്ങൾ പോലും കടലിലേക്ക് വലിച്ചെടുക്കുമെന്ന് പറയപ്പെടുന്നു. യഥാർത്ഥ്യങ്ങളെക്കാൾ ഊഹങ്ങളും ദുരൂഹതകളും കെട്ടുകഥകളും ഇതിവൃത്തമാക്കി ബർമുഡയെ പറ്റി കഥകളും നോവലുകളും സിനിമകളും പ്രചരിപ്പിക്കാറുണ്ട്. എന്തായാലും ബർമുഡ മേഖലയിൽ നിരവധി കപ്പലുകൾ മുങ്ങിയിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിന് കാരണമന്വേഷിച്ചുകൊണ്ടുള്ള ചില ശാസ്ത്രീയ പഠനങ്ങളിൽ പറയുന്നത്. കടൽജലത്തിന്റെ സാന്ദ്രത പെട്ടെന്ന് കുറയുന്നത് കൊണ്ടാണ് കപ്പൽഛേദം സംഭവിക്കുന്നത് എന്നാണ്. ഇങ്ങനെയൊരു നിഗമനത്തിൽ അവർ എത്തിച്ചേരാനുള്ള കാരണം കപ്പലുകൾ സാധാരണ കടലിൽ മുങ്ങിത്താഴുമ്പോൾ അടിഭാഗം അതേപടി മുങ്ങിത്താഴാറില്ല. കപ്പലിന്റെ കൂർത്ത മുന്നറ്റമോ പിന്നറ്റമോ ആദ്യം കുത്തനെ മുങ്ങിയാണ് കപ്പൽ മുങ്ങുക. ജലത്തിന്റെ മർദ്ദം മൂലം കപ്പലിന്റെ വ്യാപ്തം കുറഞ്ഞ ഭാഗം ആദ്യം താഴുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എന്നാൽ ബർമുഡയുടെ കടൽത്തറയിൽ അന്ത്യവിശ്രമം കൊള്ളുന്ന കപ്പലിൽ ചിലത് അതിന്റെ അടിഭാഗം അഥവാ ഹള്ള് ജലോപരിതലത്തിൽ നിന്നും അതേപടി താഴെ എത്തിയ രൂപത്തിൽ കടൽത്തറയെ പ്രാപിച്ചതായി സമുദ്രാന്തർ ഗവേഷണങ്ങൾ കണ്ടെത്തുകയുണ്ടായി. ഇതിൽ നിന്നും ഈ പഠന സംഘം എത്തിയ നിഗമനം കൗതുകകരമാണ്. ബർമുഡയുടെ കടൽത്തറയിലെ ഭൂഭാഗങ്ങളിൽ നിന്നും മുകളിലേക്ക് ഉയരുന്ന മീതൈൻ വാതക കുമിളകൾ കടൽ ജലത്തിലെ സാന്ദ്രത പെട്ടെന്ന് കുറച്ചു കളയുകയും അങ്ങനെ പൊടുന്നനെ കപ്പൽ വെള്ളത്തിലേക്ക് താഴുകയും ചെയ്യുന്നു എന്നാണ്. കപ്പലിന്റെ ജലത്തിന്റെ ജലോപരിതലത്തിലൂടെയുള്ള സഞ്ചാരം ദൈവത്തിന്റെ അപാരമായ അനുഗ്രഹസാകല്യത്താലാ

**അത് താഴ്ത്തുന്നതും ഉയർത്തുന്നതുമാണ്. ഭൂമി അതി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും ചെയ്യും.'** (56:2–5)

ആ പ്രകമ്പനം കടൽ ഏറ്റു വാങ്ങുമ്പോൾ വമ്പിച്ച തിരമാലകളായി അത് കരയിലേക്ക് ഇരമ്പിക്കയറുന്നു. അതാണ് സുനാമി.

**'ഇളകി മറിയുന്ന സമുദ്രത്തെ കൊണ്ട് സത്യം (വൽ ബഹറുൽ മസ്ജൂർ) തിർച്ചയായും നിന്റെ നാഥന്റെ ശിക്ഷ സംഭവിക്കുന്നതാണ് അതിനെ തട്ടി നീക്കാൻ ആരുമില്ല'** (52:6–9)

### ഉപസംഹാരം

സമുദ്രങ്ങളാകുന്ന ജലാഭരണങ്ങൾ കൊണ്ട് വിഭൂഷിതയാണ് നമ്മുടെ ഭൂമി. നാമറിയാത്ത നിരവധി അനുഗ്രഹങ്ങൾകൊണ്ടും രഹസ്യങ്ങളാലും ഗർഭിതമായ സമുദ്രങ്ങൾ ഭൂവാസികളുടെ ഭാവി ജീവിതത്തിലെ വിഭവങ്ങളുടെ അക്ഷയ ഖനിയാണ്. വിശുദ്ധ ഖുർആൻ പറയുന്നു: **'പറയുക, ആകാശങ്ങളിലെയും ഭൂമിയിലെയും രഹസ്യങ്ങൾ അറിയുന്നവനാണ് ഇത് ഇറക്കിയിട്ടുള്ളത്. തീർച്ചയായും അവൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.'** **(25:7)** മനുഷ്യന്റെ ദുരയും അധാർമികതയും അജ്ഞതയും കൊണ്ട് അസന്തുലിതമായ ജീവിതമാണ് ഭൂവാസികളായ നാം നയിക്കുന്നതെങ്കിൽ ദുരന്തങ്ങൾ സംഭവിക്കുമെന്ന് അല്ലാഹു പറയുന്നു. പ്രകൃതിയിലെ എല്ലാ ദുരന്തങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള മനുഷ്യന്റെ തെറ്റായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. **'മനുഷ്യന്റെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിന് വേണ്ടി.'** **(30:42)**

എണ്ണിയാലൊടുങ്ങാത്ത ദൈവത്തിന്റെ അപരിമേയമായ അനുഗ്രഹങ്ങൾ വിവരിക്കാൻ സമുദ്രത്തെയാണ് അല്ലാഹു ഉദാഹരിച്ചത്. അത്രയും ബൃഹത്തും പ്രധാനപ്പെട്ടതുമാണ് സമുദ്രം. ഈ ബൃഹദാകാരം ഓർമ്മിപ്പിക്കുന്ന ഖുർആൻ വചനം ഉദ്ദരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

**'ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനയും സമുദ്രം (മഷിയും) ആവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ (മഷിയായി) അതിനെ പോഷിപ്പിക്കുകയും ചെയ്താൽ പോലും അല്ലാവിന്റെ ദൃഷ്ടാന്തങ്ങൾ (എഴുതി)തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാണ്.'**(31: 28)

**പേജ് 14 ൽ നിന്ന് തുടർച്ച**

അവരുടെ ധൈര്യം കൂടിയാവുമ്പോൾ എന്ത് പദാർത്ഥം കൊണ്ടാണ് അവരുടെ മനസ്സ് സൃഷ്ടിക്കപ്പെട്ടതെന്ന് നാം ആശ്ചര്യപ്പെടുന്നു.

ഈ ഭ്രമ കൽപനയിൽ നിന്നും എന്നെന്നേക്കുമായി മോചിതരാവാൻ ഇസ്‌ലാമിനെ അനുവദിക്കുക. അപ്പോൾ ഈ അന്ധവിശ്വാസം വളർത്തിക്കൊണ്ട് വരുന്ന മതപുരോഹിതൻമാരുടെ പിടി അതോടെ അയയും. അവരുടെ കാലഘട്ടത്തിന്റെ മരണം ഇസ്‌ലാമിന്റെ നവോത്ഥാന കാലത്തിന്റെ ഉദയമായിരിക്കും.

അവസാനത്തേതാണെങ്കിലും ഒട്ടും പ്രാധാന്യം കുറയാത്ത ഒരു കാര്യം ഒരു മുസ്‌ലിം പ്രവാചകന്റെ വേഷത്തിൽ ഒരു ഇസ്രായേലി പ്രവാചകനെ അവതരിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു തടസ്സമുണ്ട് എന്നതാണ്. യേശു(അ)വിന്റെ ഭൂമിയിലെ അഭാവത്തിൽ റസൂൽ തിരുമേനി(സ)ക്കും യേശുവിനും ഒരേസമയം ഖുർആൻ അവതരിക്കാൻ സാധ്യമല്ല എന്ന കാര്യം മുസ്‌ലിം യഥാസ്ഥിതിക മതപുരോഹിതന് എങ്ങനെ മറക്കാൻ കഴിയും. ഈ വീക്ഷണകോണിലൂടെയുള്ള നിരീക്ഷണം മതപുരോഹിതൻമാർക്ക് ഉത്തരം പറയേണ്ട നിരവധി പ്രയാസകരമായ ചോദ്യങ്ങളുയർത്തും. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം അദ്ദേഹത്തിന്റെ മതപരിവർത്തനം തന്നെയാണ്. ഏറ്റവും വലിയ പ്രവാചകനായ റസൂൽ തിരുമേനി(സ) ഭൂമിയിൽ അവതരിച്ച കാര്യം അദ്ദേഹം ആരിൽ നിന്ന് എപ്പോഴാണ് അറിഞ്ഞത്? സത്യവിശ്വാസിയായതിന് ശേഷം മുഹമ്മദ് നബി(സ)യുടെ സത്യത്തിന് അദ്ദേഹം സാക്ഷ്യം വഹിച്ചുവോ? അദ്ദേഹം ബഹിരാകാശത്ത് വെച്ച് ഇസ്‌ലാം മതം സ്വീകരിച്ച പ്രഥമ വ്യക്തിയാണെങ്കിൽ ഖുർആനിൽ നിന്ന് ഒന്നു മറിയാത്ത അദ്ദേഹത്തിന് എങ്ങനെ ഇസ്‌ലാം മതം ആചരിക്കാൻ സാധിക്കും? (തുടരും)

## ആകാശത്ത് നിന്നാരും വരില്ല

വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നാരും ഇറങ്ങി വരുന്നതല്ലെന്ന് നല്ലവണ്ണം ധരിച്ചുകൊള്ളുവീൻ. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്കും ആകാശത്ത് നിന്ന് മറിയമിന്റെ മകൻ യേശു (ഇസബനു മറിയം) ഇറങ്ങി വരുന്നതായി കാണാൻ സാദ്ധിക്കുന്നതല്ല. അതിന്ന് ശേഷം അവരുടെ സന്താനങ്ങളും ഇസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. (തദ്ക്കിറത്തു ശ്ശഹാദത്തൈൻ)

ഭാഗം – 22

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മൗലവി സാഹിബിന്റെ വിശാല മനസ്ക്കത

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് മറ്റുള്ളവരെ സഹായിക്കുന്നതിലും വൈദ്യ സഹായമെത്തിക്കുന്നതിലും എല്ലായിപ്പോഴും അതീവ ശ്രദ്ധാലുവായിരുന്നു. ആ കാര്യത്തിൽ അദ്ദേഹത്തെ പോലെ വിശാലഹൃദയനായ മറ്റൊരാളെ കണ്ടെത്തുക പ്രയാസമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഒരു അനുഭവം വിവരിക്കുകയാണു. ഞാനും ജനാബ് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബും ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ പഠിക്കാൻ പോയിരുന്ന കാലത്തു ഒരു വൃദ്ധൻ ദിവസവും മൗലവി സാഹിബിന്റെ അടുക്കൽ മരുന്നു വാങ്ങാൻ വരുന്നത് കണ്ടിട്ടുണ്ടായിരുന്നു. ഒരു ആറുമാസം ഇതു തുടർന്നപ്പോൾ ഒരു ദിവസം, നിങ്ങൾക്കു ഇവിടത്തെ ചികിത്സ കൊണ്ട് രോഗം ഭേദമാകുന്നില്ലെങ്കിൽ മറ്റു വല്ല ഡോക്ടറേയും സമീപിച്ചു കൂടെ എന്നു ഞാനാ വൃദ്ധനോടു ചോദിച്ചു. ആ സമയം മൗലവി സാഹിബ് ജലദോഷ സംബന്ധമായ അസുഖത്താൽ ബുദ്ധിമുട്ടുന്ന രോഗികൾക്കു പ്രത്യേക മരുന്നു ചേർത്തു തയ്യാറാക്കിയ ഒരു തരം ശർബത്ത് ഉണ്ടാക്കി കൊടുക്കാറുണ്ടായിരുന്നു. ആ വൃദ്ധൻ പറഞ്ഞു എനിക്കിവിടെ നിന്നു കുടിക്കാൻ നല്ല ശർബത്തു കിട്ടുന്നതു കൊണ്ടാണ് ഞാൻ ദിവസവും മരുന്നു വാങ്ങാനായി വരുന്നത്.

അയാൾ ശർബത്ത് കുടിക്കാൻ വേണ്ടി മാത്രമാണു വരുന്നതെന്നും അയാൾക്കു യാതൊരു അസുഖവും ഇല്ലെന്നും മൗലവി സാഹിബിനു നന്നായിട്ടറിയാം. എന്നിട്ടും ശർബത്ത് അയാൾക്കും നൽകിക്കൊണ്ടിരുന്നു. മൗലവി സാഹിബ് അയാളെ നമസ്ക്കരിക്കാൻ ഉപദേശിക്കാറുണ്ടായിരുന്നു. എത്ര ഉപദേശിച്ചിട്ടും ഫലം കണ്ടില്ല. അപ്പോഴൊക്കെ അയാൾ പറയും നിങ്ങളൊക്കെ എന്തു നമസ്ക്കാരമാണു നമസ്ക്കരിക്കുന്നത്. പള്ളിയിൽ പോകും സലാം വീട്ടി ഉടനെ തിരിച്ചു വരികയും ചെയ്യും. നിങ്ങൾക്കു ഏതിനോടാണോ പ്രേമം അതിൽ ലയിക്കുകയാണു വേണ്ടത്. ഞാനെന്റെ പീറിന്റെ മുരീദാണു. ഞങ്ങൾ പീറിനോടൊപ്പം നമസ്ക്കാരത്തിലാണുള്ളത്. ഒരിക്കൽ തുടങ്ങിയ നമസ്ക്കാരത്തിൽ ഇതുവരേയും ഞങ്ങൾ ഭംഗം വരുത്തിയിട്ടില്ല. അപ്പോൾ പിന്നെ പുതിയ നമസ്ക്കാരം ആരംഭിക്കേണ്ടതിന്റെ ആവശ്യമെന്ത്?

ഇത്തരക്കാർക്കും മൗലവി സാഹിബ് മരുന്നു നൽകും. ചികിത്സയുടെ കാര്യത്തിൽ ഒരിക്കലും അഹ്മദിയെന്നോ അനഹ്മദിയെന്നോ അമുസ്‌ലിമെന്നോ അവിശ്വാസിയെന്നോ ഉള്ള ഒരു വിവേചനവും അദ്ദേഹം കാണിക്കാറില്ല. മരുന്നു അദ്ദേഹം സൗജന്യമായിട്ടായിരുന്നു നൽകിയിരുന്നത്. ആരിൽ നിന്നും പണം ഈടാക്കിയിരുന്നില്ല. വല്ലവരും നൽകിയാൽ അതു വാങ്ങും എന്നു മാത്രം. ചിലപ്പോൾ മൗലവി സാഹിബ് ചികിത്സയുടെ ഭാഗമായി ചില രോഗികളോടു പാലും ബ്രഡും കഴിച്ചാൽ മതിയെന്നു പറയും. അപ്പോൾ ചില രോഗികൾ, ഡോക്ടർ സാഹിബ് ഞങ്ങൾ പാവങ്ങളാണു എന്നു പറഞ്ഞാൽ മരുന്നിനോടൊപ്പം അവർക്കു പാലും ബ്രഡും വാങ്ങാനുള്ള പൈസയും നൽകും. ഇതൊരു ഒഴികഴിവും മറയുമാക്കി ചില രോഗികൾ പാലും ബ്രഡും ലഭിക്കുന്നതിനായി ദിവസങ്ങളോളം

രോഗിയാവും. മൗലവി സാഹിബി നു എല്ലാം മനസ്സിലാകുമെങ്കിലും യാതൊരു ഭാവഭേതവും കൂടാതെ അവർക്കു അതിനുള്ള പണവും നൽകിക്കൊണ്ടിരിക്കും.

എല്ലാവർക്കും സൗജന്യമാ യി മരുന്നു നൽകുകയാണെങ്കിൽ ക്ലിനിക്കെങ്ങനെയാണു നടക്കുന്നത്. മൗലവി സാഹിബിനു അതിനു മാത്രമുള്ള വരുമാനമൊന്നും ഇല്ലല്ലോ എന്നു ആരെങ്കിലും ചോദിച്ചാൽ ആ സംശയം അസ്ഥാനത്താവുകയില്ല. അതിനുത്തരം ഒന്നേയുള്ളു. മൗലവി സാഹിബിനെ സമീപിക്കുന്ന നല്ല സാമ്പത്തിക ശേഷിയുള്ള രോഗികൾ ഈ കാര്യം മനസ്സിലാക്കി മൗലവി സാഹിബിനെ കാര്യമായി സഹായിക്കാറുണ്ട്. പക്ഷേ, മൗലവി സാഹിബ് ആരിൽ നിന്നും ഒരിക്കലും ഒന്നും പ്രതീക്ഷിക്കാറില്ല എന്നതാണു യാഥാർഥ്യം. എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു കൊണ്ടുള്ളതാണു അദ്ദേഹത്തിന്റെ ജീവിതം.

## ഇത്തരത്തിലുള്ള ഡോക്ടറെ എവിടെ കിട്ടും

ഒരിക്കൽ ബീഹാറിൽ നിന്നും ചികിത്സക്കായി മൗലവി സാഹിബിന്റെ അടുക്കൽ ഒരാൾ ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. ചികിത്സയ്ക്കു ശേഷം അയാൾ വാഗ്ദത്ത മഹ്ദീ മസീഹി (അ) നെ കാണുവാനും സലാം പറയുവാനുമായി ഹുസൂറിന്റെ സന്നിധിയിൽ ചെന്നു. മൗലവി സാഹിബ് നടത്തുന്ന ചികിത്സയുമായിബന്ധപ്പെട്ടു സംസാരം ഉണ്ടായപ്പോൾ ഹുസൂർ പറഞ്ഞു മൗലവി സാഹിബ് എന്ന വ്യക്തി തികച്ചും ഒരനുഗ്രഹമാണ്. രോഗനിർണയത്തിലുള്ള അദ്ദേഹത്തിന്റെ കഴിവും വൈദഗ്ധ്യവും വിലമതിക്കാനാവാത്തതാണ്. ഇതിനൊക്കെ പുറമെ യഥാർഥത്തിൽ രോഗ ശമനം നൽകുന്നത് അല്ലാഹുവാണെന്ന അടിയുറച്ച വിശ്വാസത്തിൽ രോഗിക്കു വേണ്ടി അദ്ദേഹം ദുആചെയ്യുകയും ചെയ്യുന്നു എന്നതാണു ഏറ്റവും വലിയ കാര്യം. ഇത്തരത്തിലുള്ള ഒരു ഡോക്റ്ററെ എവിടെ കിട്ടും.

## സദ്ർ അഞ്ചുമന്റെ തീരുമാനവും മൗലവി സാഹിബിന്റെ അനുസരണവും

ജനാബ് മാസ്റ്റർ ഫഖീറുല്ലാഹ് സാഹിബ് വിവരിക്കുകയാണ്. ഖാദിയാനിൽ അഞ്ചുമൻ സ്ഥാപിതമായപ്പോൾ അഞ്ചുമന്റെ പണം സൂക്ഷിക്കുന്നതിനായി ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ജമാഅത്തിനു ഒരു സ്റ്റീൽ അലമാരി നൽകിയിട്ടുണ്ടായിരുന്നു. ഞാൻ മുഹാസിബ് ആയിരുന്നപ്പോൾ അഞ്ചുമന്റെ അമീൻ (സൂക്ഷിപ്പുകാരൻ) മൗലവി സാഹിബായിരുന്നു. മൗലവി സാഹിബിന്റെ ക്ലിനിക്കിനോടു ചേർന്നുള്ള ഒരു ചെറിയ മുറിയിലായിരുന്നു ഈ അലമാരി സൂക്ഷിച്ചിരുന്നത്. മൗലവി സാഹിബിന്റെ ശിഷ്യനായ ഗുലാം മുഹമ്മദ് സാഹിബ് കശ്മീരിയാണു ആ മുറിയിൽ സ്ഥിരമായി താമസിച്ചിരുന്നത്. അതിനു പുറമെ മൗലവി സാഹിബിന്റെ മറ്റു വല്ല അതിഥികളും ഖാദിയാനിൽ വന്നാൽ അവരേയും ആ മുറിയിൽ താമസിപ്പിക്കാറുണ്ടായിരുന്നു.

അലമാരിയുടെ താക്കോലുകളിൽ ഒന്നു ഞാനും മറ്റൊന്നു മൗലവി സാഹിബുമായിരുന്നു സൂക്ഷിച്ചിരുന്നത്. ഞങ്ങൾ രണ്ടു പേരുടേയും സാന്നിദ്ധ്യത്തിൽ മാത്രമേ അലമാരി തുറക്കാൻ പാടുള്ളു എന്നതാണു അഞ്ചുമന്റെ നിർദേശം. ദിവസവും പണം എടുക്കാനും വെക്കാനുമായി അലമാരി ഞങ്ങൾ തുറക്കും അടക്കും. അതിനായി ഞാൻ മുഹാസിബിന്റെ ഓഫീസിൽ നിന്നും, മൗലവി സാഹിബ് ക്ലിനിക്കിൽ നിന്നും വരും. അങ്ങനെ കുറച്ചു നാളുകൾക്കു ശേഷം മൗലവി സാഹിബ് താക്കോൽ തന്റെ ശിഷ്യനായ ഗുലാം മുഹമ്മദ് സാഹിബ് കശ്മീരിക്കും മറ്റു ചിലർക്കും നൽകിക്കൊണ്ട് അവരോടു അലമാരി തുറക്കുന്ന അവസരത്തിൽ ചെല്ലാൻ പറയും. അങ്ങനെ അവർ വരും അവരുടെ സാന്നിദ്ധ്യത്തിൽ ഞാൻ അലമാരി തുറക്കുകയും പണം എടുക്കുകയോ വക്കുകയോ ചെയ്ത ശേഷം അവരുടെ സാന്നിദ്ധ്യത്തിൽ തന്നെ അലമാരി അടയ്ക്കും.

ഒരിക്കൽ കണക്കിൽ നൂറു രൂപ കുറവുള്ളതായി കണ്ടെത്തി. ഞാൻ മൗലവി സാഹിബിനെ വിവരം ധരിപ്പിച്ചു. കേട്ട ഉടനെ മൗലവി സാഹിബ് പറഞ്ഞു അലമാരി തുറക്കുന്നതും അടക്കുന്നതും നീയാണു. അതു കൊണ്ട് ഉത്തരവാദിത്വം നിന്റേതാണു. സംഗതി അഞ്ചുമന്റെ മുന്നിലെത്തി. അവസാനം അഞ്ചുമന്റെ തീരുമാനം വന്നു. വ്യക്തമായ നിർദേശമുണ്ടായിട്ടും മൗലവി സാഹിബ് അലമാരി തുറക്കുന്ന വേളകളിൽ അവിടെ നേരിട്ടു ഹാജറാക്കാത്തതിനാൽ നഷ്ടത്തിന്റെ ഉത്തരവാദി മൗലവി സാഹിബാണു. അതിനാൽ മൗലവി സാഹിബ് നഷ്ടം നികത്തണം. പാവം മൗലവി സാഹിബ് തന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിക്കാതെ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് നൂറു രൂപ അടച്ചു ജമാഅത്തിന്റെ നഷ്ടം നികത്തി.

## പദ്യവും ഖുർആൻ വ്യാഖ്യാനവും ഫോനോഗ്രാഫിൽ

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ആഗ്രഹ പ്രകാരം ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ് 1901 നവംമ്പർ മാസം ഖാദിയാനിലേയ്ക്കു വരുമ്പോൾ മാലിയാർകോട്ലയിൽ നിന്നും ഒരു സ്വനഗ്രാഹി യന്ത്രം (phonograph) വാങ്ങി കൊണ്ടു വന്നിട്ടുണ്ടായിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബ് സൂറാ അംമ്പിയായിലെ അവസാന റുക്കൂഅ് ഓതി അതിൽ റിക്കാർഡ് ചെയ്ത ശേഷം മസീഹ് മൗഊദിനെ കേൾപിച്ചപ്പോൾ അതു കേട്ടു ഹുസൂർ വളരെ സന്തോഷി

ക്കുകയുണ്ടായി. ഫോണോഗ്രാഫ് എന്ന ഒരു അത്ഭുത വസ്തു നവാബ് സാഹിബ് കൊണ്ടു വന്നതറിഞ്ഞ് ഖാദിയാനിലെ ആര്യസമാജക്കാരായ കുറേ പേർ മസീഹ് മൗഊദിനെ സമീപിച്ചു കൊണ്ട് അതു കാണാനും കേൾക്കാനും ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ചു ഹദ്റത്ത് മസീഹ് മൗഊദ് (അ) ആദിനങ്ങളിൽ തബ്ലീഗ് ആവശ്യാർത്ഥം രചിച്ച ഉറുദു അറബി ഫാർസി പദ്യങ്ങൾ ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) യുടെ മധുര ശബ്ദത്തിൽ ഫോണോഗ്രാഫിൽ റിക്കോഡ് ചെയ്യുകയും അവരെ കേൾപ്പിക്കുകയും ചെയ്തിരുന്നു.

ഈ സംഭവത്തിനു എകദേശം ഒരു വർഷത്തിനു ശേഷം 1902 ഒക്ടോബറിൽ വാഗ്ദത്ത മഹ്ദി മസീഹി (അ)ന്റെ നിർദ്ദേശാനുസരണം ഖുർആന്റെ 103-ാമത്തെ അദ്ധ്യായമായ സൂറത്തുൽ അസറിന്റെ സംക്ഷിപ്തമായ ഒരു വ്യാഖ്യാനം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഫോണോഗ്രാഫിൽ റിക്കോഡ് ചെയ്യുകയുണ്ടായി. അത് ഇപ്രകാരമായിരുന്നു.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
وَالْعَصْرِ . إِنَّ الْإِنْسَانَ لَفِي خُسْرٍ
إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ
وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ.

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. കാലത്തെ കൊണ്ടു സത്യം. മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. സത്യത്തിൽ വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ടിക്കുകയും സത്യം സ്വീകരിക്കാനും സ്ഥിരചിത്തത കൈകൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ. അതിന്റെ വ്യാഖ്യാനമായി ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു.

ഈ ചെറിയ അദ്ധ്യായത്തിൽ ഉന്നതനും ലോകങ്ങളുടെ നാഥനും ഏറ്റവും കാരുണ്യവാനും കരുണാമയനും വിധിനാളിന്റെ ഉടമസ്ഥനുമായ അല്ലാഹു ജീവിതത്തിൽ ആശ്വാസം കണ്ടെത്താനും ആദരിക്കപ്പെടാനും അഭിവൃദ്ധിപ്പെടാനും അവന്റെ സാമീപ്യം കരസ്ഥമാക്കുവാനുമുള്ള വ്യത്യസ്ത മാർഗങ്ങളാണ് നമ്മുടെ മുന്നിൽ വച്ചിട്ടുള്ളത്. ഒന്നാമതായി അല്ലാഹുവിൽ നിന്നുള്ള ഒരു ദൂതന്റെ ആഗമന കാലവും സമയവും ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. മനുഷ്യന്റെ പരിപൂർണ ജ്ഞാനവും അനുഭവങ്ങളും അസർ പോലെ ദിവസത്തിന്റെ അവസാന സമയമാണു. അതായത് അപ്പോൾ സൂര്യൻ അസ്തമിക്കുന്നു.

അസറിനു ശേഷം വിശ്വാസികൾക്കു ആത്മീയ ഔന്നിത്യത്തിന്നും അവന്റെ സാമീപ്യം കരസ്ഥമാക്കാനും സഹായിക്കുന്നതും ദുരാചാരങ്ങളിൽ നിന്നും നിയമ ലംഘനങ്ങളിൽ നിന്നും തടയുന്നതുമായ കൂട്ടായ നമസ്ക്കാരത്തിനുള്ള സമയം ഇല്ലാതായിത്തീരുന്നു. പിന്നീട് മനുഷ്യനു തന്റെ നഷ്ടം നികത്താനും ന്യൂനതകൾ പരിഹരിക്കാനും സമയമുണ്ടായിരിക്കുകയില്ല. അതിനാൽ ദൈവദൂതരുടെ കാലഘട്ടം അനുഗ്രഹമായി കരുതി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സത്യവും യഥാർഥവുമായ അറിവ് കരസ്ഥമാക്കുക. അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും അവന്റെ ഔന്നത്യത്തിലും അവന്റെ ഗുണങ്ങളിലും വിശ്വസിക്കുക. മനുഷ്യ ഹൃദയങ്ങളിൽ ഉണ്ടാകുന്ന മലക്കുകളുടെ പരിശുദ്ധമായ പ്രേരണകളെ അംഗീകരിക്കുക. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിലും ദൂതരിലും അവന്റെ വിധികളിലും മറ്റെല്ലാ സത്യങ്ങളിലും വിശ്വസിക്കുക. 2. ഈ സത്യങ്ങളനുസരിച്ചു വിശ്വസ്തതയോടെ പ്രവർത്തിക്കുക. 3. അങ്ങനെ പ്രവർത്തിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും അതിൽ സ്ഥിരചിത്തത കൈകൊള്ളുവാനും ശ്രമിക്കുക. 4. തിന്മകൾ ഉപേക്ഷിക്കാനും നന്മകൾ സ്വായത്തമാക്കാനുമായി മറ്റുള്ളവർക്കു പ്രചോദനം നൽകുക.

## മൗലവി സാഹിബിന്റെ ഖുർആൻ ദറസുകൾ

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രധാന സഹാബാക്കളിൽ ഒരാളായ ഹദ്റത്ത് പീർ സിറജുൽ ഹഖ് സാഹിബ് നുഅ്മാനി(റ) പറയുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദിൽ നിന്നും എനിക്കു ഖുർആൻ തഫ്സീർ പഠിക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ദറസുകളിലും ഞാൻ പങ്കെടുക്കാറുണ്ടായിരുന്നു. മൗലവി സാഹിബിന്റെ ദറസുകളെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെയധികം പ്രശംസിക്കുകയും പ്രകീർത്തിക്കുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഖുർആൻ തഫ്സീർ അകാശീയമാണെന്നും ദൈവീക മഹത്വമുള്ളതാണെന്നും ആ ദറസുകളിൽ പങ്കെടുത്തു കൊണ്ട് ഖുർആൻ കൂടുതലായി മന:സ്സിലാക്കാനും പഠിക്കാനും ശ്രമിക്കേണമെന്നും ഹദ്റത്ത് വാഗ്ദത്ത് മസീഹ് (അ) ഒരു അമ്പതു പ്രാവശ്യമെങ്കിലും എന്നോടു പറഞ്ഞിട്ടുണ്ടാകും. മൗലവി സാഹിബിന്റെ ഖുർആൻ ദറസിനു ഹദ്റത്ത് മസീഹ് മൗഊദ് (അ) അത്രകണ്ട് പ്രാധാന്യം നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഖുർആൻ ദറസ് ആരെയും ആകർഷിക്കുന്ന ഒന്നായിരുന്നു.

ജലന്തർ ജില്ലയിലെ ദൊആബാ എന്ന സ്ഥലത്തു താമസിക്കുന്ന ഹദ്റത്ത് ഹാജി ഗുലാം അഹ്മദ് സാഹിബ് (റ) വിവരിക്കുകയാണു, ഞാൻ ഖാദിയാൻ കാണുവാനും ഹദ്റത്ത് മസീഹ് മൗഊദുമായി കൂടിക്കാഴ്ച നടത്തുവാനുമായി 1903 ജനുവരിയുടെ അവസാനത്തിലോ ഫിബ്രവരിയുടെ ആദ്യ വാരത്തിലോ ഖാദിയാനിലേയ്ക്കു

പോയിട്ടുണ്ടായിരുന്നു. പോസ്റ്റു മാസ്റ്ററായി റിട്ടയർ ചെയ്ത എന്റെ സ്നേഹിതൻ ബശാറത്തലി സാഹിബും എന്നോടൊപ്പം ഉണ്ടായിരുന്നു. ബട്ടാലയിൽ നിന്നു ഞങ്ങൾ കുതിര വണ്ടിയിലാണു യാത്ര ചെയ്തത്. വഴിയെല്ലാം തന്നെ വിജനമായിരുന്നു. യാത്രക്കിടയിൽ രണ്ടു പേരെ മാത്രമാണു ഞങ്ങൾക്കു കാണുവാൻ സാധിച്ചത്. പിന്നീട് ഖാദിയാൻ എത്തിയപ്പോഴാണു ഹിന്ദുവായ ഒരു വൃദ്ധനെ കാണുന്നത്. ഞങ്ങൾ അദ്ദേഹത്തോടു മിർസാ സാഹിബിനെ കുറിച്ചു ചോദിച്ചു. അദ്ദേഹം പറഞ്ഞു സദാ ദൈവാരാധനയിൽ മുഴുകി കഴിയുന്ന വളരെ സാത്വികനായ വ്യക്തിയാണ് മിർസാ സാഹിബ്. എന്നാൽ ഏതാനും വർഷമായി അദ്ദേഹത്തിന്നെതിരിൽ പലതരം കള്ളങ്ങൾ ആളുകൾ പറഞ്ഞു പ്രചരിപ്പിക്കുന്നതായി കേൾക്കുന്നു. അപ്പോൾ അസറിനുള്ള നേരമായിട്ടുണ്ടായിരുന്നു. കുതിര വണ്ടി അതിഥി മന്ദിരത്തിന്റെ കവാടത്തിനു മുന്നിൽ എത്തി. ഞങ്ങൾ സാധനങ്ങൾ ഇറക്കി. അവിടെ ഉണ്ടായിരുന്ന ഒരാൾ വന്ന് ഞങ്ങളുടെ സാധനങ്ങളെല്ലാം സുരക്ഷിതമായ ഒരു സ്ഥലത്തു വച്ച ശേഷം നമസ്ക്കാരത്തിനുള്ള സമയമായെന്നും പറഞ്ഞു ഞങ്ങളെ മസ്ജിദ് അഖ്സയിലേയ്ക്കു ആനയിച്ചു.

ഞങ്ങൾ എത്തുമ്പോഴേയ്ക്കും നമസ്ക്കാരം കഴിഞ്ഞിരുന്നു. ഖുർആൻ ദറസ് ആരംഭിക്കാറായി. ഞങ്ങൾ വേഗം നമസ്ക്കാരം പൂർത്തിയാക്കി ദറസിനായി ഇരുന്നു. പള്ളിയുടെ എല്ലാ ഭാഗത്തും അഹ്മദികൾ കൈയിൽ ഖുർആനുമായി ഇരിക്കുന്നുണ്ടായിയുന്നു. തലപ്പാവും ജുബ്ബയും ധരിച്ച വളരെ ബഹുമാന്യ രൂപമുള്ള ഒരു വ്യക്തി ഖുർആനുമായി വന്നു. ആദ്യം അതിലെ ചെറിയൊരു ഭാഗം വളരെ ആകർഷണിയമായ രീതിയിൽ പാരായണം ചെയ്തു. തലാക്കിനെ കുറിച്ചുള്ള ഭാഗമായിരുന്നു അത്. ആ പാരായണത്തിനൊരു പ്രത്യേക ഇമ്പമുണ്ടായിരുന്നു. അതു കേൾക്കുന്നവരെ വല്ലാതെ ആവേശഭരിതരാക്കിയിരുന്നു. അതിനു ശേഷം താൻ ഓതിയ സൂക്തങ്ങളുടെ അർഥം കേൾപിച്ചു. പിന്നീട് അതിന്റെ വ്യാഖ്യാനവും അതിലടങ്ങിയ തത്വജ്ഞാനവും വിവരിച്ചു. ഞങ്ങൾ മതപ്രഭാഷണങ്ങൾ ധാരാളം കേട്ടിട്ടുണ്ടായിരുന്നു. പക്ഷേ, ഇവിടത്തെ അവസ്ഥ മറ്റൊന്നായിരുന്നു. അതുപോലുള്ള ഒരു വിവരണം ഇതിനു മുമ്പ് ഞങ്ങൾ കേട്ടിട്ടുണ്ടായിരുന്നില്ല. അതു ഞങ്ങളിൽ ഒരു പ്രത്യേക അനുഭൂതി സൃഷ്ടിക്കുകയുണ്ടായി. തൊട്ടടുത്തിരുന്നയാളോടു പതുക്കെ ഇതു തന്നെയല്ലേ വാഗ്ദത്ത മസീഹ് എന്നു ഞാനന്വേഷിച്ചു. അദ്ദേഹം പറഞ്ഞു അല്ല ഇതു മൗലവി നൂറുദ്ദീൻ സാഹിബാണ്. ആ വാക്കുകൾ എന്നെ പിന്നേയും ആശ്ചര്യഭരിതനാക്കി. ഈ വിജ്ഞാന വിദൂഷി വാഗ്ദത്ത മസീഹിന്റെ ശിഷ്യനാണെങ്കിൽ ആ പുണ്യാത്മാവ് എത്ര ഉന്നതി പ്രാപിച്ച ആളായിരിക്കും. ഞാൻ അടുത്തിരുന്ന വ്യക്തിയോടു വീണ്ടും ചോദിച്ചു ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്പോൾ എവിടെ കാണും. അദ്ദേഹം പറഞ്ഞു മഗ്രിബ് നമസ്ക്കാരത്തിന്നായി മസ്ജിദ് മുബാറക്കിൽ വരും അവിടെ വച്ചു കൂടിക്കാഴ്ചയ്ക്കു അവസരമുണ്ടാകും.

## ഖുർആൻ ഒന്നാം ഭാഗത്തിന്റെ തർജ്ജമ

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖുർആൻ പരിഭാഷയുടെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കി ഒരു മാതൃകയെന്നോണം ഖുർആന്റെ ഒന്നാം ഭാഗത്തി(ജുസു)ന്റെ വിവർത്തനം തയ്യാറാക്കിയിരുന്നു. അതു മീററ്റിലെ പ്രിന്റിംങ്ങ് പ്രസ്സിന്റെ ഉടമയായ അബ്ദുർ റശീദ് സാഹിബ് 1907 ഏപ്രിൽ മാസം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അതു കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിനെ ആ കാര്യത്തിൽ പ്രശംസിച്ചു കൊണ്ട് ഇങ്ങനെ ഒരു കത്തെഴുതി. *അസ്സലാമുഅലൈകും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. ജീവിതത്തിന്റെ കാര്യത്തിൽ ഒരു ഉറപ്പുമില്ലെന്ന വസ്തുത നമുക്കു നന്നായി അറിയാവുന്നതാണ്. യഥാർഥത്തിൽ ഇതു കാലത്തിന്റെ ആവശ്യമാണു. താങ്കളിലൂടെ അതു നിർവഹിക്കപ്പെടുകയാണെങ്കിൽ അല്ലാഹുവിൽ നിന്നും വലിയ പ്രതിഫലം ലഭിക്കുന്ന ഒരു പുണ്യ കർമമായിരിക്കും അത്. എന്റെ അഭിപ്രായത്തിൽ ഇത്തരത്തിലുള്ള സേവനങ്ങളാൽ ആയുസ്സ് വർദ്ധിക്കും. ഹദീസിനു വേണ്ടി പ്രവർത്തിച്ചവർക്കു ലഭിച്ച ദീർഘായുസ്സ് അതിന്റെ തെളിവാണ്. ആ നിലയിൽ ഖുർആനു സേവനം ചെയ്യുന്നവരുടെ ആയുസ്സിൽ അല്ലാഹു അനുഗ്രഹം ചൊരിയുമെന്നു ദൃഢമായും നമുക്കു വിശ്വസിക്കാം. വസ്സലാം. മിർസാ ഗുലാം അഹ്മദ്.*

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അറബി ഭാഷയിൽ ഖുർആന്റെ ഒരു വ്യാഖ്യാനം തയ്യാറാക്കിയിട്ടു ണ്ടായിരുന്നു. അതു അച്ചടിച്ചു പ്രസിദ്ധീകരിക്കാനായി ജമാഅത്തിലുള്ളവർ അദ്ദേഹത്തെ നിർബന്ധിച്ചെങ്കിലും അദ്ദേഹമതു നശിപ്പിക്കുകയാണു ചെയ്തത്. ഒരു ഖുതുബയിൽ മൗലവി സാഹിബ് ആ കാര്യം പരാമർശിച്ചു കൊണ്ട് പറയുകയാണ്. ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. ഏതു പോലെ അല്ലാഹുവിന്റെ ഗുണങ്ങളും സിഫാത്തുകളും നിസ്സീമമാണോ അതു പോലെ തന്നെ അവന്റെ വചനങ്ങളുടെ അന്തസത്തയും പരിമിതിയില്ലാത്തതാണ്. അതിനാൽ അല്ലാഹുവിന്റെ വചനങ്ങളുടെ അർഥത്തേയോ വ്യാഖ്യാനത്തേയോ നമ്മുടെ കണ്ടെത്തലുകളനുസരിച്ചു ഒരു പ്രത്യേക ചട്ടക്കൂട്ടിൽ ഒതുക്കുന്നത് ശരിയല്ല. ബാഹ്യമായി നോക്കുകയാണെങ്കിൽ അല്ലാഹുവിന്റെ കലാമായ ഖുർആന്റെ വ്യാഖ്യാനം അല്ലാഹു തന്നേയാണു നൽകേണ്ടത്. എന്നാൽ അല്ലാഹു അത്തരം

വ്യാഖ്യാനമൊന്നും തന്നെ ഇറക്കിയിട്ടില്ല. നബി തിരുമേനിയും ഖുർആന്റെ വ്യാഖ്യാനം എഴുതിയിട്ടില്ല. നബി (സ) ക്കു ശേഷം വന്ന ഖുലഫാ ഉർ റാശിദീങ്ങളും അങ്ങനെ ഒന്നും ചെയ്തില്ല.

ഫിഖഹിന്റെ നാലു ഇമാമുമാരും കടന്നു പോയി. അവരും ഒന്നും ചെയ്തിട്ടില്ല. ഹദ്റത്ത് ഇമാം അബൂഹനീഫ(റഹ്) റസൂലുല്ലാഹ്ന്റെ കാലത്തു നിന്നും അധികം അകലത്തിലല്ലാതെ ജീവിച്ച മഹാനാണു. അദ്ദേഹത്തിനു സഹാബാക്കളെ കാണുവാനുള്ള ഭാഗ്യവുമുണ്ടായിട്ടുണ്ട്. അദ്ദേഹം ഖുർആന്റെ വ്യാഖ്യാനമെഴുതിയില്ല. പിന്നീട് വന്ന ഇമാം ശാഫി, ഇമാം മാലിക്, ഇമാം അഹ്മദ് ഹംബൽ ആരും തന്നെ വ്യാഖ്യാനമെഴുതിയിട്ടില്ല. അവർക്കു ശേഷം മഹാന്മാരായ മുഹദ്ദിസീങ്ങൾ ബുഖാരി, തിർമിദി, അബൂ ദാവൂദ് തുടങ്ങിയ മഹാരഥന്മാരുണ്ടായി. അവരും ഖുർആന്റെ തഫ്സീർ എഴുതിയിട്ടില്ല. സൂഫിയാക്കളായ ഖാജാ മുഈനുദ്ദീൻ ചിശ്തി, ശിഹാബുദ്ദീൻ സഹർവർദി, ശാഹ് നഖ്ശ്ബന്ദി, ഹദ്റത്ത് സയ്യിദ് അബ്ദുൽഖാദർ ജീലാനി എല്ലാം വലിയ വലിയ മഹാന്മാരാണ്. അവർ ആന്തരികവും ബാഹ്യവുമായ അറിവിനാൽ അനുഗ്രഹീതരായിരുന്നു. എന്നിട്ടും അവർ ഖുർആന്റെ വ്യാഖ്യാനം എഴുതിയില്ല. ഹദ്റത്ത് ശിഹാബുദ്ദീൻ സഹർവർദിയുടെ ഒരു തഫ്സീർ ഉണ്ട്. എന്നാൽ അദ്ദേഹമതിൽ തന്റെ ഗവേഷണമോ കണ്ടെത്തലുകളൊ ഒന്നും തന്നെ ചേർത്തിട്ടില്ല

ഞാനും ഒരു തഫ്സീർ എഴുതിയിട്ടുണ്ടായിരുന്നു. ജമാഅത്തിലെ ആളുകൾ അതുടനെ അച്ചടിപ്പിക്കാൻ എന്നെ നിർബന്ധിക്കുകയും ചെയ്തിരുന്നു. ഞാനതു ചെയ്തില്ല. കാരണം പിന്നീട് വരുന്നവർ എന്റെ വ്യാഖ്യാനം കണ്ട് ഖുർആൻ ഇതു മാത്രമാണെന്നു മനസ്സിലാക്കും. അതോടെ അവർ ഖുർആന്റെ തത്ത്വരഹസ്യങ്ങൾക്കും അഗാധജ്ഞാനങ്ങൾക്കും അതിമഹത്തായ മഹിമാ വിശേഷങ്ങൾക്കും നേരെ കണ്ണടച്ചേക്കും. ഇതു ലോകൈക നാഥനായ അല്ലാഹുവിന്റെ ഗ്രന്ഥമാണു. അത് എല്ലാ കാലഘട്ടങ്ങളിലുമുള്ള ആവശ്യങ്ങളുടെ ഉത്തരമാണ്. അതു പിന്നീടു വരുന്ന വാദങ്ങളുടേയും പ്രതിവാദങ്ങളുടെയും മറുപടിയാണ്. ഖുർആനിൽ അല്ലാഹു പറയുന്നു.

يَا أَيُّهَا النَّاسُ قَدْ جَاءَتْكُمْ مَوْعِظَةٌ
مِنْ رَبِّكُمْ وَشِفَاءٌ لِمَا فِي الصُّدُورِ
وَهُدًى وَرَحْمَةٌ لِلْمُؤْمِنِينَ

ജനങ്ങളേ, തീർച്ചയായും നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയങ്ങളിലുള്ള (എല്ലാ രോഗങ്ങൾക്കും) ശമനൗഷധവും നിങ്ങൾക്കു വന്നു കിട്ടിയിരിക്കുന്നു. വിശ്വാസികൾക്കു മാർഗദർശനവും കാരുണ്യവുമാകുന്നു (അത്). ഈ ആയത്തിൽ പറഞ്ഞതു പോലെ شِفَاءٌ لِمَا فِي الصُّدُور ഹൃദയങ്ങളിലെ എല്ലാ രോഗങ്ങൾക്കുമുള്ള ശമനൗഷധമാണു ഖുർആൻ. അതിനെ പരിമിതപ്പെടുത്തരുത്.

നോക്കൂ! മിർസാ സാഹിബും ഖുർആൻ മജീദിന്റെ സേവനത്തിനായിട്ടാണു അല്ലാഹുവിനാൽ നിയോഗിതനായിരിക്കുന്നത്. പരിഭാഷയോ വ്യാഖ്യാനമോ അദ്ദേഹവും എഴുതി പ്രസിദ്ധീകരിച്ചിട്ടില്ല. മുസ്ലിം സമുദായത്തിലെ ഒരു മഹാനും ഒരു മുജദ്ദിദും അതു ചെയ്തിട്ടില്ല. ഖുർആൻ മജീദിന്റെ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ട പരിഭാഷകളേയും വ്യാഖ്യാനങ്ങളേയും ജനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നത് ശരിയാണു. പക്ഷേ അതിനു ശേഷം ആ തർജ്ജമയിലും വ്യാഖ്യാനങ്ങളിലും തൃപ്തിയടഞ്ഞു കൊണ്ട് അതിന്റെ അഗാധതലങ്ങളെ കുറിച്ചു ചിന്തിക്കുന്ന ശീലം മനുഷ്യൻ ഉപേക്ഷിച്ചു. അതു ഇസ്ലാമിനു വലിയ ദോഷമാണു ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഖുർആന്റെ അഗാധജ്ഞാനങ്ങളെ കുറിച്ചെഴുതാൻ എനിക്കു അതിയായ ആഗ്രഹമുണ്ടായിട്ടും ഈ മഹാസാഗരത്തെ ഭരണിയിലടക്കാൻ എനിക്കുമായില്ല.

എനിക്കു ചെറുപ്രായം മുതൽ ഖുർആൻ വ്യാഖ്യാനമെഴുതാൻ വലിയ ആവേശവും ഉത്സാഹവുമായിരുന്നു. ഞാൻ പല തവണ വ്യാഖ്യാനമെഴുതാൻ ആരംഭിച്ചുവെങ്കിലും പൂർത്തിയാക്കാനായില്ല. അതിനുള്ള കഴിവു ലഭിക്കുന്നതിനായി അല്ലാഹുവിനോടു ധാരാളമായി ദുആ ചെയ്തു. സഹായം തേടി. പിന്നീട് എനിക്കു ഒരു മഷിക്കുപ്പി നൽകപ്പെട്ടതായി ഞാൻ സ്വപ്നം കണ്ടു. പക്ഷേ, ആ കുപ്പി വരണ്ടതായിരുന്നു. ഞാൻ വീണ്ടും കൂടുതലായി ദുആ ചെയ്തപ്പോൾ എനിക്കൊരു പേന നൽകപ്പെട്ടതായി വീണ്ടും സ്വപ്നം കണ്ടു. പക്ഷേ, അതിന്റെ മുന ഒടിഞ്ഞിട്ടുണ്ടായിരുന്നു. മുന ഒടിഞ്ഞ പേന ഉപയോഗിക്കാനാവുകയില്ലല്ലോ.

ഡോക്ടർ ഫൈസ് അലി സാബിർ സാഹിബ് നിവേദനം ചെയ്യുകയാണു. ബദ്ർ പത്രത്തിൽ ജോലി ചെയ്യുന്ന കാലത്തു പ്രസിദ്ധീകരിക്കാനുള്ള ഉദ്ദേശ്യത്തോടെ ഞാൻ ഹദ്റത്ത് മൗലവി സാഹിബിനോടു ഖുർആന്റെ തർജ്ജമയും വ്യാഖ്യാനവും എഴുതാൻ അപേക്ഷിച്ചിട്ടുണ്ടായിരുന്നു. മൗലവി സാഹിബ് സമ്മതിക്കുകയും ഓരോ ആഴ്ച ഓരോ ജുസു എഴുതാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. ഒരു മാസം കഴിഞ്ഞപ്പോൾ മൗലവി സാഹിബ് കാര്യം മറന്നു പോയിട്ടുണ്ടാകുമെന്നു കരുതി ഞാൻ ഓർമപ്പെടുത്തി. മറന്നിട്ടില്ലെന്നും ആ ചിന്തയിൽ തന്നെയാണു ഞാൻ ഉള്ളതെന്നും മൗലവി സാഹിബ് മറുപടി പറഞ്ഞു. വീണ്ടും കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഞാൻ മൗലവി സാഹിബിനെ ഒന്നു കൂടി സമീപിച്ചു. അപ്പോൾ മൗലവി സാഹിബ് തന്റെ മനസ്സു തുറന്നു. തന്റെ വിഷമാവസ്ഥ എന്നോടു പറഞ്ഞു. അദ്ദേഹം പറയുകയാണു ദീർഘകാലമായി ഞാൻ ഖുർആൻ ദറസ്

നൽകിക്കൊണ്ടിരിക്കുന്നു. എണ്ണമറ്റ തവണ ഞാൻ ഖുർആൻ പാരായണം ചെയ്തു പൂർത്തിയാക്കിയിട്ടുണ്ട്. പരിഭാഷയും വ്യാഖ്യാനവും ഞാൻ ദിവസവും കുറിച്ചു വക്കാറുണ്ട്. അത്തരത്തിൽ എഴുതിയുണ്ടാക്കിയ കൈയെഴുത്തു കോപ്പിയുടെ വലിയൊരു ശേഖരം എന്റെ പക്കൽ കുന്നു കൂടി കിടപ്പുണ്ട്. അതു കാണുമ്പോൾ ഹോ! ഇതു പൂർത്തിയായല്ലോ ഇനി ഇതു അച്ചടിച്ചാൽ മതിയല്ലോ എന്നു കരുതും. പക്ഷേ, പിന്നീടു ദറസുകളുടെ പുതിയ പരമ്പര ആരംഭിക്കുന്നതോടു കൂടി ഗഹനവും അസാധാരണങ്ങളുമായ ഖുർആനിക ജ്ഞാനങ്ങളുടെ നീണ്ടൊരുറവ എന്റെ ഹൃദയത്തിലൂടെ ഒഴുകിത്തുടങ്ങും. അതെന്നെ പോലും അതിശയിപ്പിക്കും. അപ്പോഴാണു ഞാൻ നേരത്തെ വളരെ പണിപ്പെട്ടുണ്ടാക്കി വച്ച കൈയെഴുത്തുകളും അതിനു വേണ്ടി ഞാൻ നടത്തിയ അദ്ധ്വാനങ്ങളും എല്ലാം നിഷ്ഫലമായെന്നു ഞാൻ തന്നെ തിരിച്ചറിയുന്നത്.

## ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ ഖുർആൻ പഠനം

1896 ൽ ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി(അ)നോടു താൻ ഖുർആൻ പഠിക്കാൻ ആഗ്രഹിക്കുന്നുവെന്നും അതിനു വേണ്ടി ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ കുറച്ചു സമയത്തേയ്ക്കു മാലിയാർ കോട്ടിലേയ്ക്കു അയച്ചു തരണമെന്നും അപേക്ഷിച്ചതനുസരിച്ചു ഹുസൂർ ഹദ്റത്ത് മൗലവി സാഹിബിനെ മാലിയാർ കോട്ടിലേയ്ക്കു അയച്ചു. മൗലവി സാഹിബിനും കുടുംബത്തിനും താമസിക്കാനായി വീടും യാത്രക്കായി ഒരു കുതിര വണ്ടിയും മറ്റു ഏർപ്പാടുകളും ഹദ്റത്ത് നവാബ് സാഹിബ് ചെയ്തിട്ടുണ്ടായിരുന്നു. നവാബ് സാഹിബ് ദിവസവും ഖുർആൻ പഠിക്കുന്നതിനായി മൗലവി സാഹിബിന്റെ താമസസ്ഥലത്തു പോകും. അങ്ങനെ അദ്ദേഹം ആറുമാസം കൊണ്ട് ഖുർആൻ പൂർത്തിയാക്കുകയുണ്ടായി.

## നവ മുസ്ലിംകളുടെ ലിസ്റ്റ്

ഡോക്ടർ സഫർ ഹസ്സൻ സാഹിബ് നിവേദനം ചെയ്യുകയാണു. ജമാഅത്തിന്റെ വിരോധികൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലത്തു ജമാഅത്തിന്നെതിരിൽ പലതരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാറുണ്ടായിരുന്നു. മിർസാ സാഹിബ് ഇസ്ലാമിന്റെ പുരോഗതിയെ കുറിച്ചും താൻ നടത്തുന്ന തബ്ലീഗിനെ സംബന്ധിച്ചും വലിയ വലിയ അവകാശ വാദങ്ങൾ നടത്തുന്നതല്ലാതെ മറ്റെന്താണു അദ്ദേഹം ചെയ്തതെന്നു അവർ ചോദിക്കുന്നു. ഏതാനും ചില മുസ്ലിംകളെ തന്റെ പാട്ടിലാക്കി ജമാഅത്തു രൂപീകരിച്ചതല്ലാതെ അദ്ദേഹം മറ്റൊന്നും ചെയ്തിട്ടില്ലെന്നും മിർസാ സാഹിബ് അമുസ്ലിംകൾക്കു ഇസ്ലാമികാദ്ധ്യാപനങ്ങൾ നൽകി അവരെ ഇസ്ലാമിന്റെ പാതയിൽ കൊണ്ടു വന്നിരുന്നുവെങ്കിൽ അഹ്മദിയാ ജമാഅത്തിന്റെ സത്യത്തെ കുറിച്ചു ഞങ്ങളും ചിന്തിക്കുമായിരുന്നുവെന്നവർ പറയുന്നു. അത്തരത്തിലുള്ള ഒരു സേവനവും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഇതുവരെ ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്കു അദ്ദേഹത്തിന്റെ പൊള്ളയായ വാദങ്ങൾ ഞങ്ങളെങ്ങനെ സ്വീകരിക്കും എന്നവർ ചോദിക്കുന്നു. ശത്രുക്കളുടെ ഈ ആക്ഷേപത്തിനു മറുപടി നൽകാനായി തന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ച അമുസ്ലിംകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിനെ ചുമതലപ്പെടുത്തി.

ഹദ്റത്ത് മസീഹ് മൗഊദിന്റെ കൈയിൽ വിശ്വസിച്ചു ബൈഅത്തു ചെയ്ത അമുസ്ലിംകളായിരുന്ന എല്ലാവരുടേയും വിശദമായ ഒരു ലിസ്റ്റ് കോളം വരച്ചു ഹദ്റത്ത് മൗലവി സാഹിബ് തയ്യാറാക്കി. അതിൽ ഹിന്ദുക്കൾ, സിക്കുകാർ, കൃസ്ത്യാനികൾ തുടങ്ങി അന്യമതസ്ഥരിൽ നിന്നു അതുവരെ വാഗ്ദത്ത് മഹ്ദീ മസീഹിനെ വിശ്വസിച്ച എല്ലാവരുടേയും പേരുകൾ ചേർത്തിട്ടുണ്ടായിരുന്നു. ആ ലിസ്റ്റിന്റെ സ്വഭാവം ഇങ്ങനെയായിരുന്നു. വ്യക്തികളുടെ ഇപ്പോഴത്തെ പേര്, ഇസ്ലാമിൽ ചേരുന്നതിനു മുമ്പുള്ള പേര്, വയസ്സ്, പിതാവിന്റെ പേര്, സ്വദേശം, ജില്ല, ഇപ്പോൾ താമസിക്കുന്ന സ്ഥലം, ജാതി (ഖൗം) തുടങ്ങി മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ ലിസ്റ്റായിരുന്നു അത്. അതിൽ അതിശയിപ്പിക്കുന്ന ഒന്നാമത്തെ പേര് ഇങ്ങനെയായിരുന്നു.

1. ഇപ്പോഴത്തെ പേര്. നൂറുദ്ദീൻ. ആദ്യ പേര് നൂറുദ്ദീൻ. പിതാവിന്റെ പേര്. മൗലവി ഗുലാം റസൂൽ. സ്വദേശം ഭേര. ജില്ല. ശാഹ്പൂർ. ഖൗം.ഖുറൈശി. ഇപ്പോഴത്തെ താമസ സ്ഥലം. ഖാദിയാൻ.

മൗലവി സാഹിബ് തയ്യാറാക്കിയ ലിസ്റ്റ് കണ്ടപ്പോൾ ജമാഅത്തിലുള്ളവർ പറഞ്ഞു, മൗലവി സാഹിബ്! ഹദ്റത്ത് സാഹിബ് നവമുസ്ലിംകളുടെ പേരുകളാണുദ്ദേശിച്ചത്. താങ്കൾ ഒന്നാമതായി സ്വന്തം പേരാണല്ലോ ചേർത്തിരിക്കുന്നത്. മൗലവി സാഹിബ് വളരെ വികാരാവേശത്തോടെ പറഞ്ഞു യഥാർഥത്തിൽ എനിക്കു ഇസ്ലാമിനെ മനസ്സിലാക്കാനുള്ള മഹാഭാഗ്യം ഹദ്റത്ത് മസീഹ് മൗഊദി(അ)ലൂടെയാണ് ലഭിച്ചത്. അതു കൊണ്ടാണ് ഞാനെന്റെ പേര് ലിസ്റ്റിൽ ഒന്നാമതായി ചേർത്തിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദി(അ)ൽ നിന്നു അനുഗ്രഹം തേടാനുള്ള ഒരവസരവും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ) പാഴാക്കാറില്ലെന്നാണ് അദ്ദേഹത്തിന്റെ ഈ പ്രവർത്തി നമുക്കു മനസ്സിലാക്കിത്തരുന്നത്. ഇന്ത്യയിലെ അന്നത്തെ

ശേഷം പേജ് 43 ൽ

# യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും

ദൈവത്തിന്ന് വേണ്ടി ഉജ്ജ്വല ത്യാഗങ്ങൾ വരിച്ച മഹാനായ പ്രവാചകനാണ് യേശു. അവിടുത്തെ പിതാവില്ലാതെയുള്ള ജനനം കൗതുകമുണർത്തുന്ന ഒരു വിഷയമാണ്. ഇതിനോടനുബന്ധിച്ച് ദൈവപുത്രത്വം മുതൽ ദൈവത്തിന്ന് മാത്രം ചേർന്ന അനേകം അമാനുഷ പദവികളും പ്രവർത്തികളും വരെ ക്രിസ്ത്യാനികളും മുസ്‌ലിംകളും അദ്ദേഹത്തിൽ ചാർത്തുന്നു. ദൈവത്തിന്റെ ഏകത്വത്തെ ശക്തമായി പ്രബോധിക്കുന്ന വിശുദ്ധ ഖുർആൻ യേശുവിന്റെ ജനന വിഷയത്തിൽ നൽകുന്ന ശാസ്ത്രീയ സൂചനകളും പാഠങ്ങളും ഈ ലേഖനത്തിൽ വിവരിക്കുന്നു.

**അബൂ റിസ്‌വാൻ**

സംവാദങ്ങളെ ഇഷ്ടപെടുന്ന രണ്ട് പ്രബല മതങ്ങളാണ് ക്രിസ്തു മതവും ഇസ്‌ലാം മതവും. ഈ പരിഷ്കൃതയുഗത്തിൽ എല്ലാ ചിന്താ പ്രസ്ഥാനങ്ങളും ജീവിത പദ്ധതികളും ആശയ വിനിമയങ്ങളുടെയും സംവാദങ്ങളുടെയും പ്രസക്തി മനസ്സിലാക്കുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരുമാണ്. പ്രത്യേകിച്ച് തങ്ങളുടെ മോക്ഷാർഹമായ മതത്തിലേക്ക് വരുവീൻ എന്ന് അന്യമതസ്ഥരിൽ മതപ്രചാരണം നടത്തുന്ന ക്രിസ്തു മതവും ഇസ്‌ലാം മതവും ചോദ്യങ്ങളെയും ആശയ വിനിമിയങ്ങളെയും സംവാദങ്ങളെയും അഭിമുഖീകരിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഖുർആൻ പറയുന്നു:

***'തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക' (അന്നഹൽ 16: 126)***

സംവാദത്തെ പറ്റിയുള്ള ഒരു ബൈബിൾ വചനം ഇപ്രകാരമാണ്. ***'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവായി പൂജിക്കുക. അവനെക്കുറിച്ച് നിങ്ങളിലുള്ള പ്രതീക്ഷയെപറ്റി ആരെങ്കിലും വിശദീകരണം ആവശ്യപ്പെട്ടാൽ എപ്പോഴും ഒരു പ്രതിവാദത്തിന്ന് സന്നദ്ധരായിരിക്കണം. പക്ഷേ സൗമ്യതയോടും ബഹുമാനത്തോടും കൂടി വേണം. ഇതു ചെയ്യാൻ'*** (പത്രോസ് 3: 13 15)

ഇവിടെ നാം ചർച്ച ചെയ്യുന്നത് ജനകോടികളുടെ ഹൃദയത്തിൽ പ്രതിഷ്ഠിതനും പുണ്യാത്മാവുമായ യേശുവിന്റെ ജനനത്തെ സംബന്ധിച്ച പ്രശ്നമാണ്. പുരുഷന്റെ സ്പർശനമില്ലാതെയാണ് യേശുവിന്റെ പരിശുദ്ധ മാതാവ് ഹദ്റത്ത് മറിയം ബീവി ഗർഭം ധരിച്ചത്. ഈ പ്രതിഭാസത്തിന്റെ ദൈവശാസ്ത്രപരവും ജൈവശാസ്ത്രപരവുമായ സാധുതയും സാംഗത്യവും നിഷ്പക്ഷവും നീതിയുക്തവുമായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മതസാഹിത്യങ്ങളിലും ഇതിഹാസങ്ങളിലും പുരാണങ്ങളിലും പുരാവൃത്തങ്ങളിലും ഇത്തരം സംഭവങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിലേറ്റവും പ്രസിദ്ധമായതും പ്രചാരപ്പെട്ടതും ഹദ്റത്ത് യേശു (അ)വിന്റെ ജനനമാണ്. യേശു ജനിച്ചത് ഹദ്റത്ത് മറിയം ബീവി കന്യകയായിരുക്കുമ്പോഴാണ് എന്നാണ് ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നത്. പിതാവില്ലാതെ ജനിച്ച യേശുവിന്റെ പിതാവ് ദൈവമാണ് എന്നാണ് ഏല്ലാ ക്രിസ്തീയ വിഭാഗങ്ങളും വിശ്വസിക്കുന്നത്. ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസമായി കരുതുന്ന ദൈവ പുത്രവാദത്തിന്റെ ഏറ്റവും പ്രബലമായ ആധാരം കന്യാമറിയത്തിന്റെ ഈ അസാധാരണമായ ഗർഭ ധാരണവും പ്രസവവുമാണ്. പിതാവില്ലാതെ ഭൂജാതനായ യേശുവിന്റെ ജനനം ഒരു ദിവ്യാത്ഭുതമാണ് എന്ന് കരുതുന്ന മുസ്‌ലിംകൾ, ദൈവമാണ് യേശുവിന്റെ പിതാവ് എന്ന ക്രിസ്തീയ വാദത്തോട്

തികച്ചും വിയോജിക്കുന്നു. മുസ്ലിംകളുടെ ഏകദൈവ സങ്കൽപ്പത്തിന്ന് കടകവിരുദ്ധവും വിശുദ്ധ ഖുർആൻ വ്യക്തമായ വചനങ്ങളിൽ ഖണ്ഡിച്ചതുമായ ഒരുവിശ്വാസമാണ് യേശു ദൈവ പുത്രനാണെന്ന വാദം. മുസ്ലിം കളുടെ അഭിപ്രായപ്രകാരം ഒരു മനുഷ്യനിൽ ദൈവത്വം ആരോപി ക്കുന്നതും ലൈംഗിക സംബന്ധി യായ പുത്രോൽപാദനം ദൈവ ത്തിൽ ചാർത്തുക എന്നതും ദൈവസങ്കൽപ്പത്തിൽ വ്യക്തമായ കളങ്കം ചേർക്കലാണ്. അതുകൊ ണ്ടാണ് യേശുവിന്റെ മാതാവ് പരിശുദ്ധയായ കന്യാമറിയം യേശു വിനെ ഗർഭം ധരിച്ച സംഭവം ദൂരവ്യാപകമായ മാനങ്ങളുള്ള നിർണ്ണായകമായ ഒരു പരിശോധനാ വിഷയമായി മാറുന്നത്. ഇസ്ലാമി ന്റെ ഏകദൈവസങ്കൽപ്പത്തിന്ന് കടക വിരുദ്ധമായി യേശുവിൽ ആരോപിക്കപ്പെടുന്ന ദൈവപുത്ര വാദത്തിന്ന് അടിസ്ഥാനമായി നിലകൊള്ളുന്ന അദ്ദേഹത്തിന്റെ ജനന പ്രശ്നത്തിന്ന് ഖുർആനിക വീക്ഷണത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് ഏകദൈവത്തിൽ വിശ്വസിക്കുന്ന മുസ്ലിംകളുടെ കടമയാണ്. നിർഭാഗ്യവശാൽ ദൈവപുത്ര വാദത്തെ ഫലപ്രദമയി ഖണ്ഡിക്കാനോ ഏകദൈവവിശ്വാ സത്തെ പ്രതിരോധിക്കാനോ പറ്റാ ത്ത വിധം അവ്യക്തവും അന്ധ വിശ്വാസ ജഡിലവും ക്രൈസ്തവ വീക്ഷണത്തിന്റെ കലർപ്പുള്ളതും ദുർബലവുമാണ് യേശുവിനെ സംബന്ധിച്ച മുസ്ലിം ബഹുഭൂരി പക്ഷത്തിന്റേയും വിശ്വാസം.

## ദൈവത്തിന്റെ ഏകത്വം

ഇസ്ലാമിന്റെ ഏറ്റവും അടി സ്ഥാന പ്രമാണമാണ് ദൈവത്തി ന്റെ ഏകത്വം അഥവാ തൗഹീദ്. വിശുദ്ധ ഖുർആൻ 200 ലധികം തവണ ദൈവത്തിന്റെ ഏകത്വത്തെ പറ്റി പരാമർശമുണ്ട്. ദൈവത്തിന് പുത്രനോ സഹധർമ്മിണിയോ മറ്റു പങ്കുകാരോ ഉണ്ടെന്ന വിശ്വാസം ഇസ്ലാമിലെ ദൈവത്തിന്റെ ഏകത്വ സങ്കൽപ്പത്തിന്ന് കടക വിരുദ്ധമാ ണ്. ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവർത്തിയിലും ഏകനാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***'പറയുക: അവൻ അല്ലാഹുവാകുന്നു, ഏകൻ. അല്ലാഹു സർവ്വാധിനാഥനാണ്. അവൻ ആരേയും ജനിപ്പിച്ചിട്ടില്ല. അവൻ ആരുടെയും ജാതനുമല്ല. അവനു സമാനമായി ആരും തന്നെയില്ല.' (112:1–5) 'അതിനാൽ അറിയുക അല്ലാഹു അല്ലാതെ വേറൊരു ആരാധ്യനുമില്ല തന്നെ'(47: 20) '(അവൻ) ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകകളില്ലാതെ സൃഷ്ടിച്ചവനത്രെ, അവന്ന് ഒരു സഹധർമ്മിണി ഇല്ലെന്നിരിക്കെ അവന് സന്താന മുണ്ടാകുന്നതെങ്ങനെ?'(6:102)***

യേശുവിന്റെ ജനനം പ്രകൃതി നിയമത്തിന്ന് വിധേയമായിക്കൊ ണ്ടുള്ള അസാധാരാണമായ ഒരു സംഭവമാണെന്നും പ്രകൃതിനിയമ ത്തിന്ന് വിരുദ്ധമായി അതിൽ ഒന്നും തന്നെ ഇല്ല എന്നും ഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെയടുക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതി പോലെതന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽ നിന്നും സൃഷ്ടിച്ചു'(3:60)*** മനുഷ്യ രെല്ലാം മണ്ണിൽ നിന്നുമാണ് സൃഷ്ടി ച്ചതെന്ന പ്രകൃതി സാധാരണമായ തത്വം ഖുർആൻ ഇവിടെ നമ്മെ ഓർമിപ്പിക്കുകയുമാണ് ചെയ്യുന്നത്. മാത്രമല്ല അല്ലാഹുവിന് ഒരു പുത്രനുണ്ട് എന്ന വിശ്വാസം അങ്ങേയറ്റം ദൈവനിന്ദാപരമാണെ ന്നും ദൈവമഹത്വത്തിന്ന് അത് കടക വിരുദ്ധമാണെന്നും വിശുദ്ധ ഖുർആൻ അസന്നിഗ്ദമായ വചന ങ്ങളിൽ ഗൗരവപൂർവ്വം താക്കീത് ചെയ്യുന്നു: ***'പരമകാരുണികനായ അല്ലാഹുവിന്ന് ഒരു പുത്രനെ സ്വീകരിച്ചിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങളൊരു ഭയങ്കര നിഷിദ്ധ കൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോവുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം. പരമകാരുണികന്ന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ച കാരണത്താൽ. ഒരു പുത്രനെ സ്വീകരിക്കുക എന്നത് പരമകാരുണികന്ന് ഒട്ടും ഭൂഷണമല്ല.' (19: 90–92)***

## യേശുവിന്റെ പിതൃ രഹിതജനനം

ദൈവത്തിന്ന് വേണ്ടി സ്തോഭ ജനകമായ ത്യാഗങ്ങൾ വരിച്ച പരിശുദ്ധനായ ദൈവിക പ്രവാചക നാണ് യേശു. പിതാവില്ലാത്ത അസാധാരാണ ജനനം കാരണം അദ്ദേഹത്തെ വിശുദ്ധ ഖുർആൻ മാതാവിനോടൊപ്പം ചേർത്ത് ഈസ ബ്നുമറിയം എന്നാണ് വിളിച്ചത്. വിശുദ്ധ ഖുർആൻ യേശുവിന്റെ വന്ദ്യമാതാവ് ഹദ്റത്ത് മർയം ബീവിക്ക് സമുന്നത സ്ഥാനമാണ് നൽകിയിരിക്കുന്നത്. അവരെപറ്റി ബൈബിൾ പുതിയ നിയമത്തിലുള്ള തിനേക്കാൾ വിശുദ്ധ ഖുർആനി ലാണ് പരമർശമുണ്ട്. 114 ഖുർആൻ സൂറത്തുകളിൽ ഒന്ന് അവരുടെ നാമത്തിൽ സൂറ: മറിയം എന്നാണ്. ഖുർആൻ പറയുന്നു:

***'അവൾ (മറിയം) പറഞ്ഞു: എന്റെ നാഥാ, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ലാതിരിക്കെ എനിക്ക് എങ്ങനെ ഒരു കുട്ടിയുണ്ടാകും? അവൻ (അല്ലാഹു) പറഞ്ഞു: അതങ്ങനെ തന്നെയാണ്. താൻ ഇഛിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോട് പറയുക മാത്രമാണ് അവൻ ചെയ്യുന്നത്. അപ്പോൾ അതുണ്ടാവുന്നു.'(3:48)*** മറ്റൊരു വചനം ഇങ്ങനെയാണ്. ***'അവൾ (മറിയം ) പറഞ്ഞു, എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിണി ആയിട്ടുമില്ല. ആ സ്ഥിതിക്ക് എനിക്കെങ്ങനെയാണ് ഒരു സുതനുണ്ടാകുക? അദ്ദേഹം (മലക്ക്) പറഞ്ഞു: അതങ്ങനെ തന്നെ (പക്ഷേ ഇതെനിക്ക് എളുപ്പമുള്ള കാര്യമാണെന്ന് നിന്റെ***

*നാഥൻ പറയുന്നു' (19:22)* ബൈബിൾ വിവരണം ഇങ്ങിനെയാണ്: ***'യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ അമ്മയായ മറിയം യോസേഫിന്നു പ്രതിശ്രുത വധുവായിരിക്കേ, അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു. അവളെ അപഹാസ്യയാക്കാൻ അയാൾക്ക് മനസ്സു വന്നതുമില്ല'*(മത്താ: 1: 18 20)**

പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളും അത്ഭുതങ്ങൾ തന്നെയാണ്. പല അസാധാരണ പ്രതിഭാസങ്ങളും മനുഷ്യനിൽ ആശ്ചര്യവും അത്ഭുതാശയങ്ങളും ജനിപ്പിക്കുന്നു. ശാസ്ത്രം അതിന്റെ രീതിയിൽ ഈ പ്രതിഭാസങ്ങളെക്കുറിച്ച് വിശകലനം ചെയ്ത് മനസ്സിലാക്കി തരുമ്പോഴാണ് അത്ഭുതങ്ങൾ അറിവായി മാറുന്നത്. ശുദ്ധമായ ദൈവിക വെളിപാടുകളും തത്വജ്ഞാന നിർഭരമായ ദിവ്യാത്മാക്കളുടെ വചനങ്ങളിലും അന്ധവിശ്വാസങ്ങളും ദൈവമഹത്വത്തിന്ന് വിരുദ്ധമായ സങ്കൽപ്പങ്ങളും കലർപ്പുകളും കടന്നുകൂടില്ല എന്നത് നിസ്തർക്കമാണ്. മനുഷ്യൻ ഇന്ന് ആർജ്ജിച്ച ശാസ്ത്രീയ ജ്ഞാനം നൂറ്റാണ്ടുകളായി ആർജ്ജിച്ച അറിവിന്റെ സഞ്ചിത രൂപമാണ്. മനുഷ്യൻ അറിഞ്ഞതിനേക്കാൾ കൂടുതലാണ് അറിയാനുള്ള കാര്യങ്ങൾ എന്നത് തീർച്ചയാണ്. മനുഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ച് വേണ്ടത്ര ശാസ്ത്രീയ ജ്ഞാനം ആർജ്ജിച്ചിട്ടില്ലാത്ത പുരാതനകാലത്ത് സാധാരണ രീതിയിലുള്ള ഗർഭധാരണത്തെക്കുറിച്ച് തന്നെ കൃത്യവും വിശദവുമായ അറിവ് മനുഷ്യനുണ്ടായിരുന്നില്ല. ഇക്കാലത്തും പൂർണ്ണമായി കൈവന്നിട്ടില്ല അങ്ങിനെ വരുമ്പോൾ പിതാവില്ലാതെ ഗർഭം ധരിക്കുന്ന അത്യപൂർവ്വമായ പ്രതിഭാസം വിശദീകരിക്കപ്പെടുക എന്നത് അസാദ്ധ്യമാണ്. അത് കൊണ്ട് ഈ വിഷയത്തിൽ സാധാരണ മനുഷ്യരുടെ അയുക്തിക ഭാവനയും അന്ധവിശ്വാസങ്ങളും പ്രവർത്തിക്കുക സ്വാഭാവികമാണ്. യേശുവിനെ സംബന്ധിച്ച് ഈ ഭാവനാ വിലാസങ്ങൾ ദൈവ മഹത്വത്തിന്ന് നിരക്കാത്ത മാനങ്ങളിലേക്ക് വഴിപിഴച്ചു പോകുകയുമാണുണ്ടായത്. ഈ വഴിക്കാണ് ക്രിസ്ത്യാനികളുടെ ദൈവപുത്രവാദം രൂപപ്പെട്ടത്.

## യേശു: അല്ലാഹുവിന്റെ വചനവും ആത്മാവും

പ്രവാചക സമൂഹത്തിൽ അംഗമായിരുന്ന യേശുവിനെ ജീവിത ദൗത്യവും സന്ദേശവും എന്തായിരുന്നുവെന്നും യേശുവിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയ വചനങ്ങൾ വ്യക്തമായി വിളംബരം ചെയ്യുന്നുണ്ട്. എങ്കിലും വിശുദ്ധ ഖുർആൻ ക്രിസ്ത്യാനികൾ വൻതോതിൽ ദുർവ്യഖ്യാനം ചെയ്യാൻ ശ്രമിച്ച് ദയനീയമാം വിധം പരാജയപ്പെടാറുണ്ട് എന്നതാണ് വാസ്തവം. അതിന്ന് ഉപോൽബലകമായ രീതിയിൽ യഥാസ്ഥിതിക മുസ്‌ലിം പണ്ഡിതന്മരുടെ അർത്ഥ വിവരണങ്ങളും സഹായകമായിട്ടുണ്ട്. അത്തരത്തിലുള്ള ഖുർആനിലെ രണ്ട് പരാമർശങ്ങളാണ്, **'കലിമത്തുല്ലാഹ് ', 'റൂഹുല്ലാഹ്'** എന്നിവ.

## കലിമത്തുല്ലാഹ്

*'ഓ മറിയം! നിശ്ചയമായും അല്ലാഹു തന്റെ പക്കൽ നിന്നുള്ള ഒരു വചനം (ബി കലിമത്തിൻ മിൻഹു) മുഖേന നിനക്ക് (ഒരു മകനെക്കുറിച്ചുള്ള) സുവിശേഷം അറിയിക്കുന്നു. അവന്റെ പേര് മസീഹിബ്നു മർയം എന്നായിരിക്കും. (അദ്ദേഹം) ഇഹത്തിലും പരത്തിലും ആദരണീയനും ദൈവ സാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവരുമായിരിക്കും. എന്ന് മലക്കുകൾ പറഞ്ഞ സന്ദർഭം സ്മരിക്കുക'(3:46)*

സൂറ: ആലു ഇംറാനിലെതാണ് പ്രസ്തുത വചനങ്ങൾ. നജ്റാനിൽ നിന്നും റസൂൽ തിരുമേനി (സ) യുമായി സംവാദം നടത്താൻ വന്നപ്പോഴായിരുന്നു സൂറ: ആലു ഇംറാനിലെ 83 വചനങ്ങൾ അവതരിച്ചത്. അത് വരെ റസൂൽ തിരുമേനി (സ) ഉന്നയിച്ച യേശുവിന്റെ ദൈവപുത്രവാദത്തെ ഖണ്ഡിക്കുന്ന വാദങ്ങൾക്കൊന്നും മറുപടി പറയാതിരുന്ന ക്രിസ്ത്യാനികൾ യേശുവിനെ പറ്റി ഖുർആൻ പറഞ്ഞ 'ബി കലിമത്തിൻ മിൻഹു' എന്ന പദത്തിൽ കയറിപ്പിടിച്ചു റസൂൽ തിരുമേനിയുടെ വിവരണം കേൾക്കാതെ വിജയഭാവത്തിൽ എഴുന്നേറ്റു പോകുകയാണുണ്ടായത്. ഖുർആന്റെ അർത്ഥം മനസ്സിലാക്കാതെ ഇപ്പോഴത്തെ ക്രിസ്ത്യൻ വിമർശകരും അത് തന്നെയാണ് ആവർത്തിക്കുന്നത്. വാസ്തവത്തിൽ പ്രവാചകനായ യേശുവിന്റെ ദൈവപുത്രത്തെയും ദിവ്യത്വത്തെയും നിശിതമായി നിരാകരിക്കുന്നതിന്നും അദ്ദേഹത്തിന്റെ യഥാർത്ഥ വ്യക്തിത്വം എന്താണെന്ന് വ്യക്തമാക്കാനുമാണ് കലിമത്തുഹു, റൂഹു മിൻഹു എന്നീ വാക്കുകൾ ഖുർആൻ ഉപയോഗിക്കുന്നത്. മറ്റൊരു വചനം ഇപ്രകാരമാണ്:

*'ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങൾ സത്യമല്ലാതെ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ മകൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന്ന് അവൻ ഇറക്കിക്കൊടുത്ത വചനവും (കലിമത്തുഹു വചനത്തിന്റെ സാക്ഷാത്ക്കാരവും) അവന്റെ പക്കൽനിന്നുള്ള ഒരു കാരുണ്യവും (റൂഹു മിൻഹു) മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ (ദൈവം) മൂന്നാണ് എന്ന് പറയരുത്. നിങ്ങൾ (അങ്ങനെപറയുന്നതിൽ നിന്നും) വിരമിക്കുക. (ഇത്) നിങ്ങൾക്ക് ഗുണകരമായിരിക്കും. അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാവുന്നതിൽനിന്നും*

*അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതെല്ലാം അവന്റെതാകുന്നു.* **രക്ഷാകർത്താവായി അല്ലാഹു മതിയായവനാണ്. (4: 172)**

**'**വചനം**'**(കലിമ) എന്ന അർത്ഥത്തിലുള്ള അറബി പദം അടയാളം, വചനം (66:13) ശിക്ഷ (19:97) ആസൂത്രണം (9:40) സുവിശേഷം (7:138) ദൈവ സൃഷ്ടി (31:28) കേവല വചനം (23:110) ഇങ്ങനെ നിരവധി അർത്ഥങ്ങളിൽ വിശുദ്ധ ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. യേശുവിനെ സംബന്ധിച്ച് കലിമ എന്നാണ് ഉപയേഗിച്ചതെങ്കിൽ റസൂൽ തിരുമേനി(സ) യെ ക്കുറിച്ച് ദിക്ർ (65: 11,12) ഗ്രന്ഥം, വചന സമാഹാരം എന്നിങ്ങനെയുള്ള അർത്ഥത്തിൽ പരിഭാഷപ്പെടുത്താവുന്ന വിധത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് ഒരു വചനത്തെക്കാൾ അധികമാണല്ലോ?

## റൂഹുല്ലാഹ്

***തന്റെ ചാരിത്രത്തെ സംരക്ഷിച്ച ആ സ്ത്രീയേയും (മർയമിനെയും) സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ ചില വചനങ്ങൾ (മിൻ റൂഹിനാ) ഇറക്കി. അവളേയും അവളുടെ പുത്രനേയും നാം ലോകത്തിന്ന് ഒരടയാളമാക്കിയിരിക്കുന്നു. (21:92)***

ഈ ഖുർആൻ വചനത്തിൽ അല്ലാഹു യേശുവിനെ ഒരു അടയാളമാക്കിയത് സംബന്ധിച്ച കാര്യമാണ് പറയുന്നത്. യേശുവിന്റെ ഗർഭധാരണത്തിൽ അല്ലാഹുവിന്റെ റൂഹിന്ന് യാതൊരു വിധത്തിലുമുള്ള ഇടപെടലുണ്ടായതായി ഇവിടെ ഖുർആൻ പറയുന്നില്ല. അടയാളമാക്കുക, റൂഹുൽ ഖുദുസ് ഇറങ്ങുക എന്നതെല്ലാം ഹദ്റത്ത് മറിയം ബീവിക്കോ ഹദ്റത്ത് ഈസാ നബി (അ) ക്കോ മാത്രം പ്രത്യേകമായി ഉണ്ടായ പ്രതിഭാസമല്ല. എല്ലാ പ്രവാചകന്മാരെ ബന്ധപ്പെടുത്തിയും ഖുർആൻ പറഞ്ഞ കാര്യമാണ്. ഹദ്റത്ത് മറിയം ബീവിയെക്കുറിച്ചും ഹദ്റത്ത് ഈസാ നബി(അ) യെ ക്കുറിച്ചും പ്രത്യേകം പരിശുദ്ധപ്പെടുത്തി പറയാൻ കാരണം അവർ ഇരുവരും ജനനത്തിന്റെ പ്രത്യേകതകൊണ്ട് അധിക്ഷേപിക്കപ്പെടാൻ സാദ്ധ്യതയുണ്ട് എന്നത് കൊണ്ട് കൊണ്ടുകൂടിയാണ്. ഈസാ നബി(അ) പോലെ മറ്റു പ്രവാചകന്മാർക്കും അടയാളങ്ങളും ദൃഷ്ടാന്തങ്ങളും നൽകിയതായി വിശുദ്ധ ഖുർആൻ പറയുന്നു: *'അതിന്ന് കാരണം തീർച്ചയായും അവരുടെ ദൂതന്മാർ വ്യക്തമായ അടയാളങ്ങളുമായി (ബിൽ ബയ്യിനാത്തി) അവരുടെ അടുക്കൽ ചെന്നുകൊണ്ടിരുന്നപ്പോൾ അവർ നിഷേധിച്ചു' (24:23)* റസൂൽ തിരുമേനി (സ) യെകുറിച്ച് പറയുന്നു: *'തീർച്ചയായും നാം നിനക്ക് സ്പഷ്ടമായ തെളിവുകൾ (ആയാത്തിൻ ബയ്യിനാത്തിൻ) തന്നിരിക്കുന്നു.' (2:100)*

അപ്രകാരം റുഹുൽ ഖുദുസിന്റെ ഇറക്കത്തെ പറ്റിയുള്ള നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. റസൂൽ തിരുമേനി(സ) ക്ക് റുഹുൽ ഖുദ്സിന്റെ മാധ്യമത്തിലൂടെ വിശുദ്ധ ഖുർആൻ ഇറങ്ങിയതിനെ പറ്റി ഖുർആൻ പറയുന്നത് കാണുക: ***'പറയുക എന്റെ നാഥനിൽ നിന്ന് പരിശുദ്ധാത്മാവ് (റൂഹുൽ ഖുദുസ്) സത്യമായ വിധത്തിലിറക്കിയതാണിത്. വിശ്വാസികളെ ഉറപ്പിച്ചു നിർത്തുന്നതിന് വേണ്ടിയും മുസ്ലിംകൾക്ക് മാർഗ്ഗദർശനവും സുവിശേഷവുമായും (ഇത് ഇറക്കിയിരിക്കുന്നു).' (16:103)*** പ്രവാചകരിൽ മാത്രമല്ല. സത്യത്തിന്റ കഠിന വിരോധികളുടെ എതിർപ്പുകൾ ഏറ്റുവാങ്ങി ജീവിക്കുന്ന സഹരിതരായ സത്യവിശ്വാസികളിൽ പോലും റൂഹുൽ ഖുദുസ് ഇറങ്ങുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: ***'അത്തരക്കാരാകട്ടെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള റൂഹിനെ കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'(58:23)***

ഉന്നതമായ വെളിപാടുകളുടെ വാഹകനായി വരുന്ന മലക്ക് ജിബ്‌രീലിനെക്കുറിച്ചും റൂഹുൽ ഖുദുസ് എന്ന് പറയപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ സഹായം എന്ന അർത്ഥത്തിൽ റൂഹുൽ ഖുദുസ് എന്ന പ്രയോഗം ഹദീസികളിൽ വന്നിട്ടുണ്ട്. റസൂൽ തിരുമേനി(സ) കവിയായിരുന്ന ഹസൻ (റ) വിനോട് പറഞ്ഞു: ***'ഓ, ഹസൻ (അവിശ്വാസികളോട്) അല്ലാഹുവിന്റെ ദൂതനുവേണ്ടി മറുപടി പറയുക. അല്ലയോ നാഥാ, റൂഹുൽ ഖുദ്സു കൊണ്ട് ഹസനെ നീ സഹായിക്കുക'(ബുഖാരി & മുസ്ലിം).***

അല്ലാഹു സൃഷ്ടിച്ച സകല മനുഷ്യരിലും തന്റെ ആത്മീയ ചൈതന്യത്തിൽ നിന്ന് ഒരംശം ഊതി എന്ന് പറയുമ്പോൾ അത് ഒരാൾക്ക് മാത്രം ലഭിച്ച പ്രത്യേകതയായി കാണുവാൻ സാദ്ധ്യമല്ല.

***'നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ അവസരം സ്മരിക്കുക. മുട്ടിയാൽ മുഴങ്ങുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെ നാം അവനെ ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ നിന്നും ഞാൻ അവനിൽ ഊതുകയും (വനഫഖ്തു ഫിഹി മിൻ റൂഹി) ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ പരിപൂർണ്ണമായി അനുസരിച്ചു കൊണ്ട് അവന്ന് കീഴ്പ്പെടുവീൻ ' (15:29,30) സൂറ: സാദിലും (38:73) അൽ സജ്ദ ((32: 10) യിലും ഇതേ പരാമാർശം ആവർത്തിക്കുന്നു.***

## പിതാവ് എന്ന വിശേഷണം ദൈവ മഹത്വത്തിന്ന് ചേർന്നതല്ല

അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ദൈവത്തെ 'പിതാവ്' എന്ന സ്തോത്ര നാമത്തിൽ ക്രിസ്ത്യാനികൾ വാഴ്ത്തുന്നതിനെ നിശിതമായ

നിരൂപണത്തിന്ന് വിധേയമാക്കിയിട്ടു ണ്ട്. ദൈവത്തെ **'പിതാവ്'** എന്ന് അഭിസംബോധന ചെയ്യുന്നതിലെ പദനിരുക്തി ശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ വൈക ല്യങ്ങളും പ്രമാദങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. യേശു ദൈവത്തെ പിതാവ് എന്ന് വിളിച്ചു എന്ന് പറയുന്നത് ആ മഹാത്മാ വിന്ന് നേരെയുള്ള ഒരു വ്യാജ്യാരോ പണം മാത്രമാണെന്നും ദൈവമഹ ത്വത്തിന്റെ അർത്ഥ പ്രകാശനത്തിന്ന് പിതാവ് എന്ന പദം ഒരിക്കലും പര്യാപ്തമല്ല എന്നുമാണ് ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദം.

ഭാഷാശാസ്ത്രപരമായി പിതാ വ് എന്ന അർത്ഥം വരുന്ന അബുൻ എന്ന പദം ലൈംഗിക വേഴ്ച്ചയും കാമശമനവും ബീജദാനവുമുൾപ്പെ ടെ മനുഷ്യനടക്കമുള്ള എല്ലാ ജീവികളുടെ പ്രത്യുൽപ്പാദനപര മായ ജൈവ പ്രവർത്തനത്തെ കുറിക്കുന്നു. സന്താനോൽപ്പാദന ത്തെ സംബന്ധിച്ച് അഭികൽപ്പന യോ ആസൂത്രണമോ ഉദ്ദേശം പോലുമോ ഈ പദം ദ്യോതിപ്പിക്കു ന്നില്ല. എല്ലാ ഭാഷകളിലും പിതാവ് എന്ന സ്ഥാനത്തിന്ന് ഉപയോഗിക്കു ന്ന പദങ്ങളെല്ലാം ഈ അർത്ഥം തന്നെയാണ് ദ്യോതിപ്പിക്കുന്നത്. ധാത്വാർത്ഥ സമ്പന്നവും അറിയപ്പെ ടുന്നവയിൽ വെച്ച് ഏറ്റവും പ്രാചീ നവുമായ അറബി ഭാഷയിലെ അബുൻ എന്ന പദത്തിന്റെ വ്യതിരൂ പങ്ങൾ എല്ലാ ഭാഷയിലും കാണാ മെന്നും ഹദ്റത്ത് അഹ്മദ് (അ) പറയുന്നു. ലൈംഗിക പ്രത്യുൽ പ്പാദനത്തിൽ ബീജദാതാവ് എന്ന അർത്ഥം മാത്രം ദ്യോതിപ്പിക്കുന്ന തും പരിചരണണത്തിന്റെയോ സ്നേഹ വാത്സല്യങ്ങളുടെയോ അർത്ഥം ധ്വനിപ്പിക്കാത്തതുമായ **'അബുൻ'** എന്ന അറബി പദം ദൈവത്തിന്ന് ഉപയോഗിക്കാൻ നിഘണ്ടുക്കളും നിരുക്ത കോശങ്ങ ളും ആ പദത്തിന്ന് നൽകുന്ന അർത്ഥം ഒരു വിധത്തിലും അനുവ ദിക്കുന്നില്ലെന്ന് ഹദ്റത്ത് അഹ്മദ് (അ) **'മിനനുർ റഹ്മാൻ'** എന്ന വിഖ്യാത ഗ്രന്ഥത്തിൽ അനിഷേധ്യ മാം വിധം സ്ഥാപിക്കുകയും താഴെ പറയുന്ന നാല് വിധത്തിലുള്ള ന്യായങ്ങളും ഭാഷാ പ്രയുക്തിയും ഉപയോഗിച്ച് തെളിയിക്കുകയുണ്ടാ യി.

അബുൻ എന്നതിന്ന് **'അബാ അ്'** അതായത് അവസനിക്കാത്ത ജലസംഭരണി എന്നാണ് ഒർത്ഥം. ശുക്ലം സംഭരിച്ചു വെക്കുകയും ഉൽസർജ്ജിക്കുകയും ചെയ്യുന്നത് കൊണ്ടും ദ്രവത്തിൽ നിന്ന് ശിശു വിനെ ദൈവം ഉദ്പാദിപ്പിക്കുന്നത് കൊണ്ടും പിതാവിന് അബുൻ എന്ന പേരുണ്ടായി. രണ്ടാമത്തെ അർത്ഥം **'അബാ'** നിർത്തുക അഥവാ അവസാനിപ്പിക്കുക എന്നാകുന്നു. പുരുഷൻ ബീജം നിക്ഷേപിക്കുന്ന തോടെ അയാളുടെ ജോലി അവസാനിക്കുന്നു. മൂന്നാമത്തെ അർത്ഥം **'അബാർ'** അഥവാ ഓടം എന്നാകുന്നു. നെയ്ത്തിന്ന് ഉപയോ ഗിക്കുന്ന ഓടത്തിന്റെ രൂപത്തിലു ള്ള പുരുഷന്റെ ജനനേന്ദ്രിയത്തെ അനുസ്മരിച്ചാണ് പിതാവിന് ഈ പേർ ഉണ്ടായത്. നാലാമത്തെ അർത്ഥം വിശപ്പ് ശമിപ്പിക്കുക എന്നാണ്. സംഭോഗത്തോടെ കാമം ശമിക്കുക എന്നായതിനാലാണ് ഈ പേരുണ്ടായത്. **'അബുൻ'** എന്നതി ന്ന് അറബി ഭാഷയിൽ ഈ നാലർ ത്ഥമാണുള്ളത്. അറബി ഭാഷയാക ട്ടെ ഭാഷകളുടെ മൂല സ്റോതസ്സും ധാതു പദസമ്പന്നവുമാണ്. എന്നിരി ക്കെ സർവ്വശക്തനും സർവ്വസ്രഷ് ടാവും സർവ്വജ്ഞനും സർവ്വവ്യാ പിയുമായ ദൈവത്തിന്ന് എങ്ങനെ പിതാവ് എന്നുള്ള ഈ പദം ഉപയോഗിക്കും? ബലഹീനതയുടെ യും കാമ ശമനത്തിന്റേയും ലൈംഗി ക വേഴ്ച്ചയുമായി ബന്ധപ്പെട്ട താഴ്ന്ന അർത്ഥം ഉത്പ്പാദിപ്പിക്കുന്ന പിതാവ് എന്ന പദം ദൈവത്തിന്ന് ഉപയോഗിക്കാൻ ഭാഷാശാസ്ത്രവും ദൈവശാസ്ത്രവും അനുവദിക്കു ന്നില്ല.

## യേശുവിന്ന് മറുപാതി ക്രോമോസോം എവിടെ നിന്ന്?

ദൈവത്തിന്റെ പ്രകൃതി നിയമ ത്തിൽ മനുഷ്യശിശു സാധാരണ യായി എങ്ങിനെ രൂപംകൊള്ളുന്നു വെന്ന ഏകദേശ വിവരണം നോക്കാം. മനുഷ്യനടക്കം എല്ലാ ജീവജാലങ്ങളും ഇണയായിട്ടാണ് സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ ഖുർആനും ഇക്കാര്യം പ്രത്യേകം പരാമർശിക്കുന്നുണ്ട്.

***'നാം സർവ്വ വസ്തുക്കളിൽ നിന്നും ഇണകളെ സൃഷ്ടിച്ചിരി ക്കുന്നു' (51: 50)*** മറ്റൊരു ഖുർആൻ വചനം ഇപ്രകാരമാണ്. ***'രേതസ്ക ണം സ്രവിപ്പിക്കപ്പെടുമ്പോൾ അവൻ തന്നെയാണ് അതിൽ നിന്നും ആൺ പെൺ എന്നീ രണ്ടിണകളെ സൃഷ്ടിച്ചത്. (53: 46,47) പിന്നെ അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവ് കൂടാതെ ഒരു പെണ്ണും ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല.'(35: 12)*** മനുഷ്യനടക്കം എല്ലാ ജീവികളും ലിംഗപരമായി ആൺ പെൺ ദ്വന്ദങ്ങളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. ജീവികളുടെ ലിംഗ കോശങ്ങൾ മുതൽ എല്ലാ സൃഷ്ട വസ്തുക്കളിലും ഈ ദ്വന്ദാത്മകത സാർവ്വത്രികമായി നമുക്ക് കാണാം.

ജനിതക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണെ ങ്കിൽ മനുഷ്യന്റെ പ്രത്യുൽപാദന കോശങ്ങളിൽ അണ്ഡത്തിലും ബീജത്തിലും 23 ജോഡികളായി 46 ക്രോമോസോമുകളാണുള്ളത്. മനുഷ്യന്റെ എല്ലാ ജൈവിക സ്വഭാവങ്ങളും പാരമ്പര്യഗുണങ്ങളു മടങ്ങിയ ഡി എൻ എ സ്ഥിതിചെയ്യു ന്നത് ഈ ക്രോമാസോമുകളിലാണ്. സ്ത്രീയുടെ അണ്ഡവും പുരുഷ ന്റെ ബീജവും സംയോജിച്ച് ഒരു മനുഷ്യ ഭ്രൂണം ജന്മം കൊള്ളു മ്പോൾ അതിന് ലഭിക്കുന്ന 46 എണ്ണം ക്രോമോസോമിൽ പകുതി (23) എണ്ണം സ്ത്രീയുടെ അണ്ഡത്തിൽ നിന്നും മറുപാതി (23) എണ്ണം ക്രോമോ സോമുകൾ പുരുഷന്റെ ബീജത്തിൽ നിന്നും ലഭിക്കുന്നു. അത്കൊണ്ട് ഭ്രൂണത്തിൽ പിതാവി ന്റെയും മാതാവിന്റെയും ജൈവിക

ഗുണങ്ങൾ അലിഞ്ഞു ചേരുന്നു. യേശുവിന്റെ ജനന പ്രശ്നം സങ്കീർണ്ണമാകുന്നത് ഇവിടെയാണ് 46 ക്രോമോസോമുകളിൽ 23 എണ്ണം മാത്രമേ യേശുവിന്റെ വിശുദ്ധ മാതാവിൽ നിന്നും ലഭിക്കുന്നുള്ളൂ. പിതാവിന്റെ ഭാഗത്ത് നിന്നും ലഭിക്കേണ്ട ബാക്കി 23 ക്രോമോസോമുകൾ ആര് നൽകി? എങ്ങനെ നൽകപ്പെട്ടു? എന്താണ് അതിന്റെ ജൈവിക ഗുണം? അത് ദൈവം നൽകിയതാണോ? ഈ സങ്കീർണ്ണ പ്രശ്നത്തിന് ക്രിസ്തുമതം ഉത്തരം പറയേണ്ടതുണ്ട്. ക്രോമോസോമുകളിൽ ഏതെങ്കിലും ഒന്നിനോ അതിലെ ഡി എൻ എ യിലെ കോടിക്കണക്കിന് ജീനുകളിൽ ഏതെങ്കിലും ഒന്നിനോ എന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ അപരിഹാര്യമായ ജന്മജാത വൈകല്യങ്ങൾ സന്തതികളിൽ ഉണ്ടാവുമെന്നും നാമോർക്കണം.

## പിതാവില്ലാതെ ജനിക്കുമോ? ജീവശാസ്ത്രപരമായ സാദ്ധ്യതകൾ

വംശവർദ്ധനവിനായിട്ടാണ് ജീവികൾ പ്രത്യുൽപ്പാദനം നടത്തുന്നത്. ജീവികളിലും സസ്യങ്ങളിലും രണ്ട് വിധത്തിലുള്ള പ്രത്യുൽപാദന രീതികളാണ് കാണപ്പെടുന്നത്. ഒന്ന് ലൈംഗിക (Sexual) പ്രത്യുൽപ്പാദനം മറ്റൊന്ന് അലൈംഗിക (Asexual) പ്രത്യുൽപ്പാദനവും. ഇതിൽ ലൈംഗിക പ്രത്യുൽപ്പാദനം (Sexual Reproduction) എന്നാൽ ആൺ പെൺ ലിംഗ കോശങ്ങളുടെ ബീജ സങ്കലനത്തിലൂടെ നടക്കുന്ന ലൈംഗിക പ്രത്യുൽപ്പാദനമാണ്. മനുഷ്യനടക്കം ഈ പ്രത്യുൽപ്പാദന രീതിയിലൂടെയാണ് വംശവർദ്ധനവ് നടത്തുന്നത്. പരിണാമ ശ്രേണിയിൽ ഉന്നതകിടയിലുള്ള ജീവികളിൽ ഏറ്റവും വ്യാപകമായി കാണപ്പെടുന്നതും ഈ രീതിയാണ്.

അലൈംഗിക പ്രത്യുൽപ്പാദനം (Asexual Reproduction) മറ്റൊന്ന്. അലൈംഗിക പ്രത്യുൽപാദനം രണ്ട് രീതികളിലുണ്ട്. ഒന്ന് പാർഥെനൊജെനിസിസിസ് (Parthenogenesis) മറ്റൊന്ന് ഹെർമാഫ്രൊഡൈറ്റിസം. (Hermaphroditism) അഥവാ ഇന്റർസെക്സ് (Intersex). പാർത്ഥെനൊജെനിനിസ് താഴ്ന്ന ജീവികളിൽ ബീജ സങ്കലനം നടക്കാതെ തന്നെ ഭ്രൂണം ഉദ്പാദിപ്പിക്കുന്ന അലൈംഗിക പ്രത്യുൽപ്പാദന പ്രക്രിയയാണ്. Parthenos (കന്യക) Genesis (ജനനം) എന്നീ അർത്ഥങ്ങളുള്ള രണ്ട് ഗ്രീക്ക് പദങ്ങൾ കൂടി ചേർന്നാണ് പാർഥെനോ ജെനിസിസ്. പ്രാണികളിലും താഴ്ന്ന ജീവികളിലും വംശവർദ്ധനവിന്നായുള്ള ഒരു പ്രജനന രീതിയാണിത്. പാർഥെനൊജെനിസിസിൽ ആൺ പെൺ ബീജങ്ങൾ തമ്മിലുള്ള സങ്കലനമില്ലാത്തതിനാൽ ജനിതകപരമായ പുനസ്സംയോജനം നടക്കുന്നില്ല. അതുകൊണ്ട് ജനിപ്പിക്കുന്ന സ്ത്രീയുടെ ഭാഗത്ത് നിന്നുള്ള ക്രോമോസോം മാത്രമേ സന്തതിക്ക് ലഭിക്കൂ. അതിനാൽ സന്തതി XX ക്രോമോസോമുള്ള പെണ്ണായിരിക്കാനാണ് സാധ്യത. ഉയർന്ന സസ്തനികളായ ജീവികളിൽ പാർഥെനോ ജെനിസിസിസ് വളരെ അപൂർവ്വമായി സംഭവക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ. കോശവിഭജന വളർച്ചയുടെ ആദ്യഘട്ടം തന്നെ അപൂർണ്ണമായിരിക്കും. അതിനാൽ സമഗ്രമായ വളർച്ച സാദ്ധ്യമല്ലാതെ വരുന്നു.

രണ്ടാമത്തെത് ഹെർമാഫ്രൊഡൈറ്റിസം (ഉഭയലിംഗത്വം) അഥവാ ഇന്റർ സെക്സ് ആണ്. യേശുവിന്റെ ജനനത്തെ ശാസ്ത്രീയമായി വിശദീകരിക്കാൻ ഹെർമോഫ്രെ ഡൈറ്റിസത്തിന്ന് സാധിക്കും. ആധുനിക ശാസ്ത്രം അതിന്നുള്ള സൂചനകൾ നൽകുന്നു. ബാഹ്യമായും ആന്തരികമായും സ്ത്രീയുടെയും പുരുഷന്റേയും പ്രത്യുൽപ്പാദനാവയവങ്ങൾ ജന്മജാതമായി ഒരേ ശരീരത്തിലുണ്ടാവുന്ന അവസ്ഥയാണ് ഹെർമാഫ്രൊഡൈറ്റിസം. ഇതിഹാസ പുരാണങ്ങളിൽ പലപ്പോഴും ഇത്തരം കഥാപാത്രങ്ങളെ കാണാം. അതിൽ ഗ്രീക്ക് പുരാണത്തിലെ പ്രശസ്തമായ കഥാപാത്രമാണ് ഹെർമോഫ്രെഡൈറ്റ്. കാമത്തിന്റെ ദേവൻ ഒരു ജലദേവതയുമായി ലയിച്ചു ചേർന്നതാണ് ഹെർമൊഫ്രൊഡൈറ്റ് സൃഷ്ടിക്കപ്പെട്ടത്. ഉഭയലിംഗമുള്ള ഈ കഥാപാത്രത്തിൽ നിന്നാണ് ഹെർമാഫ്രൊഡൈറ്റ് എന്ന പേർ നിഷ്പന്നമായത്. മഹാഭാരത കഥയിലുമുണ്ട് ഇത്തരമൊരു കഥാപാത്രം. ദ്രുപദ രാജാവ് ദീർഘനാൾ പുത്രലാഭത്തിന്ന് വേണ്ടി തപസ്സ് ചെയ്ത് ജനിക്കുന്ന സന്താനം ആദ്യം പുത്രിയും പിന്നീട് പുത്രനുമായിതീരും എന്നായിരുന്നു വരം. പെൺകുട്ടിയായ സന്തതിയെ ആൺകുട്ടിയായാണ് രാജാവ് വളർത്തിയത് ആണും പെണ്ണുമല്ലാത്ത ഈ കഥാപാത്രമാണ് പുരാണ പ്രശസ്തനായ ശിഖൺഡി. മഹാഭാരത യുദ്ധത്തിൽ ഭീഷ്മരെ ആക്രമിക്കുന്ന വേളയിൽ ആണും പെണ്ണുമല്ലാത്തവനോട് ഞാൻ യുദ്ധം ചെയ്യില്ല എന്ന് പറഞ്ഞ് ഭീഷ്മർ ആയുധം താഴെ വെച്ചപ്പോഴാണ് അർജ്ജുനൻ അദ്ദേഹത്തെ വധിച്ചത്. അതുപോലെ പുരാണങ്ങളിലെ അപ്സരസുകൾ സ്ത്രീകളും, ഗന്ധർവ്വന്മാർ പുരുഷന്മാരുമാണ്. സദാസമയവും കൈയ്യിൽ വീണയുമായി നടക്കുന്ന കിന്നരന്മാർ ഉഭയലിംഗികളുമായിട്ടാണ് അറിയപ്പെടുന്നത്.

## ഹെർമാഫ്രൈഡൈറ്റ് അഥവാ ഇന്റർസെക്സ്

ആണോ പെണ്ണോ എന്ന് തീർച്ചയാക്കി പറയാൻ സാധിക്കാത്തതും ഇരു ലിംഗങ്ങളുടെയും പ്രത്യേകതകളുള്ളതുമായ വ്യക്തികളെയായിരുന്നു ഹെർമൊഫ്രൊഡൈറ്റ് എന്ന് വിളിച്ചിരുന്നത്. ഇന്ന് ശാസ്ത്രം ഇത് സംബന്ധിച്ച് വളരെ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഉഭയലിംഗിംകളുടെ ശാരീരികവും മനശ്ശാസ്ത്രപരവും മാനവീയവും സാമൂഹ്യപരവുമായ സങ്കീർണ്ണതകൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതിനാൽ പഴയ ഗ്രീക്ക് മിത്തോള



ഉഭയലിംഗക്കാരുടെ അന്താരാഷ്ട്രാ വേദിയായ ഇന്റർ നാഷണൽ ഇന്റർ സെക്സ് ഫോറത്തിന്റെ മുന്നാം സമ്മേളനം 2013 ഡിസംബറിൽ മാൾട്ടയിൽ ചേർന്നപ്പോൾ.

ജിയിൽ നിന്നും സ്വീകരിച്ച ഹെർമാഫ്രെഡൈറ്റ് എന്ന നാമത്തിന്ന് പകരം കൂടുതൽ അർത്ഥ സമ്പുഷ്ടമായ ഇന്റർസെക്സ് (Intersex) എന്ന നാമമാണ് ഉപയോഗിക്കുന്നത്. ഹെർമാഫ്രൊഡൈറ്റ് എന്ന നാമം അവരുടെ വ്യക്തിത്വം സൂചിപ്പിക്കാൻ പര്യാപ്തമല്ല. Intersex നെ ആണും പെണ്ണുമല്ലാത്ത മദ്ധ്യനിലയിലുള്ള ലിംഗാവസ്ഥ, അപരലിംഗം, മൂന്നാം ലിംഗം എന്നെല്ലാം പരാവർത്തനം ചെയ്ത് വിളിക്കാം.

ലോകത്തിലുടനീളം ഇത്തരത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവർ ഉള്ളതായി വൈദ്യശസ്ത്രവും മനുഷ്യാവകാശ പ്രവർത്തകരും തിരിച്ചറിഞ്ഞിട്ടുണ്ട്. അവരനുഭവിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ, നിയമ പ്രശ്നങ്ങൾ, മാനസിക പീഢനങ്ങൾ, സാമൂഹിക വിവേചനങ്ങൾ, സമ്മതമില്ലാത്ത ശസ്ത്രക്രിയകൾ ഏതെങ്കിലും ഒരു ലിംഗത്തിൽപ്പെടുത്താനുള്ള മറ്റുള്ളവരുടെ നിർബന്ധങ്ങൾ, വൈദ്യശാസ്ത്ര മേഖലയിലെ ചൂഷണങ്ങൾ മുതലായ പ്രശ്നങ്ങളുടെയെല്ലാം പരിഹാരത്തിന്നായി 2003 ൽ അപരലിംഗസ്ഥരാൽ സ്ഥാപിതമായ ഒരു അന്താരാഷ്ട്രാ സംഘടനയാണ് ഓർഗനൈസേഷൻ ഇന്റർസെക്സ് ഇന്റർനാഷണൽ (Organisation Intersex International). വർഷം തോറും അവർ തങ്ങളുടെ സംഘടനയുടെ അന്തർദേശീയ സമ്മേളനങ്ങൾ നടത്തിവരുന്നു. LGBT എന്നറിയപെടുന്ന ലൈംഗിക ന്യൂനപക്ഷ സമൂഹത്തോടൊപ്പവും അവർ പ്രത്യക്ഷപ്പെടാറുണ്ട്. പക്ഷേ ഇന്റർ സെക്സിന്റെ പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ്. വൈകാരികം എന്നതിനേക്കൾ ജന്മജാതവും ജനിതകപരവും ഹോർമോൺപരവും ശരീരശാസ്ത്രപരവുമാണ് അവരുടെ പ്രശ്നങ്ങൾ.

ഇവരിൽ ചിലർക്ക് പ്രത്യക്ഷത്തിൽ പുരുഷ ലൈംഗികാവയവവും ആന്തരികമായി സ്ത്രീയുടെ പ്രത്യുൽപ്പാദനാവയവുമായിരിക്കും. ചിലർക്ക് നേർ വിപരീതമായി പ്രത്യക്ഷത്തിൽ സ്ത്രീലിംഗവും ആന്തരികമായി പുരുഷന്റെ പ്രത്യുൽപ്പാദനാവയവങ്ങളുമായിരിക്കും. അവരുടെ ചില അവയവങ്ങൾക്ക് സ്ത്രീയെ പ്രതിനിധീകരിക്കുന്ന XX ക്രോമോസോമുകളും ചില അവയവങ്ങൾക്ക് പുരുഷന്മാരുടെ XY കോമോസോമും ചിലവക്ക് ഇരുലിംഗങ്ങളെ പ്രതിനിധീകരിക്കുന്ന XXY ക്രോമോസോമുമായിരിക്കും. ഈ പ്രത്യേകതകൾ ഒരു വ്യക്തിയിൽ പ്രകടമായി തന്നെ കണ്ടെത്താവുന്നതാണ്. ചിലപ്പോൾ പ്രകടമല്ലാതെയുമിരിക്കാം. ചിലപ്പോൾ യാദൃശ്ചികമായി കണ്ടെത്തുന്നതായിരിക്കാം. അല്ലെങ്കിൽ അവ ഒരു നിശ്ചിത പ്രായത്തിലോ അതുമല്ലെങ്കിൽ മരണത്തിന്ന് ശേഷമുള്ള മൃതദേഹ പരിശോധനയിലോ ആയിരിക്കാം കണ്ടെത്തുന്നത്. ഒരു വ്യക്തിയുടെ ആന്തരിക രഹസ്യം എന്ന നിലക്ക് ഇത് വ്യക്തമായി മറ്റുള്ളവർക്ക് തിരിച്ചറിയപ്പെടണമെന്നില്ല. തിരിച്ചറിയാൻ ശ്രമിക്കുന്നതും ശരിയല്ല.

## ഹദ്റത്ത് മർയമിന്റെ ഗർഭധാരണത്തിലെ നിഗൂഢത

ജനകോടികളുടെ വിശ്വാസത്തെ ദൈവ പങ്കാളിത്വത്തിലേക്ക് നയിക്കുന്ന യേശുവിന്റെ ജനന പ്രശ്നത്തിന്റെ എല്ലാ നിഗൂഢതകളിലേക്കും വെളിച്ചം വീശുന്ന വിശുദ്ധ ഖുർആന്റെ ഗഹനമായ വചനങ്ങളിൽ നിന്നും തന്നെ നമുക്ക് ഈ സമസ്യയുടെ കുരുക്കഴിക്കാൻ സാധ്യമാകും. യേശുവിന്റെ ജനനം തീർച്ചയായും അസാധാരണമായ ഒന്നാണ്. പക്ഷേ അത് പ്രകൃതി നിയമത്തിന്ന് എതിരല്ല എന്ന് മാത്രമല്ല അപൂർവ്വം അവസരങ്ങളിൽ പ്രകൃതിയിൽ സംഭവിക്കുന്നതുമാണ്. യേശുവിന്റെ ജനന പ്രശ്നത്തിലെ ജൈവ ശാസ്ത്ര പരവും ദൈവ ശാസ്ത്ര പരവുമായ ദുരൂഹതകൾ അകറ്റുക എന്നത് തൗഹീദിന്റെ സംരക്ഷണത്തിന് അനിവാര്യവുമാണ്.

മനുഷ്യൻ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം വിശുദ്ധ ഖുർആനിൽ ഉണ്ടാവും എന്നത് വിശ്വാസികളുടെ ദൃഢബോദ്ധ്യമാണ്. നേരത്തെ പ്രതിപാദിച്ച രീതിയിലുള്ള ഉഭയലിംഗികൾ അപരലിംഗികൾ മൂന്നാംലിംഗികൾ എന്നിങ്ങനെ പ്രതിപാദിക്കപ്പെടുന്ന മനുഷ്യ ജീവിതങ്ങൾ ഒരു യാഥാർത്ഥ്യമായി മറ്റെന്നത്തേക്കാളും ശാസ്ത്രവും മനുഷ്യാവകാശ പ്രവർത്തകരും തിരിച്ചറിഞ്ഞിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളായ അവർ ഒരു

അനിഷേധ്യ യാഥാർത്ഥ്യമായി നടെ മുന്നിൽ നിൽക്കുന്നു. അത്തരം അപര ലിംഗികളായ വ്യക്തികളെ പറ്റിയും ചില വചനങ്ങളിൽ വിശുദ്ധ ഖുർആൻ സൂചന നൽകുന്നുണ്ട്.

***'ആകാശഭൂമികളുടെയും ആധിപത്യം അല്ലാഹുവിന്നുള്ളതാണ്. താനിഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. താനിഛിക്കുന്നവർക്ക് അവൻ പെൺ മക്കളെ നൽകുന്നു. താനിഛിക്കുന്നവർക്ക് അവൻ ആൺമക്കളെയും നൽകുന്നു. അല്ലെങ്കിൽ അവൻ അവർക്ക് ആൺ സന്താനങ്ങളെയും പെൺ സന്താനങ്ങളെയും ഇടകലർത്തി നൽകുന്നു.(അവ് യുസവ്വിജുഹും ദുക്റാനൻ വ ഇനാഥാ) താനിഛിക്കുന്നാവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു.(42: 50, 51)'***

സൂറ: അശ്ശൂറയിലെ ഈ ആയത്തിൽ ***' അവ് യുസവ്വിജുഹും ദുക്റാനൻ വ ഇനാഥാ' (അല്ലെങ്കിൽ അവൻ അവർക്ക് ആൺ സന്താനങ്ങളെയും പെൺ സന്താനങ്ങളെയും ഇടകലർത്തി നൽകുന്നു.)*** എന്നാണ് അർത്ഥം പറയുന്നതെങ്കിലും ***'എന്നാൽ ആണിനെയും പെണ്ണിനേയും മിശ്രണം ചെയ്ത് നൽകുന്നു.'*** എന്നാണ് പദാർത്ഥം. എന്നതിനാൽ ഇത് ഉഭയലിംഗക്കാരെ അഥവാ മൂന്നാം ലിംഗക്കാരെക്കുറിച്ചാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.

ഇനി നമുക്ക് യേശുവിന്റെ ജനനത്തിന്ന് പിന്നിൽ നടന്ന അസാധാരാണമായ ജീവശാസ്ത്ര പ്രതിഭാസത്തെക്കുറിച്ച് ഖുർആൻ നൽകുന്ന സൂചനകൾ എന്താണെന്ന് നോക്കാം. ഹദ്റത്ത് മറിയം ബീവിക്ക് തന്നിൽ പുരുഷ സ്പർശമില്ലാതെ ഗർഭിണിയാകുന്ന അസാധാരണമായ ഈ പ്രതിഭാസത്തെക്കുറിച്ച് അറിയിവില്ലെന്ന് മാത്രമല്ല അവർ ഈ ഘട്ടത്തിൽ സംഭീതയും വിഹ്വലയുമായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ വചനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

***അവൾ (മറിയം) പറഞ്ഞു: 'എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിയുമായിട്ടില്ല. ആ സ്ഥിതിക്ക് എനിക്കെങ്ങനെയാണ് ഒരു സുതനുണ്ടാവുക?' (19:21)***

ഈ പ്രതിഭാസത്തെപറ്റി കൂടുതൽ ഉൾക്കാഴ്ച്ച ലഭിക്കാൻ ഹദ്റത്ത് മറിയം ബീവിയുടെ മാതാവ് അവരെ ഗർഭം ധരിച്ച് പ്രസവിച്ചപ്പോൾ ശിശുവായിരുന്ന മറിയം ബീവിയുടെ ശരീരശാസ്ത്രപരമായ പ്രത്യേകതകളെ സൂചിപ്പിച്ചുകൊണ്ടുള്ള ഹ്രസ്വ നിഗൂഢമായ ഒരു ഖുർആൻ വചനം ഇപ്രകാരമാണ്:

***'ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ഓർക്കുക). നാഥാ, എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കിക്കൊണ്ട് നിനക്ക് വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് നീ എന്നിൽ നിന്ന് അത് സ്വീകരിക്കേണമേ! എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. (അവൾ ഉദ്ദേശിച്ച്) ആൺകുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ?. 'ഞാൻ അവൾക്ക് മറിയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാചിന്റെ (പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കാനായി) ഞാൻനിന്നെ അഭയം പ്രാപിക്കുന്നു'(3: 36,37)***

ഇവിടെ ശ്രദ്ധേയമായ വസ്തുത അല്ലാഹു ഈ വചനത്തിൽ ഇംറാന്റെ ഭാര്യ പ്രസവിച്ചത് പെൺകുട്ടിയാണ് എന്ന് ഖണ്ഡിതമായി പറയുന്നില്ല. വളരെ നിഗൂഢാത്മകമായ വാക്കുകളിലാണ് അല്ലാഹു കുഞ്ഞിന്റെ ലിംഗവർഗ്ഗം സൂചിപ്പിച്ചിട്ടുള്ളത്. ഖുർആൻ പറയുന്നു: ***'പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. (അവൾ ഉദ്ദേശിച്ച്) ആൺകുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ? (വളഅത്ഹാ കാലത്ത് റബ്ബി ഇനീ വളഅ്തുഹാ ഉൻശാ വള്ളാഹു അഅ്ലമു ബിമാ വളഅത്ത് വലയ്സ ദ്ദകറു കൽഉൻഥാ)'***

ഈ ഖുർആൻ വചനങ്ങളിൽ നിന്നും പുംബീജത്തെ പ്രദാനം ചെയ്യുന്നതും നിഗൂഢാത്മകവുമായ ഒരു സ്റോതസ്സ് ഹദ്റത്ത് മറിയം ബീവിയുടെ ശരീര ഘടനയിൽ സാധാരണ സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി അല്ലാഹു ഉള്ളടക്കിയിട്ടുണ്ട് എന്ന സൂചനയാണെന്ന് ന്യായമായും ഊഹിക്കേണ്ടിരിക്കുന്നു.

### ഉപസംഹാരം

ഏതായാലും യേശു ദൈവപുത്രനാണ് എന്ന വാദം ജീവശ്ശാസ്ത്രത്തിന്റേതുകൂടിയാണ്. സകല പ്രപഞ്ചത്തിന്റേയും സൃഷ്ടാവും പരിപാലകനും സർവ്വവ്യാപിയും ശാശ്വതനുമായ ദൈവത്തിന്ന് ഭൂമിയിൽ 33 വർഷക്കാലം ജീവിച്ച ജഡികനായ ഒരു ഔരസ പുത്രനുണ്ടാകുക എന്നത് പ്രകൃതി നിയമത്തിന്നും മനുഷ്യന്റെ കേവല ബുദ്ധിക്കും സർവ്വോപരി ദൈവമഹത്വത്തിന്നും അസ്വീകാര്യമാണ്. തീർച്ചയായും അനിഷേധ്യമാം വിധം ഒരു നാൾ ശാസ്ത്രം ഈ സത്യം മറുപടി തെളിയിക്കാതിരിക്കില്ല.

www.alislam.org

കുറിപ്പുകൾ

# എല്ലാ മതങ്ങളിലും ഹലാൽ ഹറാം ഭക്ഷണ സങ്കൽപ്പമുണ്ട്

മുസാഫിർ

ഹിന്ദു ക്രിസ്ത്യൻ ഇസ്ലാം മതങ്ങളെല്ലാം ഒരേ ദൈവിക കുടുംബത്തിലെ അംഗങ്ങളാണ്. എല്ലാ മതങ്ങളിലും ആത്മീയമായ ജീവിതനിഷ്ഠയുടെയും അച്ചടക്കത്തിന്റെയും ഭാഗമായി സാധാരണ വിശ്വാസികൾക്ക് വേണ്ടി ഏറ്റകുറച്ചിലോടെ വിധിവിലക്ക് സങ്കൽപ്പങ്ങളും ഭക്ഷണനിയമങ്ങളുമുണ്ട്. മതകുടുംബത്തിലെ ഇളമുറക്കാരനായ ഇസ്ലാം മനുഷ്യന് മുമ്പിൽ സമഗ്ര ജീവിതവീക്ഷണം അവതരിപ്പിക്കുന്നു. എല്ലാ കാര്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളും കർമ്മ നിയമങ്ങളും വിധിവിലക്കുകളായി നിർദ്ദേശിക്കുന്നു. ഇന്നത് ആവാമെന്നും ഇന്നത് അരുതെന്നും ഉപദേശിക്കുന്നു. അനുവദനീയമായതിന് **ഹലാൽ** എന്നും നിഷിദ്ധമായതിന് **ഹറാം** എന്നും പറയുന്നു. ഭക്ഷണകാര്യത്തിൽ മാത്രമല്ല എല്ലാ കർമ്മങ്ങൾക്കും ഹലാൽ ഹറാം സങ്കൽപ്പങ്ങളുണ്ട്. ഏറിയും കുറഞ്ഞും എല്ലാമതങ്ങളിലും ഹലാൽ ഹറാം സങ്കൽപ്പമുണ്ട്.

ഇസ്ലാമിന്റെ എല്ലാ വിധികളും പൂർണ്ണമായും നീതിയിലധിഷ്ഠിതവും സാർവ്വത്രിക നീതിക്കും മനുഷ്യയുക്തിക്കും ഇണങ്ങുന്നതുമാണ്. സഹജീവികളുടെയോ അന്യന്റെയോ അവകാശങ്ങൾ ഹനിക്കുന്ന യാതൊന്നും ഇസ്ലാം വിശ്വാസികൾക്ക് അവകാശമായോ നീതിയായോ അംഗീകരിച്ചിട്ടില്ല. നീതി വിഭാഗീയതക്കും സ്വാർത്ഥതകൾക്കും ഉപരിയായി കേവലം നിരപേക്ഷമാണ്. സ്വന്തം ബന്ധുജനങ്ങളോടോ സ്വസമുദായത്തോടോ നീതിപൂർവ്വം പ്രവർത്തിക്കാൻ മനുഷ്യന് കഴിഞ്ഞേക്കാം. എന്നാൽ ശത്രുവിനോട് നീതിപാലിക്കാൻ പ്രയാസമാണ്. ഇസ്ലാം ശക്തമായി അനുശാസിക്കുന്നത് ശത്രുവിനോട് പോലും നീതിപാലിക്കുന്നതിൽ യാതൊരു വീഴ്ചയും പാടില്ല എന്നാണ്. ഇസ്ലാമിലെ പരമോന്നത പ്രമാണമായ വിശുദ്ധ ഖുർആൻ പറയുന്നു:

**'വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (അൽ മായിദ 5:9)**

ഭക്ഷണം നമ്മുടെ ബഹുസ്വരതയുടെ ശക്തമായ ഒരു ഘടകമാണ്. ഈയ്യിടെ നമ്മുടെ രാജ്യത്ത് ഹലാൽ ഭക്ഷണത്തിന്റെ പേരിൽ ഉണ്ടായ വിവാദങ്ങളും വിമർശനങ്ങളും ദൗർഭാഗ്യകരമാണ്. നമ്മുടെ രാജ്യത്തിന്റെ മഹത്തായ പൈതൃകത്തിനും ആത്മീയ സംസ്കൃതിക്കും അത് അനുചിതമാണെന്ന് മാത്രമല്ല നാനാത്വത്തിൽ ഏകത്വം എന്ന നമ്മുടെ മഹിതമായ ഭാരതീയ പാരമ്പര്യത്തിന് വിരുദ്ധവുമാണ്. എല്ലാ മതങ്ങളും ആത്മീയ ജീവിതവുമായി ബന്ധപ്പെട്ട് ഭക്ഷണത്തിന്നടക്കം ചില നിഷ്ക്കർശതകൾ പാലിക്കുന്നുണ്ട്. അത് വിഭാഗീയമാവരുത് മാനവീയവും എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയുന്നതുമായിരിക്കണം. ഭഗവത്ഗീതയിലും വിശുദ്ധ ഖുർആനിലുമെല്ലാം ഇത്തരംനിബന്ധനകൾ കാണാം. ഭക്ഷണ വിഷയത്തിൽ വളരെ ഉദാരവും പ്രായോഗികവും ആരോഗ്യകരവുമായ ഒരു നിലപാടാണ് വിശുദ്ധ ഖുർആൻ സ്വീകരിച്ചത്. ഖുർആൻ പറയുന്നു: **'തങ്ങൾക്ക് എന്താണ് (ഭക്ഷണ വിഷയത്തിൽ) നിയമ വിധേയമാക്കപ്പെട്ടത് എന്ന് അവർ ചോദിക്കുന്നു. പറയുക, (എല്ലാ) പരിശുദ്ധ വസ്തുക്കളും**

**(അത്തയ്യിബാത്തു) നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു (ഹലാലാക്കിയിരിക്കുന്നു)' (അൽ മായിദ: 5:5). 'മനുഷ്യരെ ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസ്തൃതമായതും (ഹലാലൻ) പരിശുദ്ധമായതും (തയ്യിബൻ) നിങ്ങൾ ഭക്ഷിക്കുവീൻ! പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിൻപറ്ററുത് തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു.' (അൽബക്കറ: 2:169)**

ഇത് തന്നെയാണ് ആത്മീയ മാർക്ഷദർശന ഗ്രന്ഥമായ ഭഗവദ് ഗീതയും പറയുന്നത്.

**ആഹാരസ്ത്വപി സർവ്വസ്യ ത്രിവിധോ ഭവതിപ്രിയ:**

**യജ്ഞസ്തപസ്തഥാ ദാനം തേഷാം ഭേദമിമം ശൃണു. (ഭഗവദ് ഗീത 17:7)**

ആഹാരം, യജ്ഞം, തപസ്സ്, ദാനം, എന്നിവ മൂന്ന് വിധത്തിലാണ് എല്ലാവർക്കും ഇഷ്ടമായി ഭവിക്കുക. അത് കേട്ടുകൊള്ളുക.

**ആയു:സത്വബലാരോഗ്യ സുഖപ്രീതി വിവർധനാ:**

**രസ്യാ സ്നിഗ്ദാ:സ്ഥിരാ ഹൃദ്യാ ആഹാര: സാത്വിക പ്രിയാ: (ഭഗവദ് ഗീത 17:7)**

ആയുസ്, അന്തക്കരണശക്തി, കാര്യം ചെയ്യാനുള്ള സാമർത്ഥ്യം, ആരോഗ്യം, സുഖം, സന്തോഷം ഇവയെ വർദ്ധിപ്പിക്കുന്നവയും സ്വാദിഷ്ഠവുമായ നെയ് ചേർന്നവയും ഹൃദ്യവുമായ ആഹാരങ്ങൾ സാത്വിക ശ്രദ്ധയുള്ളവർക്ക് പ്രിയപ്പെട്ടതാണ്.

സാത്വിക ശ്രദ്ധയുള്ളവർ പരിശുദ്ധമായ ഭക്ഷണം **(ഹലാലൻ തയ്യിബൻ)** കഴിക്കണമെന്നാണ് മഹാത്മാ കൃഷ്ണന്റെ (അ) ഗീതോപദേശം. ഗീതാതത്വമനുസരിച്ച് സാത്വികം, രാജസം, താമസം എന്നീ മൂന്നു ഗുണങ്ങളിലാണ് മനുഷ്യനുള്ളത്. അതിൽ സാത്വിക ഗുണങ്ങളിൽ നിഷ്ഠ പുലർത്തുന്ന ഭക്തന്മാർ കഴിക്കേണ്ട ഭക്ഷണക്രമത്തെ പറ്റിയാണ് ഭഗവദ് ഗീതയിൽ പറയുന്നത്. തുടർന്ന് രാജഗുണ പ്രധാനമായ ഭക്ഷണത്തെ കുറിച്ചും താഴ്ന്ന ആത്മീയ നിലവാരമുള്ള താമസഗുണമുള്ളവർ കഴിക്കുന്ന ഭക്ഷണത്തെ കുറിച്ചും ഗീത പറയുന്നു. **'ആഹാര ശുദ്ധാഹു സത്വശുദ്ധി:'** = ശുദ്ധാഹാരം ഭക്ഷിച്ചാൽ മനസ്സും ശുദ്ധമായ് വരും എന്ന ഉപനിഷദ് വാക്യവും ഈ ഗീതാവചനത്തിന് വ്യാഖ്യാനമായി പറയുന്നു. അതായത് സത്വശുദ്ധിക്ക് ശുദ്ധമായ ആഹാരം അഥവാ **ഹലാലൻ തയ്യിബൻ** കഴിക്കേണ്ടതുണ്ട് എന്നാണ് ഗീതയുടെ പാഠം. ഏകാദശി വ്രതകാലത്തും ശബരിമല സീസണിലും മറ്റു ഹിന്ദു പുണ്യദിവസങ്ങളിലും ഹിന്ദു സഹോദരീ സഹോദരന്മാർ നിശ്ചിത ദിവസങ്ങളിൽ ചില ഭക്ഷണം ഉപേക്ഷിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാറുണ്ട്. അത് മതപരമായ നിഷ്ഠയുടെയും ആരോഗ്യപാലനത്തിന്റെയും ആത്മ ശുദ്ധീകരണത്തിന്റേയും ഭാഗമാണ്. ഇസ്ലാമും ഹലാൽ ഭക്ഷണം കൊണ്ട് അത്രയേ ഉദ്ദേശിച്ചിട്ടുള്ളൂ. അതിന്ന് മറ്റു യാതൊരു രാഷ്ടീയ ലക്ഷ്യമോ മറ്റുള്ളവർക്ക് പ്രയാസമുണ്ടാക്കുന്ന അജണ്ടയോ ഇല്ല.

ബൈബിളിൽ ഹലാൽ ഹറാം സങ്കൽപ്പം കണിഷവും വിപുലവുമാണ്. ഏതാനും ചില ബൈബിൾ വചനങ്ങൾ ഇപ്രകാരമാണ്. **'ഇസ്റയേൽ ജനങ്ങളോട് പറയുക. ഭൂമിയിലുള്ള ജന്തുജാലങ്ങളിൽ നിങ്ങൾക്ക് ഭക്ഷണയോഗ്യമായവ ജീവികൾ ഇവയാകുന്നു. പിളർന്ന ഇരട്ടകുളമ്പുള്ളവയും അയവിറക്കുന്നവയും ആയ മൃഗങ്ങളെ നിങ്ങൾക്ക് ഭക്ഷിക്കാം. കുളമ്പു പിളർന്നിരിക്കുന്നു എന്നത് കൊണ്ട് മാത്രമോ അയവിറക്കുന്നു എന്നത് കൊണ്ട് മാത്രമോ താഴെ പറയുന്നവയെ നിങ്ങൾക്ക് ഭക്ഷിച്ചുകൂടാ. അയവിറക്കുന്നതാണെങ്കിലും കുളമ്പ് വിഭക്തമല്ലാത്തതിനാൽ ഒട്ടകം നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാണ്. അയവിറക്കുന്നതാണെങ്കിലും കുളമ്പ് വിഭക്തമല്ലാത്തതിനാൽ കുഴിമുയൽ നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാകുന്നു. അയവിറക്കുന്നതാണെങ്കിലും കുളമ്പ് വിഭക്തമല്ലാത്തതിനാൽ മുയൽ നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാകുന്നു. പന്നി നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാകുന്നു. ഇവയുടെ മാസം ഭക്ഷിക്കരുത്. പിണം തൊടുകയും അരുത് ഇവ നിങ്ങക്ക് അശുദ്ധമാണ്. (ലേവ്യർ 11: 2–12) രക്തത്തോടു കൂടിയ മാംസം ഭക്ഷിക്കരുത്. (ലേവ്യ 19 :6)'** ഇങ്ങനെ ബൈബിളിൽ ഭക്ഷണത്തെ സംബന്ധിച്ച് നിരവധി വിധിവിലക്കുകൾ കാണാം.

ഇസ്ലാം ഭക്ഷണത്തെ സാമൂഹികവുമായ ഐക്യത്തിന് ഉപാധിയാക്കുകയാണ് ചെയ്തത്. സമീപ കാലം വരെ ഭക്ഷണ കാര്യത്തിൽ മിശ്രഭോജനത്തിനും മറ്റും മതപരവും ഗോത്രീയവും വംശീയവുമായ പല വിലക്കുകളും അലംഘനീയമായ ചില നിയമങ്ങളും ഉണ്ടായിരുന്നു. ഈ വിഭാഗീയതയും വിഭജനങ്ങളും വിലക്കുകളും ഇസ്ലാം പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ മാറ്റിമറിക്കുകയുണ്ടയി. അത് സംബന്ധമായി വിശുദ്ധ ഖുർആനിലെ ഒരു പ്രഖ്യാപനം നോക്കൂ. **'ഇന്ന് എല്ലാ പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു ഗ്രന്ഥം നൽകപ്പെട്ടവരുടെ (ഹിന്ദു കൃസ്ത്യൻ യഹൂദ മതങ്ങളെല്ലാം ഗ്രന്ഥം നൽകപ്പെട്ടവരാണ്) ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ് (ഹലാലാണ്) നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്' (അൽ മാഇദ 5:6)**

ഹലാൽ എന്നതിന് നിയമപരമായി അനുവദനീയം (Permissible) എന്നാണ് അർത്ഥം. അങ്ങനെ കേവലം ആരോഗ്യ പരമായും നിയമപരമായും അനുവാദമുള്ള ഭക്ഷണമായാൽ മാത്രം പോര, അത് ധാർമികമായും പരിശുദ്ധമായതും പരിശുദ്ധ വഴിയിൽ സമ്പാദിച്ചതുമായിരിക്കണം എന്നുകൂടി ഇസ്ലാം

നിർദ്ദേശിക്കുന്നു. **'ഹലാലൻ ത്വയ്യി ബൻ'** എന്നതിന്റെ വിവക്ഷ അതാണ്. വിശാലാർത്ഥത്തിൽ എല്ലാ മതങ്ങളും അനുശാസിക്കുന്ന സദുദ്ദേശമേ ഹലാൽ ഭക്ഷണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ.


ഹലാൽ വിശേഷണത്തിലടങ്ങിയ സുപ്രധാനമായ വിഷയം മാംസാഹാരവുമായി ബന്ധപ്പെട്ടതാണ്. മിണ്ടാപ്രാണികളുടെ ക്ഷേമവും പരിപാലനവുമായി ബന്ധപ്പെട്ട് ഇത്രയധികം അദ്ധ്യാപനങ്ങളും നിയമങ്ങളുമുള്ള മറ്റൊരു മതം ലോകത്തില്ല. ഇസ്ലാമിൽ മാംസാഹാരം അനുവദനീയമാണ്. പ്രകൃതിയിലെ ഭക്ഷ്യശൃഖലയിൽ മാംസഭുക്കുകളായ ജീവികൾ മൃഗങ്ങളെ കൊന്നു ഭക്ഷിക്കാറുണ്ട്. പരിമിതമായ ബോധവും കഴിവുകളുമുള്ള മൃഗങ്ങൾ മനുഷ്യന്റെ ഭക്ഷണമായി തീരുന്നതോടെ അതിന്റെ ജീവിതം സ്വാർത്ഥകമാവുകയാണ് ചെയ്യുന്നത്. പുരാതനകാലം മുതൽ തന്നെ മനുഷ്യൻ മാംസാഹാരിയാണ്. ഇസ്ലാം മൃഗങ്ങളെ അറുക്കാൻ അനുവദിക്കുമ്പോൾ തന്നെ അത് സംബന്ധിച്ച് കണിശമായ നിയമങ്ങളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അതൊരിക്കലും വന്യമായ രീതിയിൽ ആയികൂടാ. ആ നിയമങ്ങളിലെല്ലാം തന്നെ ഏറ്റവും മാന്യമായും വേദനാരഹിതമായും മൃഗത്തെ അറുക്കണമെന്നാണ് അനുശാസിക്കുന്നത്. ആ നിയമങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിനുതകുന്നതാണ് എന്നത് പോലെ മനുഷ്യന് വേണ്ടി ജീവൻ വെടിയുന്ന മൃഗത്തിനും കൂടിയുള്ളതാണ്. ആ നിയമങ്ങളനുസരിച്ച് അറുത്ത മൃഗങ്ങളുടെ മാംസം ആഹരിക്കാൻ മാത്രമേ ഒരു ഇസ്ലാം മതവിശ്വാസിക്ക് അനുവാദമുള്ളൂ. എല്ലാ ജീവികൾക്കും ജീവനും ഭക്ഷണവും നൽകിയ കരുണാനിധിയായ ദൈവത്തെ ഓർത്തുകൊണ്ടായിരിക്കണം അറവുനടത്തേണ്ടത്. ഈ അറവുനിയമങ്ങൾ പാലിക്കാതെ മൃഗങ്ങളെ ശ്വാസം മുട്ടിച്ച് കൊന്നതോ ക്രൂരമായി പീഢനമേൽപ്പിച്ചു കൊന്നതോ ആയ മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നത് ഹറാം (നിഷിദ്ധം) ആണ്. ഹലാൽ അല്ല. പൊതുവെയുള്ള സിവിൽ ആരോഗ്യനിയമങ്ങൾ ഇസ്ലാം-യഹൂദ മാതൃകയിലുള്ള ഈ അറവുരീതിയാണ് ശുപാർശചെയ്യുന്നത്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ മുസ്ലിംകൾ കണിശത പുലർത്തുന്നത്. അത് ഹോട്ടലുകളിൽ ബോർഡായി പ്രദർശിപ്പിക്കുന്നതിൽ പ്രകോപനമുണ്ടാകേണ്ടതില്ല. മറ്റൊരുദുദ്ദേശവും അജണ്ടയും അതിനു പിന്നിലില്ല.

എല്ലാ മതത്തിലെ പുണ്യാത്മാക്കളും മാംസാഹാരം കഴിച്ചിരുന്നു എന്നതിന് നിരവധി തെളിവുകളുണ്ട്. അത് മനുഷ്യന്റെ ആത്മീയ വളർച്ചക്കും സാത്വികപുരോഗതിക്കും വിഗാതമായി നിൽക്കുന്നില്ല. എന്ന് മാത്രമല്ല മനുഷിക ഗുണങ്ങളുടെ സമ്പൂർണ്ണ വികാസത്തിനും ശരീരപോഷണത്തിനും അനിവാര്യവുമാണ്. ഭക്ഷണം മനുഷ്യന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നു എന്നത് സാർവ്വത്രികമായ ഒരു ആത്മീയ-ജീവശാസ്ത്ര തത്വമാണ്. ജീവിലോകത്ത് ഇതിന്റെ പ്രകടമായ സ്വാധീനം നമുക്ക് കാണാം സാധിക്കും. മാംസാഹാരം മാത്രം കഴിക്കുന്ന മാംസഭുക്കുകളായ ജീവികൾക്ക് അതിന്റെ ജനിതക ഘടനയിലും ശരീര പ്രകൃതിയിലും സ്വഭാവത്തിലും കാണുന്ന ക്രൗര്യവും ശൗര്യവും പ്രകടമാണണല്ലോ. അത്പോലെ സസ്യഹാരം മാത്രം കഴിക്കുന്ന പശു, മാൻ മുതലായ മൃഗങ്ങളിലുണ്ടാവുന്ന സൗമ്യ പ്രകൃതിയും ശാരീരിക പ്രത്യേകതകളും ഭക്ഷണശീലവുമായി അഭേദ്യമായ ബന്ധമുണ്ട്. മനുഷ്യൻ സസ്യഹാരവും മാംസാഹാരവും ആഹരിക്കുന്ന മിശ്രഭുക്കായിട്ടാണ് സൃഷ്ടിക്കപ്പെട്ടത് എന്നതിന് അനിഷേധ്യമായ തെളിവുകളുണ്ട്. മനുഷ്യൻ തന്റെ ഭക്ഷണത്തിൽ നിന്നും ജനിതകഘടനയിൽ നിന്നും ലഭിക്കുന്ന ഗുണങ്ങൾ മാനവീയ വിവേചനത്തോടെ ഉപയോഗിച്ച് ധാർമിക ഗുണങ്ങളായി മാറ്റണം എന്നാണ് ദൈവമുദ്ദേശിക്കുന്നത്. മനുഷ്യസൃഷ്ടിപ്പിൽ തന്നെ ദൈവത്തിന്റെ ഈ ഉദ്ദേശം പ്രകടമാണ്. അതിനുള്ള അനിഷേധ്യമായ തെളിവാണ് മനുഷ്യന്റെ ദന്ത നിരകൾ. മനുഷ്യന്റെ ദന്തനിരകളിൽ സസ്യാഹാരികളായ മൃഗങ്ങൾക്ക് ഉള്ള അണപ്പല്ലും അതുപോലെ മാംസാഹാരികളായ മൃഗങ്ങൾക്കുള്ള ഉളിപ്പല്ലും ഉണ്ട്. ഉളിപ്പല്ല് (Incisor), കോമ്പല്ല് (Canine), ചെറിയ അണപ്പല്ല് (Premolar), വലിയ അണപ്പല്ല് (Molar) എന്നിങ്ങനെ മാംസഭുക്കുകളുടെയും സസ്യഭുക്കുകളുടെയും വ്യത്യസ്ത ദന്തങ്ങളടങ്ങിയ മിശ്രഭുക്കിന്റെ 32 സ്ഥിര ദന്തങ്ങളാണ് മനുഷ്യനുള്ളത്. മനുഷ്യന്റെ സൃഷ്ടിഘടനയിൽ തന്നെ ഭക്ഷണവൈവിധ്യങ്ങൾ ആഹരിക്കണം എന്നതിന്റെ ദൈവേഛ പ്രകടമാണ്.

ഇനി മതപരമായും ആരോഗ്യ കാരണത്താലും സസ്യഹാരം മാത്രം കഴിക്കുന്നവർക്ക് അത് ആഹരിക്കാനും അത് പ്രചരിപ്പിക്കാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അത്പോലെ മാംസാഹാരം കഴിക്കുന്നവർക്ക് അതിന്നുള്ള സ്വാതന്ത്ര്യവും നാം നൽകണം. എല്ലാവരുടെയും ഭക്ഷണ ശീലത്തെ ബഹുമാനിക്കാൻ എല്ലാവർക്കും ബാദ്ധ്യതയുണ്ട്. മതം എന്നാൽ ത്യാഗങ്ങളും സഹനവും സഹിഷ്ണുതയും പൊറുക്കലും, ആനഷ്ടങ്ങളിൽ നിന്നും ലഭിക്കുന്ന അനുഭൂതിയാണെന്നു കൂടി നാം അറിയണം. അതെല്ലാമാണ് ഭക്തന്റെ ആത്മീയസമ്പാദ്യങ്ങൾ. വിവിധ മതസ്ഥരുടെ ഭക്ഷണ ശീലത്തോടും മതപരവും സാംസ്ക്കാരികവുമായ വൈവിധ്യങ്ങളോടും ഒരമ്മപെറ്റ മക്കളെപോലെ നൂറ്റാണ്ടുകളായി ഹിന്ദു-മുസ്ലിം-ക്രൈസ്തവർ ഒരുമയോടെ സുഖദുഃഖങ്ങൾ പങ്കുവെച്ച് നാം ഇവിടെ ജീവിക്കുന്നു. കൽപ്പാന്ത കാലം വരെ നമ്മുടെ ഈ ബഹുസ്വര സമൂഹം രമ്യമനോജ്ഞമായി തുടരട്ടെ എന്ന് പ്രാർത്ഥിക്കാം.

**അനുസ്മരണം**

# എ. ബഷീർ അഹ്മദ് സാഹിബ്



കരുനാഗപ്പള്ളി ജമാഅത്ത് അംഗമായിരുന്ന ജനാബ് എ. ബഷീർ അഹ്മദ് സാഹിബ് പാലാഞ്ഞിയിൽ (64 വയസ്സ്) 11/4/21 ന് വഫാത്തായി. ഇന്നാലില്ലാഹി.....

കരുനാഗപ്പള്ളി ജമാഅത്ത് ആദ്യകാല അഹ്മദിയായിരുന്ന മർഹൂം പാലാഞ്ഞിയിൽ അലിയാർ കുഞ്ഞ് സാഹിബിന്റെ മകനും, മുൻ ജില്ലാ അമീർ ശരീഫ് സാഹിബിന്റെ സഹോദരനുമായിരുന്നു.

സെക്രട്ടറിയേറ്റ് ഫിനാൻസ് അഡീഷണൽ സെക്രട്ടറിയായി വിരമിച്ചു. നിലവിൽ ശുചിത്വ മിഷനിൽ ഫിനാൻസ് മാനേജരായിരുന്നു. തിരക്ക് പിടിച്ച ഔദ്യോഗിക ജീവിതത്തിനിടയിലും ജമാഅത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടി സമയം ചെലവഴിക്കാൻ വളരെയധികം താൽപര്യം കാണിച്ചിരുന്നു.

ഭാര്യ: ഐശാബീവി സാഹിബാ. മക്കൾ: ഷാഹിർ അഹ്മദ്, സാബിർ അഹ്മദ്, അദീനാ മർയം. മരുമക്കൾ: ഡോ. ഫൗസിയ, ആഫിയ, റിയാസുദ്ദീൻ.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.




സാഹിത്യത്തിലെ സമഗ്ര സംഭാവനക്കുള്ള കടത്തനാട് ഉദയവർമ്മ പുരസ്ക്കാരം മന്ത്രി മുഹമ്മദ് റിയാസിൽ നിന്നും പ്രൊഫ. മഹ്മൂദ് അഹ്മദ് സ്വീകരിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുൻ പബ്ലിക്കേഷൻ സെക്രട്ടറിയാണ് മഹ്മൂദ് അഹ്മദ് സാഹിബ്.

**പേജ് 31 ൽ നിന്ന് തുടർച്ച**

പേരു കേട്ട മതപഠന കേന്ദ്രങ്ങളിൽ നിന്നും വിദ്യഭ്യാസം പൂർത്തിയാക്കിയ ശേഷം തുടർന്നു മക്കയിലും മദീനയിലും പോയി അക്കാലത്തെ വിശ്വപ്രസിദ്ധരായ അധ്യാപകരിൽ നിന്നും അറബി ഭാഷയും ഖുർആൻ ഹദീസ് ഫിഖ്ഹ് തുടങ്ങിയ വിഷയങ്ങളിൽ ഉപരിപഠനവും പൂർത്തിയാക്കി ആത്മീയമായും ഭൗതികമായും ഉയർന്ന പദവികൾ കരസ്ഥമാക്കിയിട്ടും അദ്ദേഹം അങ്ങേയറ്റം വിനയാന്വിതനായി അല്ലാഹുവിന്റെ മസീഹിനു മുന്നിൽ തന്നെ ഒരു പാഴ് വസ്തുവിനെ പോലെ എറിഞ്ഞിരിക്കുകയാണ്. ഇവിടെ നാം നമ്മളെ കുറിച്ചും ഇടയ്ക്കു ചിന്തിക്കുന്നതു നന്നായിരിക്കും. അദ്ദേഹത്തിന്റെ വിനയ സ്വഭാവത്തിനും അറിവിന്നും സ്ഥാനമാനങ്ങൾക്കും മുന്നിൽ നാം നമ്മെ താരതമ്യം ചെയ്യുമ്പോൾ നമ്മൾ എവിടെയാണു നിൽക്കുന്നത് എന്നു ഒരു നിമിഷമെങ്കിലും നമ്മൾ ചിന്തിക്കണം.അതിനാൽ നമുക്കു ദുആ ചെയ്യാം.

رَبِّ اغْفِرْ وَارْحَمْ وَأَنْتَ خَيْرُ الرَّاحِمِينَ

എന്റെ നാഥാ! നീ പൊറുത്തു തരികയും കരുണ ചെയ്യുകയും ചെയ്യേണമേ. നീ കരുണ ചെയ്യുന്നവരിൽ ഉത്തമനാകുന്നു (ഖുർആൻ 23:19) അല്ലാഹുവേ നീ ഞങ്ങളുടെ പ്രാർഥനകൾ സ്വീകരിക്കുമാറാകേണമേ. (തുടരും)



Published on 07.12.2021
Pages 44
Vol: 93 Issue. 12
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim